വേദപ്രചാര

# മദ്ധ്യസ്ഥൻ

വാല്യം 94 ലക്കം 04 2021 ഒക്ടോബർ



The official organ of the Archeparchy of Changanacherry

## 52-ാം ചരമവാർഷികം



# ദൈവദാസൻ
# മാർ മാത്യു കാവുകാട്ട് പിതാവ്

**ഒക്ടോബർ 9, 2021**



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 94 ● ലക്കം 04 ● ഒക്ടോബർ 2021

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

ഫ്രാൻസിസ് പാപ്പായുടെ സന്ദേശം (ലോകമിഷൻ ഞായർ 2021)...................... 05
ഇടയലേഖനം........................................................................................12
സർക്കുലർ (21 Ch. 260-341)....................................................................18
സർക്കുലർ (21 Ch. 261-342)....................................................................23
പിതാവിന്റെ കത്ത്.................................................................................. 25
കച്ചേരിക്കാര്യം.......................................................................................28
അനുസ്മരണം........................................................................................ 30
പാസ്റ്ററൽ കൗൺസിൽ...............................................................................32
പി.ആർ - ജാഗ്രതാസമിതി........................................................................ 34
മാക് ടി.വി. ...........................................................................................36
സന്ദേശനിലയം......................................................................................38
ചെറുപുഷ്പ മിഷൻലീഗ്........................................................................... 40
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ............................................ 43
ഫാമിലി അപ്പോസ്റ്റലേറ്റ്........................................................................... 47
യുവദീപ്തി - എസ്.എം.വൈ.എം................................................................ 50
കെ.സി.എസ്.എൽ .................................................................................. 52
CARP....................................................................................................53
ചാസ്..................................................................................................... 54
ജീവകാരുണ്യനിധി................................................................................. 60
TAASC.................................................................................................. 61
ദീപിക ഫ്രണ്ട്സ് ക്ലബ്ബ് .............................................................................63
സെന്റ് തോമസ് ഹോസ്പിറ്റൽ....................................................................65
കെ.എൽ.എം. ........................................................................................66
പ്രവാസി അപ്പോസ്തലേറ്റ് ......................................................................... 67
കത്തോലിക്കാ കോൺഗ്രസ്.......................................................................68
ചാരിറ്റി വേൾഡ് ട്രസ്റ്റ് ............................................................................. 70
ദലിത് മഹാജനസഭ................................................................................. 71
ഫ്രാൻസിസ്കൻ അല്മായസഭ.....................................................................73
കരിസ്മാറ്റിക് നവീകരണം........................................................................ 74
വിൻസെൻഷ്യൻ വേദി............................................................................. 75
പൗരോഹിത്യ ആദ്ധ്യാത്മികത................................................................... 77
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി...........................................................83

Annual Subscription: Rs. 300/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3574/KCBC/K-35/OL/DS 18.09.2021

# ലോകമിഷൻ ഞായർ 2021

## ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

*''ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തതിനെ സംബന്ധിച്ച് നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധ്യമല്ല''* (അപ്പ. 4:20).

പ്രിയ സഹോദരീസഹോദരന്മാരേ,

ദൈവത്തിനുള്ള സ്നേഹത്തിന്റെ ശക്തി നാം അനുഭവിക്കുകയും നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ ഒരു പിതാവ് എന്ന നിലയിൽ അവിടത്തെ സാന്നിധ്യം തിരിച്ചറിയുകയും ചെയ്യുമ്പോൾ നമ്മൾ കാണുകയും കേൾക്കുകയും ചെയ്തതിനെപ്പറ്റി പ്രഘോഷിക്കുകയും പങ്കുവയ്ക്കുകയും ചെയ്യാതിരിക്കാൻ നമുക്കു സാധ്യമല്ല. ഈശോയ്ക്ക് അവിടുത്തെ ശിഷ്യരുമായിട്ടുള്ള ബന്ധം, മനുഷ്യാവതാര രഹസ്യത്തിലും അവിടത്തെ സുവിശേഷത്തിലും പെസഹായിലും വെളിപ്പെടുത്തിയ അവിടത്തെ മനുഷ്യത്വം, മനുഷ്യവർഗത്തെ ദൈവം എത്രമാത്രം സ്നേഹിക്കുന്നുവെന്നും നമ്മുടെ സന്തോഷങ്ങളും സഹനങ്ങളും നമ്മുടെ ആഗ്രഹങ്ങളും ഉത്കണ്ഠകളും അവിടന്ന് തന്റേതാക്കുന്നുവെന്നും കാണിച്ചുതരുന്നു (2-ാം വത്തിക്കാൻ കൗൺസിൽ, ഗാവുദിയും ഏത്ത് സ്പെസ്, 22). മിശിഹായിലുള്ള സർവകാര്യങ്ങളും നമ്മെ ഇങ്ങനെ ഓർമ്മിപ്പിക്കുന്നു; നമ്മൾ ജീവിക്കുന്ന ലോകവും വീണ്ടെടുക്കപ്പെടുകയെന്ന അതിന്റെ ആവശ്യവും അവിടത്തേക്ക് അപരിചിതമല്ല. അത് അവിടത്തെ മിഷനിൽ സജീവഭാഗഭാഗിത്വം വഹിക്കാൻ നമ്മെ ക്ഷണിക്കുന്നു: ''നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം ക്ഷണിക്കുക'' (മത്താ 22:9). ആരും അന്യനല്ല. ഒരുവനും അന്യനായിട്ടോ സഹാനുഭൂതിയുടെ ഈ സ്നേഹത്തിൽ നിന്ന് വിദൂരത്തായിട്ടോ തോന്നാനാവുകയില്ല.

### അപ്പസ്തോലന്മാരുടെ അനുഭവം

ഓരോ വ്യക്തിയെയും വിളിക്കുകയും അയാൾ എവിടെയായാലും അയാളുമായി ഒരു സൗഹൃദസംവാദം നടത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കർത്താവിനെ വികാരാവേശത്തോടെ അന്വേഷിച്ചുകൊണ്ടാണ് സുവിശേഷവത്കരണത്തിന്റെ ചരിത്രം തുടങ്ങുന്നത് (cf. യോഹ 15:12-17). അപ്പസ്തോലന്മാരാണ് ഇക്കാര്യം ആദ്യമായി നമ്മോടു പറയുന്നത്. അവർ അവിടത്തെ സമീപിച്ച ദിവസവും

സമയവും പോലും ഓർമ്മിച്ചുകൊണ്ട് അവർ അങ്ങനെ ചെയ്യുന്നു. ''അപ്പോൾ ഉച്ചകഴിഞ്ഞ് ഏകദേശം പത്താം മണിക്കൂർ ആയിരുന്നു'' (യോഹ 1, 39). രോഗികളെ ശുശ്രൂഷിക്കുകയും പാപികളോടുകൂടി ഭക്ഷിക്കുകയും ദരിദ്രരെ തീറ്റിപ്പോറ്റുകയും ഭ്രഷ്ടരാക്കപ്പെട്ടവരെ സമീപിക്കുകയും അശുദ്ധിയുള്ളവരെ സ്പർശിക്കുകയും ആവശ്യത്തിൽപ്പെട്ടവരുമായി സ്വയം താദാത്മ്യപ്പെടുത്തുകയും, സൗഭാഗ്യങ്ങളിലേക്കു ക്ഷണിക്കുകയും പുതിയ രീതിയിലും പൂർണമായ അധികാരത്തോടുകൂടിയും പഠിപ്പിക്കുകയും ചെയ്ത കർത്താവുമായുള്ള സൗഹൃദബന്ധം മായ്ക്കാനാവാത്ത മുദ്ര പതിപ്പിക്കുന്നു. അതാകട്ടെ, അളവറ്റ വിസ്മയത്തെയും വ്യാപകവും സ്വതന്ത്രവുമായ സന്തോഷത്തെയും ഉദ്ദീപിപ്പിക്കാൻ കഴിവുള്ളതാണ്. ജറമിയാ പ്രവാചകൻ പറഞ്ഞതുപോലെ ഈ അനുഭവം നമ്മെ മിഷനിലേക്കു തള്ളിവിടുന്നതും നമ്മുടെ ഹൃദയത്തിലുള്ളതുമായ അവിടുത്തെ സജീവ സാന്നിധ്യത്തിന്റെ ജ്വലിക്കുന്ന അഗ്നിയാണ്, അത് ചിലപ്പോൾ ത്യാഗങ്ങൾ ആവശ്യപ്പെടുന്നതും തെറ്റിധാരണകൾക്ക് ഇടയാക്കുന്നതുമാണെങ്കിലും (cf. യോഹ 20:7–9). സ്നേഹം എപ്പോഴും ചലിച്ചുകൊണ്ടിരിക്കുന്നു; ഏറ്റവും സുന്ദരവും പ്രത്യാശാപൂർണവുമായ പ്രഘോഷണത്തിലേക്കു നീങ്ങാൻ നമ്മെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ''ഞങ്ങൾ മിശിഹായെ കണ്ടു'' (യോഹ 1:41) എന്നതാണ് ആ പ്രഘോഷണം.

ഈശോയോടുകൂടി വ്യത്യസ്തങ്ങളായ കാര്യങ്ങളെ നാം കാണുകയും കേൾക്കുകയും തൊടുകയും ചെയ്തു. അവിടന്ന് ഭാവികാലങ്ങളെ ഇന്ന് ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. നമ്മുടെ മനുഷ്യപ്രകൃതിയുടെ സത്താപരമായ ഒരു സവിശേഷതയെ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടാണ് അങ്ങനെ ചെയ്തത്. അതാകട്ടെ പലപ്പോഴും വിസ്മരിക്കപ്പെട്ടതാണ്: ''സ്നേഹത്തിൽ മാത്രം നേടാൻ കഴിയുന്ന പൂർണതയ്ക്കുവേണ്ടിയാണ് നമ്മൾ സൃഷ്ടിക്കപ്പെട്ടത്'' (ചാക്രികലേഖനം, എല്ലാവരും സഹോദരങ്ങൾ, 68). പ്രാരംഭങ്ങൾക്ക് പ്രചോദനം നല്കാനും സമൂഹങ്ങളെ രൂപപ്പെടുത്താനും കഴിവുള്ള ഒരു വിശ്വാസത്തെ പ്രചോദിപ്പിക്കുന്ന പുതിയകാലം സ്വന്തം ദൗർബല്യത്തെയും മറ്റുള്ളവരെയും കൈകാര്യം ചെയ്യാൻ പഠിക്കുന്ന സ്ത്രീപുരുഷന്മാരെക്കൊണ്ടാണ് തുടങ്ങുന്നത്. അവർ സാഹോദര്യവും സാമൂഹിക സൗഹൃദവും വളർത്തുന്നവരാണ് (cf. ibid. 67). ആദ്യം കർത്താവു നമ്മെ സ്നേഹിച്ചുവെന്നു നന്ദിയോടെ ഓർമ്മിക്കുന്ന ഓരോ സമയത്തും സഭാത്മക സമൂഹം അതിന്റെ സൗന്ദര്യം പ്രദർശിപ്പിക്കുന്നു (cf. 1 യോഹ 4:19). ''കർത്താവിന്റെ സ്നേഹപൂർണമായ പ്രത്യേക താത്പര്യം നമ്മെ വിസ്മയിപ്പിക്കുന്നു. അതു സ്വന്തമാക്കാനോ അടിച്ചേല്പിക്കാനോ നമുക്കു സാധ്യമല്ല...ഈ രീതിയിൽ മാത്രമേ ഔദാര്യത്തിന്റെ സ്വതന്ത്രമായ ആത്മദാനത്തിന്റെ അദ്ഭുതകൃത്യം

വർധിക്കുകയുള്ളൂ. മിഷണറി തീക്ഷ്ണതപോലും ചിന്തിക്കലിന്റെയും കണക്കുകൂട്ടലിന്റെയും ഫലമായി ഒരിക്കലും നേടാനാവുകയില്ല. പരസ്പരം ''മിഷന്റെ അവസ്ഥയിൽ'' പ്രതിഷ്ഠിക്കുകയെന്നത് കൃതജ്ഞതയുടെ ഒരു വിചിന്തനമാണ്'' (പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾക്കുള്ള സന്ദേശം, 21 മേയ് 2020).

എന്നിരുന്നാലും കാലനിർണയം എളുപ്പമായിരുന്നില്ല. ആദിമ ക്രൈസ്തവർ തങ്ങളുടെ വിശ്വാസജീവിതം ശത്രുതയുള്ളതും കഠിനവുമായ സാഹചര്യത്തിലാണ് തുടങ്ങിയത്. അരികുകളിലാക്കലിന്റെയും തടവിലാക്കലിന്റെയും കഥകൾ ആന്തരികവും ബാഹ്യവുമായ എതിർപ്പുമായി കൂട്ടിച്ചേർത്തിരുന്നു. അവ കാണുകയും കേൾക്കുകയും ചെയ്തതിനു അത് എതിരായി തോന്നി, നിഷേധിക്കലായിട്ടുപോലും തോന്നി. എന്നാൽ ഇത് പിന്നോട്ടു മാറാനോ അടച്ചുപൂട്ടിയിരിക്കാനോ പ്രേരിപ്പിക്കുന്ന പ്രയാസമോ തടസ്സമോ ആയിത്തീർന്നില്ല. പകരം, ഓരോ അസൗകര്യത്തെയും എതിർപ്പിനെയും പ്രയാസത്തെയും മിഷനുവേണ്ടിയുള്ള അവസരമാക്കി. പരിധികളും തടസ്സങ്ങളും കർത്താവിന്റെ പരിശുദ്ധാത്മാവിനെക്കൊണ്ട് എല്ലാറ്റിനെയും എല്ലാവരെയും മയപ്പെടുത്താനുള്ള അനുയോജ്യമായ അവസരങ്ങളായിത്തീർന്നു. വിമോചനം നല്കുന്ന പ്രഘോഷണത്തോട് ബന്ധപ്പെടാതെ നിലകൊള്ളാൻ യാതൊന്നിനും, ഒരു വ്യക്തിക്കും, സാധിച്ചില്ല.

അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ ഇതിന്റെയെല്ലാം സജീവസാക്ഷ്യമുണ്ട്. മിഷണറിമാരായ ശിഷ്യന്മാർ എപ്പോഴും കൈയിൽ വച്ചുകൊണ്ടു നടക്കുന്ന ഒരു ഗ്രന്ഥമാണത്. സുവിശേഷത്തിന്റെ സുഗന്ധം അതു കടന്നുപോകുന്നിടത്ത്, പരിശുദ്ധാത്മാവിനു മാത്രം തരാൻ കഴിയുന്ന സന്തോഷത്തെ പ്രചോദിപ്പിച്ചുകൊണ്ട് എങ്ങനെ വ്യാപിച്ചുവെന്നും പറയുന്ന ഗ്രന്ഥമാണത്. അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകം മിശിഹായോടു ഒട്ടിച്ചേർന്നുകൊണ്ട് പരീക്ഷകളിൽ ജീവിക്കാൻ നമ്മെ പഠിപ്പിക്കുന്നു. ''ഏതു സാഹചര്യത്തിലും, പരാജയങ്ങൾ എന്നു തോന്നിക്കുന്നവയുടെ മധ്യത്തിൽപോലും, ദൈവത്തിനു പ്രവർത്തിക്കാൻ കഴിയുമെന്ന അവബോധം പക്വത പ്രാപിക്കാൻ സഹായിക്കുന്നു. സ്നേഹത്തിനുവേണ്ടി സ്വയം സമർപ്പിക്കുകയും നല്കുകയും ചെയ്യുന്നവർ തീർച്ചയായും ഫലപൂർണരായിരിക്കും'' എന്ന് ഉറപ്പുണ്ട് (cf. യോഹ 15:5) (ആഹ്വാനം സുവിശേഷത്തിന്റെ സന്തോഷം, 279).

നമ്മൾ അങ്ങനെയാണ്: ഇപ്പോഴത്തെ ചരിത്രപരമായ നിമിഷം പോലും എളുപ്പമുള്ളതല്ല. സർവവ്യാപകമായ സാംക്രമിക രോഗത്തിന്റെ അവസ്ഥ അനേകം ജനതകൾ പണ്ടേ സഹിച്ചുകൊണ്ടിരുന്ന

വേദനയെയും ഏകാന്തതയെയും ദാരിദ്ര്യത്തെയും അനീതികളെയും ഉയർത്തിക്കാണിക്കുകയും വർധിപ്പിക്കുകയും ചെയ്തു. നമ്മുടെ മിഥ്യ യായ സുരക്ഷിതത്വത്തെയും ഛിന്നഭിന്നമാക്കപ്പെടലിനെയും നമ്മെ നിശ്ശബ്ദതയോടെ വലിച്ചുകീറുന്ന ധ്രുവീകരണത്തെയും വെളിവാക്കു കയും ചെയ്തു. ഏറ്റവും ദുർബലരും മുറിവേല്ക്കപ്പെടാവുന്നവരും അവരുടെ ഭംഗുരതയും മുറിവേൽക്കപ്പെടാവുന്ന അവസ്ഥയും കൂടു തലായി അനുഭവിച്ചു. നമ്മൾ അധൈര്യപ്പെടലും താഴ്ത്തപ്പെടലും ക്ഷീണവും അനുഭവിച്ചു. പ്രത്യാശയെ എടുത്തുകളയുന്ന സമാന മായ കയ്പുപോലും നമ്മുടെ കണ്ണുകളെ മൂടി. എന്നാലും ഞങ്ങൾ ഉദ്ഘോഷിക്കുന്നത് ''ഞങ്ങളെക്കുറിച്ചല്ല പ്രത്യുത, ഈശോമിശി ഹായെ കർത്താവായും ഈശോയ്ക്കുവേണ്ടി ഞങ്ങളെ നിങ്ങളുടെ ദാസന്മാരായും ആണ്'' (2 കോറി 4:5). ഇതുകൊണ്ടാണ് ''അവൻ ഇവി ടെയില്ല, അവൻ ഉത്ഥാനം ചെയ്തു'' (ലൂക്കാ 24:6) എന്നു നമ്മോടു പറഞ്ഞുകൊണ്ട് ജീവന്റെ വചനം നമ്മുടെ സമൂഹങ്ങളിലും കുടും ബങ്ങളിലും വീണ്ടും മുഴങ്ങുന്നതായും നമ്മുടെ ഹൃദയങ്ങളിൽ പ്ര തിധ്വനിക്കുന്നതായും നാം കേൾക്കുന്നത്. എല്ലാ നിയതിവാദത്തെയും തകർക്കുന്ന പ്രത്യാശയുടെ വചനമാണത്. സ്പർശിക്കപ്പെടാൻ സ്വയം അനുവദിക്കുന്നവർക്ക് ഉറച്ചു നിന്ന് സജീവമായ സഹാനുഭൂതിയുടെ സാധ്യമായ സകല മാർഗങ്ങളും സർഗാത്മകമായി അന്വേഷിക്കാൻ അത്യാവശ്യമായ സ്വാതന്ത്ര്യവും ധീരതയും അതു നല്കുന്നു. ആരെയും വഴിയരുകിൽ ഉപേക്ഷിക്കാത്ത, ദൈവത്തിന്റെ നമ്മോടുള്ള സാമിപ്യത്തിന്റെ 'കൗദാശികത' ആണത്.

സാംക്രമിക രോഗത്തിന്റെ ഇക്കാലത്ത് ആരോഗ്യകരമായ സാമൂ ഹിക അകലത്തിന്റെ പേരിൽ ഉദാസീനതയെയും വികാരശൂന്യ തയെയും പൊതിഞ്ഞുപിടിക്കാനും നീതിമത്കരിക്കാനുമുള്ള പ്ര ലോഭനം നേരിടുന്നു. അതുകൊണ്ട്, അത്യാവശ്യമായ അകല്ചയെ കണ്ടുമുട്ടാനും ശുശ്രൂഷിക്കാനും വളർത്താനുമുള്ള ഒരു സ്ഥാനമാക്കി ത്തീർക്കുകയെന്നത് അടിയന്തരാവശ്യമാണ്. ''ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത്'' (അപ്പ 4:20) നമ്മോടു പുലർത്തപ്പെട്ട കാരുണ്യമാണ്. ''സമയവും സമർപ്പണവും വിഭവങ്ങളും നല്കി പരി പോഷിപ്പിക്കേണ്ട ഐക്യദാർഢ്യവും യോജിപ്പും ഉള്ള ഒരു സമൂഹം'' (ചാക്രികലേഖനം എല്ലാവരും സഹോദരങ്ങൾ, 36) സൃഷ്ടിക്കാൻ ആവശ്യമായ സംഘാതാവേശം വീണ്ടെടുക്കാൻ നമ്മെ അനുവദി ക്കുന്ന ഒരു പരാമർശകേന്ദ്രവും വിശ്വസനീയതയുടെ മാനദണ്ഡവു മായി പരിണമിച്ചിരിക്കുന്നതാണ് ആ കാരുണ്യം.

നമ്മെ അനുദിനം വീണ്ടെടുക്കുന്നതും ''എല്ലാം അങ്ങനെ തന്നെ; ഒന്നും മാറാൻ പോകുന്നില്ല'' എന്നു പറയുന്ന ഭീരുത്വം നിറഞ്ഞ

സംശയവാദത്തിൽ നമ്മെ അടച്ചിടുന്ന ഒഴികഴിവുകളിൽ നിന്ന് നമ്മെ രക്ഷിക്കുന്നതും അവിടത്തെ വചനമാണ്. ഒരു ചോദ്യം നാം നേരിടുന്നുണ്ട്: സുപ്രധാനമായ അനന്തര ഫലമൊന്നും കാണാൻ കഴിയുന്നില്ലെങ്കിൽ എന്റെ സുരക്ഷിതത്വവും, ആശ്വാസവും സുഖങ്ങളും ഞാൻ എന്തിന് ഉപേക്ഷിക്കണം? എന്നതാണ് ആ ചോദ്യം. അതിനുള്ള ഉത്തരം എപ്പോഴും ഒന്നുതന്നെ.‘‘ഈശോമിശിഹാ പാപത്തെയും മരണത്തെയും കീഴടക്കി, അവിടന്നു ശക്തിപൂർണനാണ്’’ അവിടന്ന് സത്യമായും ജീവിക്കുന്നു (cf. സുവിശേഷത്തിന്റെ സന്തോഷം, 275). സജീവരായി സാഹോദര്യത്തോടെ ഈ പ്രത്യാശ സൂക്ഷിക്കാനും പങ്കുവയ്ക്കാനും ഇത് നമ്മോട് ആവശ്യപ്പെടുന്നു. ഇന്നത്തെ സാഹചര്യത്തിൽ, ഒരുവനും കർത്താവിനാൽ തന്നെത്തന്നെ രക്ഷിക്കുന്നില്ലെന്ന് പ്രവചനപരമായി ഓർമ്മിക്കാൻ കഴിവുള്ള, കർത്താവിനാൽ അഭിഷിക്തരായ പ്രത്യാശയുടെ മിഷണറിമാരുടെ അടിയന്തരമായ ആവശ്യമുണ്ട്.

അപ്പസ്തോലന്മാരെയും ആദിമ ക്രിസ്താനികളെയും പോലെ നമ്മളും നമ്മുടെ സർവശക്തിയോടുംകൂടി പറയുന്നു: ‘‘ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തവയെപ്പറ്റി നിശ്ശബ്ദരായിരിക്കാൻ ഞങ്ങൾക്കു സാധിക്കുകയില്ല’’ (അപ്പ 4:20). നാം സ്വീകരിച്ചിട്ടുള്ളതെല്ലാം കർത്താവ് ക്രമേണ നമ്മുടെമേൽ വർഷിച്ചിട്ടുള്ളതാണ്. നാം അവ സൂക്ഷിച്ചുവയ്ക്കുകയും വിലവാങ്ങാതെ മറ്റുള്ളവർക്കു നല്കുകയും ചെയ്യുന്നു. ഈശോ നല്കുന്ന രക്ഷയെ കാണുകയും ശ്രദ്ധിച്ചുകേൾക്കുകയും സ്പർശിക്കുകയും ചെയ്ത അപ്പസ്തോലന്മാരെപ്പോലെ (cf. 1 യോഹ 1:1-4) ഇന്ന് നമുക്ക് അനുദിനജീവിതത്തിന്റെ ചരിത്രത്തിൽ മിശിഹായുടെ സഹനത്തെയും മഹത്ത്വപൂർണമായ ശരീരത്തെയും സ്പർശിക്കാൻ കഴിയും. ഓരോ വ്യക്തിക്കും പ്രത്യാശയും എങ്ങനെ കർത്താവിന്റെ കൂടെ ആയിരിക്കണമെന്ന് അറിയുന്നതിൽ നിന്ന് ഉയരുന്ന സംശയരഹിതമായ വിവരവും പങ്കുവച്ചുകൊടുക്കാനുള്ള ധീരതയും കണ്ടെത്താൻ കഴിയും. ക്രിസ്ത്യാനികളെന്ന നിലയിൽ നമുക്കു മാത്രമായി കർത്താവിനെ സൂക്ഷിക്കാൻ സാധ്യമല്ല. ലോകത്തെ രൂപാന്തരപ്പെടുത്തലിലും സൃഷ്ടിയുടെ സംരക്ഷിക്കലിലും സഭയുടെ സുവിശേഷവത്കരണ മിഷൻ അതിന്റെ സമഗ്രവും പരസ്യവുമായ മൂല്യത്തെ പ്രകാശിപ്പിക്കുന്നു.

## നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണം

ഈ വർഷത്തെ ലോകമിഷൻദിനത്തിന്റെ പ്രമേയം ’’ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെക്കുറിച്ച് സംസാരിക്കാതിരിക്കാൻ ഞങ്ങൾക്ക് സാധ്യമല്ല’’ (അപ്പ 4:20). ഇത് നമ്മിൽ ഓരോരുത്തർക്കുമുള്ള ക്ഷണമാണ് - നമ്മൾ ഹൃദയത്തിൽ വഹിക്കു

ന്നതെന്തോ അതിന്റെ ''ഉത്തരവാദിത്വം വഹിക്കാനും'' അത് സുപ്രസിദ്ധമാക്കാനുമുള്ള ക്ഷണമാണ്. ഈ ദൗത്യം എന്നും സഭയുടെ തനിമയാണ്. എന്നും അങ്ങനെയായിരുന്നുതാനും. ''അത് സുവിശേഷവത്കരിക്കാൻ വേണ്ടി നിലനില്ക്കുന്നു'' (വിശുദ്ധ പോൾ 6-ാമൻ. ആഹ്വാനം, പ്രഘോഷിക്കപ്പെടേണ്ട സുവിശേഷം, 14). നമ്മുടെ വിശ്വാസജീവിതം വ്യക്തിപരമായ ഏകാന്തതയിൽ കഴിയുന്നതുകൊണ്ടോ ചെറിയ ഗ്രൂപ്പുകളിൽ അടച്ചുപൂട്ടിക്കഴിയുന്നതുകൊണ്ടോ ദുർബലമാകുന്നു. പ്രവാചകത്വവും വിസ്മയിക്കാനും കൃതജ്ഞത പ്രകാശിപ്പിക്കാനുമുള്ള ശക്തിയും നഷ്ടപ്പെടുകയും ചെയ്യുന്നു. ഓരോ വ്യക്തിയിലേക്കും എത്തിച്ചേരുകയും ആശ്ലേഷിക്കുകയും ചെയ്യാൻ കഴിവുള്ള വർധമാനമായ തുറവി അത് അതിന്റെ ചലനശക്തികൊണ്ടുതന്നെ ആവശ്യപ്പെടുന്നുണ്ട്.

ആദിമ ക്രിസ്ത്യാനികൾ വിശിഷ്ടജനങ്ങൾക്കിടയിൽ അടച്ചുപൂട്ടിക്കഴിയാനുള്ള പ്രലോഭനത്തിനു കീഴടങ്ങിയില്ല. അവർ കർത്താവിലേക്കും അവിടന്നു നല്കുന്ന പുതിയ ജീവിതത്തിലേക്കും ആകർഷിക്കപ്പെട്ടു. ജനങ്ങളുടെയിടയിലേക്കു പോകാനും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത ''ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു'' എന്ന യാഥാർത്ഥ്യത്തിന് സാക്ഷ്യം വഹിക്കാനും വേണ്ടിയാണ് ആ പുതുജീവിതം. തങ്ങളുടെ സമർപ്പണത്തിന്റെയും ത്യാഗത്തിന്റെയും ഫലം അപരർ ഭക്ഷിക്കുമെന്ന് അറിഞ്ഞുകൊണ്ട് വിതയ്ക്കുന്നവരെപ്പോലെ, ഔദാര്യത്തോടും കൃതജ്ഞതയോടും കുലീനതയോടും കൂടിയാണ് അവർ ഇതു ചെയ്തത്. അതുകൊണ്ട് ഇങ്ങനെ ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു: ''ഏറ്റവും ദുർബലരും ഏറ്റവും പരിമിതിയുള്ളവരും മുറിവേറ്റവരുമായവർക്കുപോലും തങ്ങളുടെ രീതിയിൽ (മിഷണറിമാർ) ആയിരിക്കാൻ സാധിക്കും. എന്തെന്നാൽ നന്മ പങ്കുവയ്ക്കപ്പെടാൻ നാം എപ്പോഴും അനുവദിക്കണം, അതിനോടൊപ്പം അനേകം ദൗർബല്യങ്ങളുണ്ടെങ്കിലും'' (അപ്പസ്തോലിക ആഹ്വാനം, മിശിഹാ ജീവിക്കുന്നു, 239).

ഓരോവർഷവും ഒക്ടോബർ മാസത്തിലെ അവസാനത്തേതിന്റെ തൊട്ടുമുമ്പുള്ള ഞായറാഴ്ച ലോകമിഷൻ ദിനം ആഘോഷിക്കുന്നു. സുവിശേഷത്തിന്റെ ഉദാരതയും സന്തോഷവുമുള്ള അപ്പസ്തോലന്മാരായിരിക്കാനുള്ള നമ്മുടെ മാമ്മോദീസാപരമായ സമർപ്പണത്തെ നവീകരിക്കാൻ സ്വന്തം ജീവിതസാക്ഷ്യംകൊണ്ട് സഹായിക്കുന്ന എല്ലാ ആളുകളെയും അത് കൃതജ്ഞതയോടെ ഓർമ്മിക്കുന്നു. അനുഗ്രഹത്തിനുവേണ്ടി ഏറെ മനുഷ്യർ ദാഹിക്കുന്ന ജനതകളുടെ കോണുകളിലേക്കും നഗരങ്ങളിലേക്കും താമസവും ഭയവും കൂടാതെ സുവിശേഷം എത്തിച്ചേരാൻവേണ്ടി ജന്മനാടും കുടുംബവും ഉപേ

ക്ഷിച്ച് യാത്ര ചെയ്യാൻ കഴിഞ്ഞവരെ നമുക്കു സവിശേഷമായി ഓർമ്മിക്കാം.

അവരുടെ മിഷണറി സാക്ഷ്യത്തെപ്പറ്റിയുള്ള ധ്യാനം ധീരതയുള്ളവരായിരിക്കാനും ''കൊയ്ത്തിനു വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട്'' (ലൂക്കാ 10:2) നിർബന്ധ ബുദ്ധിയോടെ പ്രാർത്ഥിക്കാനും നമ്മെ പ്രചോദിപ്പിക്കുന്നു. മിഷനിലേക്കുള്ള ദൈവവിളി ഭൂതകാലത്തെ ഒരു കാര്യമോ മറ്റുകാലങ്ങളിലെ റൊമാന്റിക് സ്മരണയോ അല്ലെന്ന് നമുക്ക് അറിവുണ്ട്. ലോകത്തിന്റെ അതിരുകളിലേക്കുപോകാനും സഹാനുഭൂതിയുടെ സന്ദേശവാഹകരും ഉപകരണങ്ങളും ആയിത്തീരാനും കഴിയുന്ന വിധത്തിൽ ദൈവവിളി യഥാർത്ഥ പ്രണയ കഥപോലെ ജീവിക്കാൻ കഴിവുള്ള ഹൃദയങ്ങളെ ഈശോയ്ക്കു ഇന്ന് ആവശ്യമുണ്ട്. അവിടന്ന് ഈ വിളി എല്ലാവരോടും നടത്തുന്നുണ്ട്- ഒരേ വിധത്തിലല്ലെങ്കിലും. നമ്മുടെയടുത്ത്, നഗരകേന്ദ്രത്തിൽ അല്ലെങ്കിൽ നിങ്ങളുടെ കുടുംബത്തിൽ, പ്രാന്തപ്രദേശങ്ങളുണ്ടെന്ന കാര്യം ഓർമ്മിക്കണം. സ്നേഹത്തിന് സാർവത്രിക തുറവിയുടെ ഒരു വശംകൂടിയുണ്ട്. അത് ഭൂമിശാസ്ത്രപരമല്ല, പിന്നെയോ അസ്തിത്വ പരമാണ്. എല്ലായ്പ്പോഴും, പ്രത്യേകിച്ച് സാംക്രമികരോഗത്തിന്റെ ഇക്കാലത്ത് നമ്മുടെ വലയത്തെ വിപുലീകരിക്കാൻ അനുദിന കഴിവ് വർധിപ്പിക്കുക എന്നത് സുപ്രധാനമാണ്. നമ്മുടെ അടുത്തുള്ളവരാണെങ്കിലും ''എന്റെ താത്പര്യങ്ങളുടെ ലോകത്തിന്റെ'' ഭാഗമാണെന്ന് സ്വാഭാവികമായി തോന്നാത്തവരിലേക്ക് എത്തിച്ചേരാനാണത് (cf. ചാക്രികലേഖനം, എല്ലാവരും സഹോദരർ, 97). മിഷൻ ജീവിക്കുകയെന്നത് ഈശോമിശിഹായിലുള്ള അതേ വികാരം വളർത്താൻ പരിശ്രമിക്കുകയും എന്റെ അടുത്തുള്ളവർ എന്റെ സഹോദരനും സഹോദരിയും ആണെന്ന് അവിടത്തെപ്പോലെ വിശ്വസിക്കുകയും ചെയ്യുകയെന്നതാണ്. നമ്മുടെ ഹൃദയങ്ങളെ അവിടത്തെ സഹതാപത്തിന്റെ സ്നേഹം ഉണർത്തുകയും നമ്മെ എല്ലാവരെയും മിഷനറി ശിഷ്യന്മാർ ആക്കുകയും ചെയ്യട്ടെ!

ആദ്യത്തെ മിഷ്യനറി ശിഷ്യയായ കന്യകാമറിയം മാമ്മോദീസാ മുങ്ങിയ എല്ലാവരിലും, നമ്മുടെ പ്രദേശങ്ങളിലെ ഉപ്പും പ്രകാശവുമായിരിക്കാനുള്ള ആഗ്രഹം വളർത്തട്ടെ (cf. മത്താ 5:13-14).

**ഫ്രാൻസിസ് പാപ്പാ**

റോം, വി.ജോൺ ലാറ്ററൻ, 6 ജനുവരി 2021
കർത്താവിന്റെ എപ്പിഫനിത്തിരുനാൾ

21. PL. 36-340

# ഇടയലേഖനം

**കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ**
**ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ**
**ജോസഫ് പെരുന്തോട്ടം**
**തന്റെ അതിരൂപതയിലെ വൈദികർക്കും**
**സമർപ്പിത സമൂഹങ്ങൾക്കും**
**ദൈവജനം മുഴുവനുമായി എഴുതുന്നത്**

## ഏലിയാ-സ്ലീവാ-മൂശേകാലം

ഈശോമിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

സഭ തീർത്ഥാടകയാണ്. ദൈവത്തിന്റെ രക്ഷാകരപ്രവൃത്തികളെ വിശ്വാസരഹസ്യങ്ങളായി ധ്യാനിച്ച്, ജീവിച്ച് പ്രഘോഷിച്ചുകൊണ്ടുള്ള തീർത്ഥാടനം. സഭയുടെ ദൈവരാജ്യപ്രഘോഷണമാണത്. ഈ തീർത്ഥാടനത്തിന്റെ ചിത്രമാണ് സഭയുടെ ആരാധനാവത്സരം. ഈ ലോകത്തിൽ സഭയുടെ തീർത്ഥാടനത്തിന്റെ അന്ത്യഘട്ടത്തെയാണ് ഏലിയാ-സ്ലീവാ-മൂശേക്കാലം ആഘോഷവിഷയമാക്കുന്നത്.

### വിശ്വാസരഹസ്യങ്ങളുടെ ആഘോഷം

കത്തോലിക്കാസഭ നിത്യസത്യങ്ങളായി വിശ്വസിച്ചേറ്റുപറയുന്ന വിശ്വാസരഹസ്യങ്ങളുടെ സംക്ഷിപ്തരൂപമാണ് പരിശുദ്ധ കുർബാനയിൽ നമ്മൾ ഏറ്റുചൊല്ലുന്ന വിശ്വാസപ്രമാണം. എഡി 325- ലും 381-ലുമായി നടത്തപ്പെട്ട സഭയിലെ ആദ്യത്തെ രണ്ട് സാർവത്രികസൂനഹദോസുകളാണ് ഈ വിശ്വാസപ്രമാണം കൃത്യമായി നിർണയിച്ചു നൽകിയിരിക്കുന്നത്. രണ്ടു സൂനഹദോസുകളുടെയും പേരുകൾ ചേർത്ത് 'നിഖ്യാ-കോസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം' എന്ന് ഇത് അറിയപ്പെടുന്നു. ഇതിലെ ഒരു വിശ്വാസരഹസ്യം ഇപ്രകാരമാണ്: **"മരിച്ചവരെയും ജീവിക്കുവരെയും വിധിക്കാൻ മഹത്വത്തോടെ**

**അവൻ വീണ്ടും വരുവാനിരിക്കുന്നു.''** ഇതാണ് ഏലിയാ-സ്ലീവാ-മൂശേക്കാലത്ത് സഭ ആഘോഷിക്കുന്ന മുഖ്യരക്ഷാകരരഹസ്യം.

സഭയുടെ എല്ലാ വിശ്വാസരഹസ്യങ്ങളുടെയും അടിസ്ഥാനം വിശുദ്ധ ലിഖിതങ്ങളിലും സഭയുടെ വിശുദ്ധ പാരമ്പര്യങ്ങളിലും സംരക്ഷിക്കപ്പെട്ടിരിക്കുന്ന ദൈവികവെളിപാടാണ്. ഉയർപ്പിനുശേഷം നാൽപതാം ദിവസം സ്വർഗ്ഗാരോഹണം ചെയ്ത നമ്മുടെ കർത്താവിന്റെ പ്രത്യാഗമനത്തെക്കുറിച്ച് ശ്ലീഹന്മാരുടെ നടപടിപുസ്തകത്തിൽ ഇപ്രകാരം വിവരിക്കുന്നു:

*അവർ നോക്കിനിൽക്കേ അവൻ മുകളിലേക്ക് ഉയർന്നു. ഒരു മേഘം അവനെ സ്വീകരിച്ചു; അവരുടെ കണ്ണുകളിൽനിന്ന് അവൻ മറയ്ക്കപ്പെടുകയും ചെയ്തു. അവൻ അവരെ വിട്ടുപോകുമ്പോൾ അവർ ആകാശത്തിലേക്കു ഉറ്റുനോക്കിനിന്നു. അപ്പോൾ വെള്ളവസ്ത്രം ധരിച്ചരണ്ടുപുരുഷന്മാർഅവരുടെഅടുക്കൽനിൽക്കുന്നതായികണ്ടു. അവർ പറഞ്ഞു: ''അല്ലയോ, ഗ്ലീലായരേ നിങ്ങൾ എന്തിന് ആകാശത്തേക്കു നോക്കിനിൽക്കുന്നു? നിങ്ങളിൽനിന്ന് ആകാശത്തിലേക്ക് ആരോഹണം ചെയ്ത ഈശോ സ്വർഗത്തിലേക്ക് കയറിപ്പോകുന്നത് നിങ്ങൾ കണ്ടതുപോലെതന്നെ വരും'' (ശ്ലീഹ. നട.1:9-11).*

## തീർത്ഥാടന ലക്ഷ്യം

യോഹന്നാന്റെ സുവിശേഷത്തിലും ഈശോയുടെ പ്രത്യാഗമനത്തെക്കുറിച്ചുള്ള പരാമർശമുണ്ട്. ഈശോ ശിഷ്യന്മാരോട് പറഞ്ഞു:

*എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നുവെങ്കിൽ നിങ്ങളോട് ഞാൻ പറയുമായിരുന്നു. നിങ്ങൾക്ക് സ്ഥലമൊരുക്കാനാണല്ലോ ഞാൻ പോകുന്നത്. ഞാൻ പോയി നിങ്ങൾക്കു സ്ഥലമൊരുക്കിയശേഷം ഞാനായിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടുംവന്ന് എന്റെ പക്കലേക്ക് നിങ്ങളെ കൂട്ടിക്കൊണ്ടുപോകും. (യോഹ.14: 2-3).*

സഭയുടെ തീർത്ഥാടനം എങ്ങോട്ടെന്നും നാമോരോരുത്തരുടെയും പരമമായ ജീവിതലക്ഷ്യം എന്താണെന്നുമുള്ള ഈശോയുടെ വെളിപ്പെടുത്തലാണ് ഈ വചനങ്ങൾ. ദൈവപിതാവിന്റെ സ്വർഗ്ഗീയഭവനം തന്നെയാണ് നമ്മുടെയും നിത്യവസതി. പാപംമൂലം നമുക്കു നഷ്ടപ്പെട്ട ഈ ഭവനം നമുക്കായി വീണ്ടെടുത്ത ഈശോതന്നെയാണ് ഈ ഭവനത്തിൽ എത്തിച്ചേരാനുള്ള നമ്മുടെ മാർഗ്ഗം. ''ഞാനാണ് വഴിയും സത്യവും ജീവനും; എന്നിലൂടെയല്ലാതെ ആരും എന്റെ പിതാവിന്റെ അടുക്കലേക്ക് വരുന്നില്ല'' (യോഹ.14:6) എന്നുള്ള ഈശോയുടെ വാക്കുകൾ വ്യക്തമാക്കുന്നത്, നമ്മുടെ യഥാർത്ഥ ജീവിതയാത്ര ഈശോയിലും ഈശോയോടൊപ്പവുമാണെന്നാണ്. ഈശോ നമ്മോടൊപ്പമുണ്ടെന്നും ഈശോതന്നെയാണ് നമുക്കായി സ്വർഗ്ഗത്തിൽ ഇരിപ്പിടങ്ങൾ തയ്യാറാക്കുന്നതെന്നുമുള്ള ചിന്ത എത്രയോ ആശ്വാസകരവും ശക്തിപകരുന്നതുമാണ്. അതുകൊണ്ടാണ് ഈശോ പറയുന്നത്, ''നിങ്ങളുടെ ഹൃദയം കലങ്ങേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ എന്നിലും വിശ്വസി

ക്കുവിൻ'' (യോഹ.14:1) എന്ന്. നമുക്ക്ഈശോയിലുള്ള ദൃഢവും അചഞ്ചലവുമായ വിശ്വാസത്തിന്റെ ആവശ്യകതയും ഈ വചനങ്ങൾ വ്യക്തമാക്കുന്നു.

## ലോകാവസാനത്തെക്കുറിച്ചുള്ള വെളിപാട്

ലോകാന്ത്യത്തെക്കുറിച്ചും നമ്മുടെ കർത്താവിന്റെ പ്രത്യാഗമനത്തെക്കുറിച്ചും അന്ത്യവിധിയെക്കുറിച്ചുമൊക്കെ ഇനിയും പല വെളിപ്പെടുത്തലുകളും സൂചനകളും വേദപുസ്തകത്തിലുണ്ട്. കർത്താവിന്റെ ആഗമനത്തിന്റെയും ലോകാവസാനത്തിന്റെയും അടയാളം എന്താണെന്നുള്ള ശിഷ്യന്മാരുടെ ചോദ്യത്തിന് (മത്തായി 24:3) ഉത്തരമായി ഈശോ പറഞ്ഞു:

*ദൈവരാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യത്തിനായി ലോകമെങ്ങും പ്രസംഗിക്കപ്പെടും. അപ്പോൾ അവസാനം വന്നെത്തും (മത്തായി 24:14).*

*മിന്നൽ കിഴക്കുനിന്ന് പുറപ്പെട്ട് പടിഞ്ഞാറുവരെ കാണപ്പെടുന്നത് എങ്ങനെയോ അങ്ങനെതന്നെയായിരിക്കും മനുഷ്യപുത്രന്റെ ആഗമനവും. വലിയ ശക്തിയോടും മഹത്വത്തോടുംകൂടി മനുഷ്യപുത്രൻ വാനമേഘങ്ങളിൽ വരുന്നത് അവർ കാണുകയും ചെയ്യും (മത്തായി 24:27).*

*'ആ ദിവസത്തെക്കുറിച്ചും ആ നാഴികയെക്കുറിച്ചും പിതാവ് മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാർപോലും അറിയുന്നില്ല. നോഹിന്റെ നാളുകൾ എപ്രകാരമോ അപ്രകാരമായിരിക്കും മനുഷ്യപുത്രന്റെയും വരവ്' (മത്തായി 24:30).*

*'ആകയാൽ നിങ്ങളുടെ യജമാനൻ ഏതു നാഴികയിൽ വരുന്നു എന്ന് അറിയാത്തതുകൊണ്ട് ഉണർന്നിരിക്കുവിൻ' നിങ്ങൾ വിചാരിക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിക്കുക' (മത്തായി 24:36,37).*

കർത്താവിന്റെ പ്രത്യാഗമനവും ലോകാവസാനവും സുനിശ്ചിതമാണെങ്കിലും അതെപ്പോൾ സംഭവിക്കുമെന്നത് നിഗൂഢമാണെന്നും മുന്നറിയിപ്പില്ലാതെ പെട്ടെന്നായിരിക്കുമെന്നുമുള്ള സൂചനകളാണ് കർത്താവിന്റെ വാക്കുകൾ. ഏതു സമയത്തും സംഭവിക്കാമെന്നതുകൊണ്ട് എപ്പോഴും ഒരുങ്ങിയിരിക്കണമെന്ന് ഈശോ ആഹ്വാനം ചെയ്യുന്നു. ആ സമയം എപ്പോഴാണെന്ന് നിങ്ങൾ അറിയാത്തതുകൊണ്ട് സൂക്ഷിച്ചുകൊള്ളുവിൻ. ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ (മർക്കോ.13:33).

## ഉപമകളിലൂടെ അന്ത്യവിധിയെക്കുറിച്ച്

പത്തു കന്യകകളുടെയും കക്രാകളുടെയും ഉപമകളിലൂടെ (മത്തായി. 25:1-30) ലോകാവസാനത്തെക്കുറിച്ചും മിശിഹായുടെ പ്രത്യാഗമനത്തെക്കുറിച്ചും അവസാനവിധിയെക്കുറിച്ചുമുള്ള പ്രബോധനങ്ങളാണ് ഈശോ നൽകുന്നത്. അവസാനവിധി എല്ലാവർക്കും ഒരുപോലെയായിരിക്കയില്ലെന്നുള്ള വ്യക്തമായ സൂചനകളാണ് വിശുദ്ധ

ഗ്രന്ഥം നൽകുന്നത്. മണവാളനെ എതിരേൽക്കാൻ നന്നായി ഒരുങ്ങി ഉണർന്നിരുന്ന ബുദ്ധിമതികളായ അഞ്ചു കന്യകകൾക്ക് ആ ഭാഗ്യം ലഭിച്ചു, അവർ മണവാളനോടൊപ്പം സ്വർഗ്ഗീയമണവറയിൽ പ്രവേശിക്കുകയും ചെയ്തു. ചെയ്യേണ്ടത് ചെയ്യാതെ അലസരായി ഉറങ്ങിയ ബുദ്ധിശൂന്യരായ കന്യകകൾക്ക് ആ ഭാഗ്യം നിഷേധിക്കപ്പെട്ടു. ലഭിച്ച കക്ര ഉപയോഗപ്പെടുത്താതെ അലസനായി ജീവിച്ച ഭൃത്യൻ അന്ധകാരത്തിലേക്കു തള്ളപ്പെട്ടു. കക്രാകൾ നന്നായി ഉപയോഗപ്പെടുത്തി സമ്പത്ത് വർദ്ധിപ്പിച്ച വിശ്വസ്തരായ ഭൃത്യന്മാർ യജമാനന്റെതന്നെ സന്തോഷത്തിലേക്ക് പ്രവേശിപ്പിക്കപ്പെട്ടു.

തന്റെ പ്രത്യാഗമനത്തിൽ മഹത്വമേറിയ സിംഹാസനത്തിൽ ഉപവിഷ്ടനാകുന്ന കർത്താവ് വിധിയാളനുമായിരിക്കും. ജനതകളെ ഒരുമിച്ചുകൂട്ടി, അവരുടെ ചെയ്തികൾക്കനുസരിച്ച് വേർതിരിച്ച് തന്റെ വലതുഭാഗത്തും ഇടതുഭാഗത്തുമായി നിർത്തും. സൽപ്രവർത്തികൾ ചെയ്ത വലതുഭാഗത്തുള്ളവർ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ട്, ലോകാരംഭംമുതൽ അവർക്കായി ഒരുക്കപ്പെട്ടിരിക്കുന്ന രാജ്യത്തിന്റെ അവകാശികളാകും (മത്തായി 25:31-34). ഇടതുവശത്തുള്ളവർ ഈ ലോകജീവിതത്തിൽ തിന്മ ചെയ്തവരാണ്. അവർക്ക് ലഭിക്കുന്നത് നിത്യശിക്ഷയായിരിക്കും (മത്തായി 25:41). ഇപ്രകാരം ഈ ലോകജീവിതത്തിൽ ചെയ്ത നന്മതിന്മകൾക്കനുസരിച്ച് മരണശേഷം നമ്മൾ വിധിക്കപ്പെടുമെന്ന് ധനവാന്റെയും ലാസറിന്റെയും ഉപമയിലൂടെ കർത്താവ് പഠിപ്പിക്കുന്നു (ലൂക്ക 16:19-25).

ചുരുക്കത്തിൽ, മനുഷ്യന്റെ ജീവിതാന്ത്യം, ലോകത്തിന്റെ അവസാനം, മിശിഹായുടെ പ്രത്യാഗമനം, അന്ത്യവിധി എന്നിവയാണ് ഏലിയാ - സ്ലീവാ - മൂശേക്കാലത്തെ പരിചിന്തനവിഷയങ്ങൾ. ഇവ എപ്പോൾ സംഭവിക്കുമെന്ന് നിശ്ചയമില്ലാത്തതിനാൽ സുവിശേഷസന്ദേശം ഉൾക്കൊണ്ട് നമ്മൾ സൽപ്രവൃത്തികൾചെയ്യുകയും അലസരാകാതെ എപ്പോഴും ഉണർവുള്ളവരായിരിക്കുകയും വേണം.

## മഹത്വത്തോടും ശക്തിയോടുംകൂടി രണ്ടാംവരവ്

ഏലിയാ-സ്ലീവാ-മൂശേക്കാലത്തിന്റെ കേന്ദ്രസത്യം മിശിഹായുടെ പ്രത്യാഗമനമാണ്. മിശിഹാനുയായികൾ ദൈവാരാധനയ്ക്കായി ഒരുമിച്ചുകൂടുന്നത് മിശിഹായുടെ രണ്ടാംവരവിലുള്ള വിശ്വാസത്തിലും അത് നൽകുന്ന പ്രത്യാശയിലുമാണ്. മനുഷ്യരക്ഷയുടെ പൂർണതയും പൂർത്തീകരണവുമാണ് മിശിഹായുടെ പ്രത്യാഗമനം. രക്ഷകനായ മിശിഹായുടെ മഹത്വം വെളിപ്പെടുന്ന സംഭവമാണിത്; മിശിഹാ ദൈവമാണെന്നും സ്വർഗ്ഗത്തിന്റെ അധിനാഥനാണെന്നുമുള്ള വെളിപ്പെടുത്തൽ. മിശിഹായോടുകൂടി ദൈവപിതാവിൽ നമ്മൾ നിത്യമായി ഒന്നുചേരുന്ന രക്ഷയുടെ പാരമ്യമാണ് പ്രത്യാഗമന സംഭവം.

അവസാനകാലത്ത് തിന്മയുടെ ശക്തി സർവശക്തിയുമുപയോഗിച്ച് സഭയ്ക്കെതിരെ പ്രവർത്തിക്കുകയും വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാനും രക്ഷാമാർഗ്ഗത്തിൽനിന്ന് വ്യതിചലിപ്പിക്കാനും അവരിൽ

ഭിന്നിപ്പുണ്ടാക്കാനുമൊക്കെ ശ്രമിക്കുമെന്നും നമ്മുടെ കർത്താവ് മുന്നറിയിപ്പു നൽകിയിട്ടുണ്ട്. വലിയൊരു പരീക്ഷണമായിരിക്കുമത്. പലരും വഴിതെറ്റിയെന്നുവരാം. അതുകൊണ്ടാണ് ഈശോ പറഞ്ഞത് പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കണമെന്ന്. അവസാനംവരെ സഹിച്ച് നിൽക്കുന്നവർ രക്ഷപ്രാപിക്കുമെന്നും കർത്താവ് പറയുകയുണ്ടായി. കർത്താവിന്റെ ദൂതന്മാർ തിന്മക്കെതിരേ പോരാടും. സർവ്വശക്തിയോടും പ്രതാപത്തോടുംകൂടി കർത്താവ് പ്രത്യക്ഷപ്പെട്ട് സാത്താനെയും അവന്റെ അനുചരന്മാരെയും നിശേഷം പരാജയപ്പെടുത്തും. വിജയശ്രീലാളിതനായി തന്റെ ജനത്തെ പിതാവിന്റെ പക്കലേക്ക് ആനയിച്ചു നിത്യജീവൻ നൽകി അനുഗ്രഹിക്കും. പരിശുദ്ധ കുർബാനയിൽ മിശിഹായുടെ പ്രത്യാഗമനത്തെ പരാമർശിച്ചുകൊണ്ട് ഇപ്രകാരം പ്രാർത്ഥിക്കുന്നു:

> *പ്രവാചകന്മാരുടെ പ്രതീക്ഷയും പഴയനിയമത്തിന്റെ പൂർത്തീകരണവുമായ മിശിഹായേ, ദൈവദൂതന്മാരാൽ പരിസേവിതനായി കുരിശടയാളത്തോടുകൂടി വാനമേഘങ്ങളിൽ നീ പ്രത്യക്ഷനാകുമ്പോൾ വിശുദ്ധരോടൊന്നിച്ച് നിന്നെ എതിരേൽക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമേ(ഏലിയാ-സ്ലീവാ-മൂശേക്കാലം: പ്രോപ്രിയ).*

## സ്ലീവാ രക്ഷയുടെയും വിജയത്തിന്റെയും അടയാളം

കുരിശടയാളം മിശിഹായുടെ വിജയചിഹ്നമാണ്. ശിക്ഷയുടെ ആയുധം രക്ഷയുടെ ഉപകരണമായി. മരണത്തിന്റെ അടയാളം നിത്യജീവന്റെ ഉറവിടമായി. അപമാനം വിതച്ച കുരിശ് മഹത്വത്തിന്റെ പ്രഭതൂകുന്ന സ്ലീവായായി. അതാണ് മിശിഹായുടെ സ്ലീവാ. അതിനാൽ സ്ലീവാ നമുക്കു ശക്തിയാണ്, പ്രത്യാശയാണ്, വിജയക്കൊടിയാണ്. ഈ കൊടിയടയാളത്തിൽ വരാനിരിക്കുന്ന മിശിഹായിൽ പ്രത്യാശയർപ്പിച്ചു സഭ കാത്തിരിക്കുന്നു. പറുദീസായുടെ ദിക്കാണ്, പ്രകാശത്തിന്റെ ദിക്കാണ് കിഴക്ക്. മിശിഹായെ കിഴക്കുനിന്നു വരുന്നവൻ എന്ന് വേദപുസ്തകം വിശേഷിപ്പിക്കുന്നു. അടയ്ക്കപ്പെട്ട പറുദീസാ കുരിശിലെ തന്റെ മരണത്തിലൂടെയും ഉയർപ്പിലൂടെയും നമുക്കായി തുറന്നുതന്ന മിശിഹാ നമ്മെ സ്വർഗ്ഗീയപറുദീസായിൽ വീണ്ടും എത്തിക്കാനായി വരുന്നതിനെ പ്രതീക്ഷിച്ചുകൊണ്ട് കിഴക്കുദിക്കിനെ നോക്കി പ്രാർത്ഥനാപൂർവ്വം നമ്മൾ യാത്ര ചെയ്യുന്നു. കിഴക്ക് സൂര്യന്റെ ദിക്കാണ്. കിഴക്കോട്ട് തിരിയുക എന്നാൽ നീതിസൂര്യനും ലോകത്തിന്റെ പ്രകാശവുമായ മിശിഹായിലേക്ക് തിരിയുക എന്ന അർത്ഥമാണ് ശ്ലീഹന്മാരുടെ കാലംമുതൽ സഭ നൽകിപ്പോരുന്നത്.

കിഴക്കുപടിഞ്ഞാറു ദിശയിൽ ദൈവാലയം നിർമിക്കുന്നതും കിഴക്കുഭാഗത്തായി സ്വർഗീയ പറുദീസായെ സൂചിപ്പിക്കുന്ന മദ്ബഹാ സംവിധാനം ചെയ്യുന്നതും മദ്ബഹായുടെ കിഴക്കേഭിത്തിയോടുചേർന്ന് മിശിഹായുടെ മഹത്വപൂർണ്ണമായ പ്രത്യാഗമനത്തിന്റെയും മരണത്തിന്മേലുള്ള വിജയത്തിന്റെയും അടയാളമായ സ്ലീവാ സ്ഥാപിക്കുന്നതും

കിഴക്കോട്ടുതിരിഞ്ഞു പ്രാർഥിക്കുന്നതുമെല്ലാം മേൽപ്പറഞ്ഞ കാരണങ്ങളാലാണ്.

നമ്മുടെ സഭാപാരമ്പര്യത്തിൽ സുപ്രധാനമായ ഒരു ആരാധനാപ്രതീകമാണ് മാർ സ്ലീവാ. നമ്മുടെ ജീവിതത്തിൽ ഉത്ഥിതനായ മിശിഹായുടെ രക്ഷാകരമായ സാന്നിദ്ധ്യത്തിന്റെ പ്രതീകമായിട്ടാണ് സ്ലീവായെ നമ്മൾ ആരാധിച്ചു വണങ്ങുന്നത്. ദൈവാലയത്തിനു മുകളിൽ ഉയർന്നുനിൽക്കുന്ന സ്ലീവായും മദ്ബഹായിലെ സ്ലീവായും ബലിപീഠത്തിനുനേരേ വരത്തക്കവിധം ദൈവാലയാങ്കണത്തിൽ സ്ഥാപിക്കുന്ന കൽക്കുരിശും വൈദികതിരുവസ്ത്രമായ കാപ്പയുടെ പിന്നിലും മറ്റു തിരുവസ്ത്രങ്ങളിലും ചിത്രീകരിക്കുന്ന സ്ലീവായും വിശ്വാസജീവിതത്തിൽ സ്ലീവായ്ക്ക് നമ്മൾ നൽകുന്ന പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. ആരാധനാശുശ്രൂഷകളിലും പ്രാർത്ഥനകളിലും നിരവധി പ്രാവശ്യം സ്ലീവായുടെ അടയാളത്തിൽ റൂശ്മചെയ്യുന്നു. കഴുത്തിൽ സ്ലീവാ ധരിക്കുന്നതും വ്യാപകമായ ആചാരമാണ്. താമസസ്ഥലത്ത് പുരയിടത്തിന്റെ നാലു കോണുകളിലും സ്ലീവാ അടയാളം കൊത്തിയ ചെറിയശിലകൾ സ്ഥാപിക്കുന്ന പതിവും നമ്മുടെ ഇടയിലുണ്ടായിരുന്നു. ചുരുക്കത്തിൽ, ക്രൈസ്തവവിശ്വാസപാരമ്പര്യത്തിലെ ഒരു അവിഭാജ്യഘടകമാണ് സ്ലീവാ.

വിവിധ സഭാപാരമ്പര്യങ്ങളിൽ സ്ലീവായുടെ വ്യത്യസ്തങ്ങളായ രൂപഭേദങ്ങൾ കാണാൻ സാധിക്കും. അടിസ്ഥാന സന്ദേശം ഒന്നുതന്നെയാണെങ്കിലും, സാംസ്കാരികാനുരൂപണത്തിന്റെയും ദൈവശാസ്ത്രപരവും ആത്മീയവുമായ വ്യത്യസ്ത വിചിന്തനങ്ങളുടെയും ഫലമാണ് സ്ലീവായുടെ വിവിധ രൂപങ്ങൾ. സ്ലീവായുടെ കൊടിക്കീഴിൽ സ്വർഗ്ഗീയതീർത്ഥാടനം നടത്തുന്ന നമുക്ക് സ്ലീവാ സാന്ത്വനവും സംരക്ഷണവുമാണ്.

ഇനിയും സ്ലീവാ പ്രതിഷ്ഠിച്ചിട്ടില്ലാത്ത കുടുംബങ്ങളിൽ അത് ആദരപൂർവ്വം സ്ഥാപിച്ചു വണങ്ങണമെന്ന് ഓർമിപ്പിക്കുന്നു. സ്ലീവായുടെ പുകഴ്ച്ചയുടെ തിരുനാളായ സെപ്റ്റംബർ 14-ന് ദൈവാലയങ്ങളിലും ഭവനങ്ങളിലും സ്ലീവാ പ്രത്യേകം അലങ്കരിച്ച് സ്ലീവായുടെ മദ്ധ്യസ്ഥപ്രാർഥന നടത്തണമെന്നും ഓർമ്മിപ്പിക്കുന്നു. എല്ലാവർക്കും സ്ലീവാ തിരുനാളിന്റെ അനുഗ്രഹാശംസകൾ!

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*ഏലിയാ-സ്ലീവാ-മൂശേകാലം ഒന്നാം ഞായർ*

NB : *സെപ്തംബർ 12 ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും പരിശുദ്ധ കുർബാന മദ്ധ്യേ വായനയ്ക്കായി നല്കിയിരുന്ന ഇടയലേഖനം.*

# സർക്കുലർ

**21 Ch. 260-341**

പ്രിയപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരങ്ങളേ,

*''ദുഷ്ടതയുടെ പെരുപ്പം നിമിത്തം പലരുടേയും സ്നേഹം തണുത്തു പോകും''* (മത്തായി 24:12).

ദുഷ്ടത പെരുകി സ്നേഹം കുറയുമ്പോൾ തിന്മയുടെ പ്രവൃത്തികൾ ശക്തിപ്പെടുകയും വ്യാപകമാകുകയും ചെയ്യുമെന്നുള്ള മുന്നറിയിപ്പാണ് ഈ വചനങ്ങൾ. കലഹങ്ങൾ, കിംവദന്തികൾ, പരസ്പരവിദ്വേഷം, ഒറ്റിക്കൊടുക്കൽ തുടങ്ങിയവ അതിന്റെ ദോഷഫലങ്ങളാണ്. നുണകൾ പ്രചരിപ്പിച്ച് ആളുകളെ വഴിതെറ്റിക്കുക, ഭിന്നത ഉളവാക്കി പരസ്പരം കലഹിപ്പിച്ച് ഐക്യം തകർത്ത് സമൂഹത്തെയും സ്ഥാപനങ്ങളെയും പ്രസ്ഥാനങ്ങളെയുമൊക്കെ നശിപ്പിക്കുകയോ തളർത്തുകയോ ചെയ്യുക ഇവയൊക്കെ ദുഷ്ടതയും സ്നേഹക്കുറവുംമൂലം സംഭവിക്കുന്നതാണ്. പരസ്പരവിശ്വാസം നഷ്ടപ്പെടുവാനും പ്രതികാരമനോഭാവം വളരാനും ഇവ കാരണമാകാം. അശുദ്ധിയും അക്രമവും കൊലപാതകവുമൊക്കെ സംഭവിക്കുന്നത് ദുഷ്ടത മനുഷ്യനെ കീഴടക്കുന്നതുകൊണ്ടാണ്. നിരപരാധികളെ കുറ്റക്കാരാക്കുന്നതും കുറ്റക്കാരെ നിരപരാധികളാക്കുന്നതും ദുഷ്ടതയുടെ പ്രവൃത്തികൾതന്നെ.

നുണകൾ പറഞ്ഞ് ആദിമനുഷ്യനെ ദൈവത്തോടുള്ള സ്നേഹബന്ധത്തിൽനിന്നകറ്റി അവന്റെ ജീവിതം തകർത്ത സാത്താന്റെ ശക്തി തന്നെയാണ് എല്ലാ ദുഷ്ടപ്രവൃത്തികളുടെയും പിന്നിലെ പ്രചോദനം. സ്നേഹവും സത്യവും നീതിയും എവിടെ കുറയുകയോ ഇല്ലാതാകുകയോ ചെയ്യുന്നുവോ അവിടെ സാത്താൻ ഭാഗികമായോ പൂർണമായോ പിടിമുറുക്കും.

ഭക്ഷിക്കരുതെന്നു ദൈവം കല്പിച്ച വൃക്ഷത്തിലെ കനി തിന്നാൻ പ്രേരിപ്പിച്ച സാത്താന്റെ മോഹനവാഗ്ദാനങ്ങളിൽ ആകൃഷ്ടരായ ആദ്യദമ്പതികൾ ദൈവകല്പന ലംഘിച്ചു. ആ വൃക്ഷത്തിന്റെ കനി തിന്നാൽ

ദേവന്മാരെപ്പോലെ ആകുമെന്നും മരിക്കുകയില്ലെന്നും (സൃഷ്ടി 3:4,5) പറഞ്ഞ് പ്രലോഭിപ്പിച്ചാണ് സർപ്പം അവരെ വശത്താക്കിയത്. മാത്രമല്ല ആ വൃക്ഷം കാണാൻ ഭംഗിയുള്ളതും അതിന്റെ കനി തിന്നാൻ നല്ലതും കണ്ണിന് ആനന്ദകരവും (സൃഷ്ടി 3:6) ആയിരുന്നു. സത്യം മറച്ചുവെച്ച്, വൃക്ഷത്തിന്റെ ബാഹ്യസൗന്ദര്യവും കനിയുടെ രുചിയും ഭംഗിയും കെണിയാക്കി സർപ്പം അവരെ വഞ്ചിച്ചു.

സാത്താന്റെ വഞ്ചനയിൽപ്പെട്ട ആദ്യമനുഷ്യകുടുംബം ദൈവത്തിൽനിന്നകന്നു. സ്നേഹത്തിന്റെയും സത്യത്തിന്റെയും സർവ്വനന്മകളുടെയും ഉറവിടമായ ദൈവത്തിൽനിന്നുള്ള അകൽച്ചമൂലം ആ കുടുംബത്തിന്റെ ഭദ്രതയും സമാധാനവും കൂട്ടായ്മയുമെല്ലാം നഷ്ടമായി. അസൂയയും സ്വാർത്ഥതയും വിദ്വേഷവും പ്രതികാരമനോഭാവവും വളർന്നു സഹോദരൻ സഹോദരനെ കൊല്ലുന്ന അവസ്ഥയിലെത്തി മനുഷ്യകുടുംബം.

ഇപ്രകാരം നുണ പറഞ്ഞും വഞ്ചിച്ചും മനുഷ്യനെ ദൈവത്തിൽ നിന്നകറ്റാനും ഭിന്നത സൃഷ്ടിച്ചു കലഹമുണ്ടാക്കാനും ദുഷ്ടശക്തി എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ അലസതയും ജാഗ്രതക്കുറവും സുഖലോലുപതയും ജഡികതാൽപര്യങ്ങളുമൊക്കെ മുതലെടുത്തു തിന്മ നമ്മെ വേട്ടയാടും. ധനാസക്തിയും മദ്യാസക്തിയും അധാർമികലൈംഗികതയും നിരവധി ആളുകളുടെയും കുടുംബങ്ങളുടെയും ജീവിതം തകർക്കുന്നു. തിന്മയുടെ ശക്തിയെ പരാജയപ്പെടുത്താൻ ഉറച്ചവിശ്വാസത്തോടെ ദൈവത്തിൽ ആശ്രയിക്കണം. 'പ്രാർത്ഥനയും ഉപവാസവും വഴിയല്ലാതെ ഈ വർഗ്ഗത്തെ ദൂരയകറ്റാൻ സാധിക്കുകയില്ലെ'ന്നുള്ള ഈശോയുടെ വാക്കുകൾ തന്നിൽ വിശ്വസിക്കാനും തന്നെ ആശ്രയിക്കാനുമുള്ള ആഹ്വാനമാണ്.

പ്രിയപ്പെട്ട സഹോദരങ്ങളേ, ദൈവം വിളിച്ചുകൂട്ടിയ സമൂഹമാണ് സഭയെന്നും, ഈ സഭയെ നയിക്കുന്നതും പരിപാലിക്കുന്നതും ഈശോമിശിഹായാണെന്നും തിന്മയുടെ ശക്തിക്കറിയാം. സഭയുടെ കൂട്ടായ്മയുടെയും വിശുദ്ധിയുടെയും അടിസ്ഥാനവും ദൈവത്തോടു നമ്മെ ചേർത്തുനിർത്തുന്നതും പ്രധാനമായും സഭയുടെ ആരാധനക്രമം, വിശേഷിച്ച് പരിശുദ്ധ കുർബാനയാണ്. അവിടെ ഭിന്നത ഉണ്ടാകുന്നതാണ് സഭ നേരിടുന്ന ഏറ്റവും വലിയ ആത്മീയ വെല്ലുവിളി. സഭയിലെ വളരെ ചുരുക്കംചിലർ മാത്രമായിരിക്കും അതിന്റെ കാരണക്കാർ. സഭയെക്കുറിച്ചും ആരാധനക്രമത്തെക്കുറിച്ചുമുള്ള അജ്ഞതയോ തെറ്റായ ധാരണയോ ചിലരുടെ സ്വാധീനങ്ങളോ അതിലേക്ക് അവരെ നയിച്ചിരിക്കാം. സഭയുടെ ആധികാരികമായ പ്രബോധനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ശരിയായി മനസ്സിലാക്കാത്തതോ അംഗീകരിക്കാനുള്ള വൈമനസ്യമോ ഇപ്രകാരമുള്ള അവസ്ഥയ്ക്കു കാരണമാകാം. ഇതുപോലുള്ള അവസര

ങ്ങൾ മുതലാക്കി സഭാവിരോധികളായ തൽപരകക്ഷികൾ സഭയെ ആഞ്ഞടിക്കാൻ ശ്രമിക്കുമെന്നതു വ്യക്തമാണല്ലോ. അതിന് വഴിയൊരുക്കുകയും കരുത്തുപകരുകയും ചെയ്യുന്ന ഒരു കാര്യത്തിലും സഭയെ ആത്മാർഥമായി സ്നേഹിക്കുന്നവർക്കാർക്കും സഹകരിക്കാൻ സാധിക്കയില്ല.

ഇക്കാര്യത്തിൽ വളരെയേറെ ജാഗ്രതയും പ്രാർത്ഥനയും ഇന്നാവശ്യമാണ്. നുണപറഞ്ഞും വഞ്ചിച്ചും സഭയിൽ ഭിന്നതകൾ സൃഷ്ടിക്കാൻ ദുഷ്ടശക്തി എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കും. മനുഷ്യവ്യക്തികളെ, സഭാമക്കളെത്തന്നെയാണ് അതിന് ഉപകരണമാക്കുന്നത്. അതിന്റെ ധാരാളം ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. കെണിയിൽപെടാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം.

ദുഷ്ടശക്തിക്ക് കീഴ്പ്പെട്ടവർ നിഷ്പക്ഷതയോടെ സത്യത്തെ അറിഞ്ഞ് സ്വീകരിക്കാൻ തയ്യാറാവുകയില്ല. സത്യത്തെയോ സത്യം പറയുന്നവരെയോ അവരംഗീകരിക്കയില്ല. സാത്താനെന്നും പിശാചെന്നുമൊക്കെ വിളിക്കുന്ന ദുഷ്ടശക്തിയെക്കുറിച്ച് ഈശോ തന്നെ പറയുന്നു:

''അവൻ (പിശാച്) ആദിമുതൽക്കേ കൊലയാളിയാണ്. അവനിൽ സത്യമില്ലാത്തതുകൊണ്ട് അവൻ സത്യത്തിൽ നിൽക്കുന്നില്ല. അവൻ വ്യാജം പറയുന്നത് സ്വന്തം പ്രകൃതിയിൽനിന്നാണ്. അവൻ നുണയനും നുണയുടെ പിതാവുമാണല്ലോ'' (യോഹ.8:44).

നിങ്ങളെല്ലാവരോടും ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു, ഈ ദുഷ്ടശക്തിക്ക് ഒരുവിധത്തിലും നിങ്ങൾ കീഴ്പ്പെടരുത്. നിങ്ങൾ വഞ്ചിതരാകുകയോ ആരെയെങ്കിലും വഞ്ചിക്കുകയോ ചെയ്യരുത്. ദൈവത്തിൽനിന്നും നന്മയുടെ മാർഗത്തിൽനിന്നും വ്യതിചലിപ്പിക്കുന്നതെന്തും ദുഷ്ടതയാണ്. ദൈവസ്നേഹത്തിനും സഹോദരസ്നേഹത്തിനും വിരുദ്ധമായതൊക്കെ ദുഷ്ടതയാണ്.

പറുദീസയിലെ കനികാണിച്ച് ആദിമനുഷ്യനെ പ്രലോഭിപ്പിച്ചു വീഴ്ത്തിയ ദുഷ്ടശക്തി ഇന്നും കനികാണിച്ച് പ്രലോഭിപ്പിച്ചു മനുഷ്യനെ വീഴ്ത്തുന്നു. ആ കനി പണമാകാം, ലഹരിവസ്തുവാകാം, തെറ്റായ ലൈംഗികബന്ധമാകാം, അധികാരത്തിനും പദവിക്കും പ്രശസ്തിക്കും വേണ്ടിയുള്ള ദുരാഗ്രഹമാകാം, ഭോജനപ്രിയമാകാം. മോഷണം, കള്ളപ്പണം, കള്ളക്കടത്ത്, കള്ളക്കണക്ക്, വ്യാജരേഖ, ദുഷ്പ്രചരണം, ലൈംഗികാതിക്രമങ്ങൾ, കൊലപാതകം തുടങ്ങിയവ ദുഷ്ടശക്തിക്ക് കീഴ്പ്പെടുന്നതിന്റെ പരിണിതഫലങ്ങളാണ്.

ഇവയിൽനിന്നെല്ലാം വിമുക്തമായ ഒരു ജീവിതമായിരിക്കണം നമ്മുടേത്. സഭാത്മകവും സമൂഹപരവുമായ നമ്മുടെ ജീവിതത്തിന്റെ

എല്ലാ തലങ്ങളും ദുഷ്ടതയുടെ മാലിന്യങ്ങളിൽനിന്ന് വിമുക്തമാകണം. നിയമാനുസൃതവും കൗദാശികവുമായ ദാമ്പത്യബന്ധത്തിൽ ആരംഭം കുറിക്കുന്ന കുടുംബജീവിതം മുതൽ സഭയിലും സമൂഹത്തിലും ഏറ്റവും ഉയർന്നതും വിശാലവുമായ പ്രവർത്തനമേഖലകൾവരെ എല്ലായിടത്തും നമ്മുടെ ജീവിതവും പ്രവർത്തനങ്ങളും സ്നേഹത്തിലും സത്യത്തിലും നീതിയിലും അധിഷ്ഠിതമായിരിക്കണം. എല്ലായിടത്തും ദൈവത്തിന് പ്രഥമസ്ഥാനം കൊടുത്തുകൊണ്ടുള്ള ജീവിതം വഴി തെറ്റുകയില്ല.

ശാരീരികവും മാനസികവും ധാർമികവും ആത്മീയവുമായ എല്ലാ തലങ്ങളിലും ഓരോ കുടുംബവും അതിലെ ഓരോ അംഗവും സുരക്ഷിതരായിരിക്കണം. അത്തരത്തിലുള്ള ശ്രദ്ധ പരസ്പരം എല്ലാവർക്കും ഉണ്ടായിരിക്കണം. കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും ജീവിതമായിരിക്കണം കുടുംബജീവിതം. നമ്മുടെ ഇടവകകൾ, കുടുംബങ്ങളും വ്യക്തികളും തമ്മിലുള്ള ഹൃദ്യമായ ബന്ധത്തിന്റെയും സഹകരണത്തിന്റെയും, ഇടവകാംഗങ്ങൾ ഏകമനസ്സോടെ പ്രാർത്ഥനാപൂർവ്വം ദൈവതിരുമുമ്പിൽ ആയിരിക്കുന്നതിന്റെയും അനുഭവം പകരുന്നതായിരിക്കണം.

നമ്മുടെ സംഘടനകളും പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളുമൊക്കെ സഭയിലും സമൂഹത്തിലും സുവിശേഷത്തിന് സാക്ഷ്യംവഹിക്കുന്ന പ്രവർത്തനവേദികളാണ്. പൊതുസമൂഹത്തിൽ നന്മയുടെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രകാശംപരത്തുന്ന സാന്നിധ്യമായിരിക്കണം നമ്മുടേത്. വഴിതെറ്റിക്കുന്നതും ദുർമാതൃക കൊടുക്കുന്നതുമായ വാക്കുകളും പ്രവൃത്തികളും ആരിൽനിന്നും ഉണ്ടാകാൻ പാടില്ല. പ്രത്യക്ഷമായോ പരോക്ഷമായോ തിന്മയ്ക്ക് കൂട്ടുനിൽക്കുന്ന യാതൊരു സമീപനവും ഉണ്ടാകരുത്. സംസാരത്തിലും പ്രതികരണങ്ങളിലും പക്വതയും വിവേകവും പുലർത്തണം.


നമ്മുടെ അതിരൂപതയാകുന്ന പ്രാദേശികസഭയുടെ കൂട്ടായ്മയിൽ സജീവമായി പങ്കുചേരുമ്പോഴാണ് അതിരൂപതാകുടുംബത്തിലെ ഓരോ അംഗത്തിന്റെയും സഭാത്മകവ്യക്തിത്വം പൂർണ്ണത കൈവരിക്കുന്നത്. ഓരോ അംഗത്തിന്റെയും ദൈവവിളിക്കും ജീവിതാന്തസ്സിനും ചേർന്നവിധം അതിരൂപതയുടെ വിവിധങ്ങളായ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി എല്ലാവരും സഹകരിക്കണം. 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്ന ആദർശം അനുദിന ജീവിതാനുഭവമാകത്തക്കവിധത്തിലുള്ള പരസ്പരബന്ധം എല്ലാവരും പുലർത്തണം.

ബലഹീനരും പാവപ്പെട്ടവരും രോഗികളും അനാഥരും, പലവിധത്തിലുള്ള ക്ലേശങ്ങളനുഭവിക്കുന്നവരുമായ എല്ലാവരോടും

സഹാനുഭൂതിയോടെ വർത്തിക്കാൻ കഴിയണം. കോവിഡ്-19 പോലുള്ള മഹാമാരികളും കെടുതികളുംമൂലം കഷ്ടപ്പെടുന്നവരെ ഒരു നല്ല അയൽക്കാരന്റെ മനോഭാവത്തോടെ ആശ്വസിപ്പിക്കാനും സഹായിക്കാനും നമുക്ക് ഒന്നുചേരാം. നമ്മുടെ സമൂഹത്തിൽ വീടും സ്ഥലവും സ്വന്തമായി ഇല്ലാത്തവർക്ക് ഒരിടം നൽകാൻ നമുക്ക് ഒരു ചുമതലയില്ലേ? അതിനായി സാധിക്കുന്നത് ചെയ്യാൻ നല്ല മനസ്സുള്ളവരോട് ഞാൻ അഭ്യർത്ഥിക്കുന്നു.

'നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്' എന്നരുൾചെയ്ത ഈശോയുടെ വാക്കുകൾ അന്വർത്ഥമാക്കിക്കൊണ്ട് പൊതുസമൂഹത്തിൽ നന്മയുടെ പ്രകാശം ചൊരിയുന്ന വിളക്കാകാൻ ഓരോരുത്തർക്കും സാധിക്കട്ടെ. നന്മയും പ്രകാശവുമായ ദൈവത്തോട് അടുക്കുന്തോറും ആ ചൈതന്യം നമ്മിൽ ശക്തിപ്പെടും. ഓരോരുത്തരും ദൈവത്തോടടുക്കുന്തോറും പരസ്പരവും അടുക്കുന്നു. അങ്ങനെ മിശിഹായിൽ ഒരു മനസ്സും ഹൃദയവുമുള്ള കൂട്ടായ്മയായി വളരാൻ റൂഹാദ്ക്കുദശാ നമ്മെ എല്ലാവരെയും ശക്തിപ്പെടുത്തട്ടെ.

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

*സ്ലീവാ ഒന്നാം ഞായർ*
*26/09/2021*

---

NB : *ഈ സർക്കുലർ വി. കുർബാനയുള്ള ഇടവകകളിൽ ഒക്ടോബർ 10 - ാം തീയതി വായിക്കുകയും ദൈവാലയകർമ്മങ്ങളിൽ സംബന്ധിക്കാൻ സാധിക്കാത്തവരെ യുക്തമായ മാർഗ്ഗത്തിലൂടെ അറിയിക്കുകയും ചെയ്യേണ്ടതാണ്.*

## സർക്കുലർ

**21 Ch. 261-342**

# കുട്ടനാടിനായ് ഒന്നുചേരാം


സ്നേഹമുള്ളവരേ,

നൂറ്റാണ്ടുകളുടെ ചരിത്രമുള്ള ചങ്ങനാശേരി അതിരൂപതയിലെ ഒരു പ്രധാന ഭൂപ്രദേശമാണ് കുട്ടനാട്. അതിരൂപതയിലെ മൊത്തം വിശ്വാസികളിൽ ഏകദേശം ഒരു ലക്ഷത്തോളം പേർ കുട്ടനാട്ടിൽ അധിവസിക്കുന്നു. കുട്ടനാട്ടിലെ 73 ഇടവകകളിലായി ഈ വിശ്വാസി സമൂഹം നൂറ്റാണ്ടുകളായി ഇവിടെ വസിക്കുന്നു. കുട്ടനാട്ടിലെ ക്രൈസ്തവ ജനതയിൽ ഭൂരിഭാഗവും ചങ്ങനാശേരി അതിരൂപത അംഗങ്ങളാണ്. അതുകൊണ്ട് അതിരൂപതയ്ക്ക് കുട്ടനാടിനോടും കുട്ടനാട്ടുകാർക്ക് അതിരൂപതയോടുമുള്ള ബന്ധം ആഴമേറിയതാണ്. കുട്ടനാടിന്റെ വികസനം ലക്ഷ്യം വെച്ചുകൊണ്ടു വർഷങ്ങൾക്ക് മുമ്പു നാം തുടങ്ങിയ സാമൂഹികസേവന വകുപ്പുവഴി ഒട്ടനവധി സേവനങ്ങൾ ചെയ്യുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പക്ഷേ ചില കാരണങ്ങളാൽ അവ തുടർന്നു കൊണ്ടുപോകുവാൻ നമുക്ക് സാധിക്കാതെയായി. ഈ സാഹചര്യത്തിൽ നിലനിൽപ്പിനായി ക്ലേശിക്കുന്ന കുട്ടനാട്ടുകാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ അതിരൂപത പ്രതിജ്ഞാബദ്ധമാണ്. ഒപ്പം അരക്ഷിതത്വം ഭയന്ന് പലായനത്തിനൊരുങ്ങുന്നവർക്ക് സുരക്ഷിതരായി ജീവിക്കുവാനുള്ള അവസരം സൃഷ്ടിക്കാനും അതിരൂപത ആഗ്രഹിക്കുന്നു. തുടരെ തുടരെ ഉണ്ടാകുന്ന വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും കൃഷിനാശം സംഭവിച്ച് നട്ടംതിരിയുന്ന കുട്ടനാടൻ കർഷകരുടെ ന്യായമായ അവകാശങ്ങൾ സമയബന്ധിതമായി നേടിയെടുക്കുവാനുള്ള നാടപടികൾ സ്വീകരിക്കുവാനും അതിനായി താഴെ പറയുന്ന ചില ക്രമീകരണങ്ങൾ നടപ്പിലാക്കുവാനും അതിരൂപത ഉദ്ദേശിക്കുന്നു.

മാമ്പുഴക്കരിയിൽ ക്രിസ് സെന്റർ എന്ന പേരിൽ കുട്ടനാടിനുവേണ്ടിയുള്ള സാമൂഹ്യസേവന കേന്ദ്രം ഒക്ടോബർ ഒമ്പതാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 30 ന് ഉദ്ഘാടനം ചെയ്യുകയാണ്. അതിരൂപ

തയിലെ സാമൂഹ്യസേവന വകുപ്പുകളായ ചാസും, ചാരിറ്റി വേൾഡും കുട്ടനാട്ടിൽ സാമൂഹിക സേവന രംഗത്ത് നിസ്തുലമായ സംഭാവന കളാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഈ രണ്ടു പ്രസ്ഥാനങ്ങളും കുട്ടനാടിനുവേണ്ടി ക്രിസ് സെന്ററിൽ മുഴുവൻ സമയ പ്രവർത്തനം കാഴ്ചവയ്ക്കും. അതിരൂപതയിലെ ജീവകാരുണ്യനിധി ട്രസ്റ്റ്, പ്ര വാസി അപ്പോസ്തലേറ്റ്, കെ.എൽ.എം, ആത്മതാകേന്ദ്രം, റേഡിയോ മീഡിയാവില്ലേജ്, മുതലായ വകുപ്പുകളും, കൂടാതെ അതിരൂപ തയിലെ കോളേജുകൾ, ഹോസ്പിറ്റലുകൾ, ഇതര സ്ഥാപനങ്ങൾ മുതലായവയുടെ സഹായ സഹകരണങ്ങളും ഈ രംഗത്തുണ്ടാകും. കുട്ടനാടിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി അതിരൂപതാ സിഞ്ചെള്ളൂസ് പെ. ബഹു. ജോസഫ് വാണിയപ്പുരയ്ക്കലച്ചന്റെ നേതൃത്വത്തിൽ അഞ്ച് വൈദികരും അൽമായരും അടങ്ങുന്ന ഒരു ടീം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കും. ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി, ഫാ. ഗ്രിഗറി ഓണംകുളം, ഫാ. ജോസഫ് കൊച്ചുചിറ, ഫാ. ജോർജ് പനക്കേഴം, ഫാ. തോമസ് കുളത്തിങ്കൽ എന്നീ വൈദികർ ഡയറക്ടർമാരായി വിവിധമേഖലകളിൽ ശുശ്രൂഷ ചെയ്യും. അതിരൂപതയുടെ കുട്ടനാടിനു വേണ്ടിയുള്ള ഈ വലിയ കരുതലിന് കുട്ടനാട്ടിലെ വൈദികരുടെയും സമർപ്പിതരുടെയും അത്മായരുടെയും കൂട്ടായ സഹകരണം ആവശ്യമാണ്. കൂടുതൽ വിവരങ്ങൾ യഥാസമയം എല്ലാവരെയും അറിയിക്കുന്നതാണ്. കുട്ടനാടിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ ഫലമണിയുന്നതിന് നമുക്ക് ഒന്നുചേർന്ന് പരിശ്രമിക്കുകയും പ്രാർ ത്ഥിക്കുകയും ചെയ്യാം.

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

C.21/GL 145 18/09/2021

# പിതാവിന്റെ കത്ത്

സ്നേഹം നിറഞ്ഞ അച്ചന്മാരേ,

നാം ജീവിക്കുന്നത് മാധ്യമങ്ങളുടെ വിസ്ഫോടനാത്മകമായ വളർച്ചയുടെ കാലഘട്ടത്തിലാണ്. മാധ്യമങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനവും വളരെ വലുതാണ്. അതുകൊണ്ടുതന്നെയാണ് സഭ എക്കാലവും വചനപ്രഘോഷണ വേദിയായി മാധ്യമങ്ങളെ ഉപയോഗിക്കണമെന്നു പഠിപ്പിക്കുന്നത്. പ്രത്യേകിച്ചു കൊറോണയുടെ സാഹചര്യവും വന്നതോടുകൂടി ഡിജിറ്റൽലോകം എല്ലാവരുടെയും സ്വന്തമായി. മാധ്യമലോകം തുറന്നുതരുന്ന അതുല്യസാധ്യതകൾ വേണ്ടവിധം ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ ഒത്തൊരുമയോടെ നാം നടത്തേണ്ടതുണ്ട്. മീഡിയ അപ്പോസ്തലേറ്റ് (MAAC – Media Apostolate Archeparchy of Changanacherry) അതിനുള്ള അനന്തസാധ്യതകൾ തുറന്നുതരുന്നു.

## "My Parish": അതിരൂപതയ്ക്കു പുതിയ ഓൺലൈൻ സോഫ്റ്റ് വെയർ

വിശാലമായ നമ്മുടെ അതിരൂപതയിലെ (അഞ്ചു ജില്ലകൾ, മിഷൻ പ്രദേശങ്ങൾ, ജോലിക്കും മറ്റുമായി മാതൃരൂപത വിട്ട് താത്കാലികമായി മറ്റ് സ്ഥലങ്ങളിൽ കഴിയുന്നപ്രവാസികൾ) ശുശ്രൂഷകളുടെ ഏകോപനത്തിന് ആക്കം കൂട്ടുന്നതും ദൈവജനത്തിന്റെ ആത്മീകവും ഭൗതികവുമായ വളർച്ചക്ക് ഉതകുന്നതും ഇടവക - ഫൊറോനാ - രൂപതാതല അജപാലന പ്രവർത്തനങ്ങൾക്കും സംഘടനാ ശുശ്രൂഷകൾക്കും അനവധി നൂതന സംവിധാനങ്ങൾ നൽകുന്നതുമായ "My Parish" എന്ന ഓൺലൈൻ സോഫ്റ്റ്വെയർ നമ്മുടെ അതിരൂപതയ്ക്ക് വേണ്ടി രൂപകൽപ്പനചെയ്തു നടപ്പിലാക്കുകയാണ്. ഏകദേശം അഞ്ച് വർഷക്കാലത്തെ പഠനങ്ങൾക്കും പ്രായോഗിക പരീക്ഷണങ്ങൾക്കും ശേഷമാണ് നമ്മൾ ഇത് സ്വന്തമാക്കുന്നതും പ്രാബല്ല്യത്തിൽ വരുത്തുന്നതും. ചങ്ങനാശേരി അതിരൂപതയിലെ മുഴുവൻ ദൈവജനവും സമർപ്പിതരും വൈദികരും ഇടവകകളും സ്ഥാപനങ്ങളും സംഘടനകളും ഒപ്പം വൈവിധ്യമാർന്ന നമ്മുടെ വിഭവശേഷിയും ഒന്നിച്ച് ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തുമ്പോൾ നമുക്ക് ലഭിക്കുന്ന സാധ്യതകൾ വളരെ വലുതാണ്.

## "My Parish": അതിവിപുലമായ സാധ്യതകൾ ഒരു കുടക്കീഴിൽ

എല്ലാ ഇടവകകൾക്കും അത്യാവശ്യം വേണ്ട പാരീഷ് ഓൺലൈൻ ഡയറക്ടറി, ഇടവക ജനങ്ങൾ അറിഞ്ഞിരിക്കേണ്ട ദിവസേനയുള്ള ശുശ്രൂഷാ സമയക്രമങ്ങൾ, വികാരിയച്ചന്റെ സന്ദേശങ്ങൾ-അറിയിപ്പുകൾ, ഇടവക കലണ്ടർ, പാരീഷ് ബുള്ളറ്റിൻ & പബ്ലിക്കേഷൻസ്, ജോബ് ബാങ്കിങ് - രൂപതയിലെ തൊഴിൽ ഒഴിവുകളും തൊഴിൽ അന്വേഷകരും, ഓൺലൈൻ മാർക്കറ്റ് - രൂപതാംഗങ്ങളുടെ മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ വിവരങ്ങൾ, രൂപതാംഗങ്ങളുടെ വിവിധ ഇനം ബിസിനസ്സ് മേഖലകൾ (Shops), വിദഗ്ദ ജോലിക്കാരുടെ വിവരങ്ങൾ (Skilled Employees), ഓഡിറ്റോറിയം സംബന്ധിച്ച വിവരങ്ങൾ, അതാത് കുടുംബങ്ങളുടെ വ്യക്തിഗത കണക്കുകളുടെ ഓട്ടോമാറ്റിക് അപ്ഡേഷൻ, രൂപതാ - ഇടവക - മിഷൻതല വാർത്തകൾ, വിവിധ പ്രാർത്ഥനകൾ തുടങ്ങി ഒട്ടനവധി സംവിധാനങ്ങൾ ആണ് മൊബൈൽ ആപ്ലിക്കേഷനിൽ ഒരുക്കിയിരിക്കുന്നത്. ഭാവിയിൽ, ഇടവക - ഫൊറോനാ - രൂപതാ അടിസ്ഥാനത്തിലോ സംഘടനാ അടിസ്ഥാനത്തിലോ അതാത് ഗണത്തിൽപെട്ട വ്യക്തികളെ മാത്രം ഉൾപ്പെടുത്തി ഓഡിയോ വീഡിയോ കോൺഫെറൻസുകൾ നടത്താനും, മീഡിയാ അപ്പോസ്തലേറ്റിന്റെ അടുത്ത പദ്ധതിയായ MAAC RADIO (ആത്മീയ സന്ദേശങ്ങൾ, യാമപ്രാർത്ഥനകൾ, വചന വായനകൾ, ഭക്തിഗാനങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളുന്ന റേഡിയോ) കേൾക്കുന്നതിനും സാധിക്കും. കൂടാതെ ഒരു ഇടവകയുടെ എല്ലാ തരത്തിലുമുള്ള ഡോക്കുമെന്റേഷനുകൾക്കു സഹായകമായ പാരീഷ് രജിസ്റ്ററി - അക്കൗണ്ടിങ് സോഫ്റ്റ് വെയറുകളും പുതിയ ഓൺലൈൻ പദ്ധതിയിൽ ഉൾച്ചേർത്തിട്ടുണ്ട്.

## "My Parish": നിങ്ങൾ ചെയ്യേണ്ടത്


ഇടവക - ഫൊറോനാ - രൂപതാ അടിസ്ഥാനത്തിൽ നമ്മുടെ അതിരൂപതയിൽ പ്രവർത്തിച്ചുതുടങ്ങിയിരിക്കുന്ന MAAC ടീമിന്റെ ഉത്തരവാദിത്തത്തിലാണ് "My Parish" എന്ന ഓൺലൈൻ സോഫ്റ്റ് വെയർ പദ്ധതി നടപ്പിലാക്കുകയും പിന്നീട് അതിന്റെ സേവനം സംലഭ്യമാക്കുകയും ചെയ്യുന്നത്. 2021 ഒക്ടോബർ മാസം മുതൽ ഫൊറോനാ അടിസ്ഥാനത്തിൽ പുതിയ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള പരിശീലന പരിപാടികൾ ആരംഭിക്കുകയാണ്. ആദ്യ പടിയായി ഫൊറോനാ വൈദിക സമ്മേളനങ്ങൾ (ഓരോ ഫൊറോനയിലും നടക്കുന്ന മാസസമ്മേളനമോ അല്ലെങ്കിൽ ഓൺലൈനിലൂടെയോ) നടത്തേണ്ടതുണ്ട്. 2021 ഒക്ടോബർ മുതൽ 2022 ഫെബ്രുവരി വരെ

യുള്ള അഞ്ച് മാസങ്ങൾ കൊണ്ടു 'മൈ പാരീഷ്' നമ്മുടെ അതിരൂപതയിലെ മുഴുവൻ ഇടവകകളിലും ഇൻസ്റ്റലേഷൻ ഭാഗം പൂർത്തീകരിച്ച് പ്രവർത്തിച്ചുതുടങ്ങണം. അതുസംബന്ധിച്ച ചർച്ചകൾ നടത്തുകയും തുടർന്നു നിശ്ചിത ദിവസം ആ ഫൊറോനയിലെ മാക് ടീം അംഗങ്ങൾക്കുവേണ്ടിയുള്ള ഒരു ദിവസത്തെ (രാവിലെ 9 മുതൽ വൈകിട്ട് 5 വരെ) പരിശീലനപരിപാടി ഒരുക്കുകയും ചെയ്യുന്നതായിരിക്കും. ഓരോ ഇടവകയിലെയും മാക് ടീമിൽ ആ ഇടവകയിലെ കണക്കനെയും ഓഫീസ് കൈകാര്യം ചെയ്യുന്നവരെയും ഉൾപ്പെടുത്തേണ്ടതാണ്. 16 ഫൊറോനകളിലായി നടത്തേണ്ട വൈദികരുടെ മീറ്റിങ്ങുകളുടെ വിവരങ്ങൾ ഫൊറോനാ സെക്രട്ടറിമാർ എത്രയും പെട്ടന്ന് ബഹുമാനപ്പെട്ട തോമസ് പാടിയത്തച്ചനെ അറിയിക്കുമല്ലോ.


നമ്മുടെ അതിരൂപതാംഗങ്ങൾ അടങ്ങുന്ന Faith Infosoft എന്ന കമ്പനിയാണ് മൈ പാരീഷ് സോഫ്റ്റു വെയറുകളും മൊബൈൽ ആപ്ലിക്കേഷനുകളും നമുക്കായി തയ്യാറാക്കുന്നത്. നമ്മുടെ അതിരൂപതയിലെ ഇടവകകൾ അതാത് ഇടവകയിലെ കുടുംബങ്ങളുടെ എണ്ണമനുസരിച്ച് സോഫ്റ്റ് വെയറിന്റെ ചിലവും പിന്നീടുള്ള മെയിന്റനൻസ് തുകയും നൽകേണ്ടതാണ്.

'അതിരൂപതയിൽ നാം ഒരു കുടുംബ'മാണ് എന്നും സഭ മ്ശിഹായിൽ ഒന്നിച്ചുകൂട്ടപ്പെട്ടവരാണെന്നുമുള്ള തിരിച്ചറിവിലേക്ക് നമ്മെ എത്തിക്കാൻ സഹായിക്കുന്ന വേദിയായി 'മൈ പാരീഷ്' പദ്ധതിയെ നമുക്ക് കാണാം. അതിൽ നമ്മുടെ അതിരൂപതയിലെ മുഴുവൻ ഇടവകകളും ചേരുമ്പോൾ മാത്രമേ പദ്ധതിയുടെ പ്രയോജനം എല്ലാവരിലും എത്തുകയുള്ളു. ഇതുസംബന്ധിച്ചു നൽകുന്ന അറിയിപ്പുകളും നിർദ്ദേശങ്ങളും അനുസരിച്ച് എല്ലാവരും ആത്മാർത്ഥമായി സഹകരിക്കുകയും നമ്മുടെ അജപാലനശുശ്രൂഷ കൂടുതൽ ഫലവത്താക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത




## I
## വൈദികസമ്മേളനം

ലോക്ഡൗൺ നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ വർഷം അതിരൂപതാവൈദികർക്കു മാത്രമായി നവംബർ മാസത്തിൽ നടത്തുന്ന പ്രസ്ബിറ്റേറിയം ഓൺലൈനായി നടത്തുന്നു. 2021 നവംബർ മാസത്തെ മൂന്നാം ചൊവ്വാഴ്ചയായ 16-ാം തീയതി വൈകുന്നേരം 5 മുതൽ 7.30 വരെയാണ് സമ്മേളനം. വിദേശരാജ്യങ്ങളിലുള്ളവർക്കും സംബന്ധിക്കത്തക്കവിധമാണ് സമയക്രമീകരണം. അതിരൂപതാംഗങ്ങളായ എല്ലാ വൈദികരും സമ്മേളനത്തിൽ സംബന്ധിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യേണ്ടതാണ്. മീറ്റിംഗിന്റെ വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## II
## വാർഷിക ധ്യാനം

ഈ വർഷം ധ്യാനം ഒരേ സമയം ഓൺലൈനായും ഓഫ് ലൈനായും നടത്തുന്നു. ഓഫ് ലൈനായി സംബന്ധിക്കേണ്ടവരുടെ ലിസ്റ്റ് രണ്ടു ബാച്ചുകളിലായി നൽകിയിരിക്കുന്നു. നേരിട്ടു ധ്യാനത്തിൽ പങ്കെടുക്കാൻ മറ്റു സീനിയർ വൈദികർ ആഗ്രഹിക്കുന്നെങ്കിൽ അതിരൂപത കച്ചേരിയിൽ അറിയിക്കേണ്ടതാണ്.

തീയതികൾ : നവം. 21 - നവം. 26, നവം. 28 - ഡിസം. 3

*ധ്യാനഗുരു:* **ഫാ. ജയിംസ് കിളിയനാനിക്കൽ**

| BATCH 1 | BATCH -2 |
|---|---|
| 2021 Nov. 21- 26 | 2021 Nov. 28- Dec. 03 |
| Anakallunkal Antony | Anchil Mathew (Jerin) |
| Anchupankil Thomas | Aranjaniyil Geevarghese |
| Aruvanparampil Varghese | Athikalam Jacob |
| Chakkalackal Joseph | Chalackal Sebastian |
| Champakulathil Joseph | Chooravady Antony |
| Edamuriyil Chacko | Chorattuchamakala Joseph |
| Elanjimattom Joseph | Elamthuruthiyil Joseph |
| Erupathil Zachariah | Elanjiparampil Varghese |
| Ettolil Joseph | Eruppakkattu Joseph |
| Kakkanattu Joseph | Kaithaparampil Joseph (Mijo) |
| Kakkuzhy Cherian | Kalathil Joseph |
| Kamicherry Scaria | Kanicheril Varghese |
| Kanikunnel James | Karikandathil Elias |
| Kanniyaconil Thomas | Keerachira Joseph |
| Kattoor Thomas | Kocheethra Joseph |
| Kochuparampil Varghese | Kossackal Varghese |
| Kooliparampil Isaac | Kottathil Mathew |
| Kuriannurparampil Joseph | Malaickal Thomas |
| Kuzhippally Jacob | Manavath Varkey |
| Malyeckal Mathew | Marattukalam Mathew |
| Muttel Thomas | Meppuram Gregory |
| Naduvilekkalam Jacob | Muppathilchira Martin |
| Nambisserykalam Varghese | Nadackal Mathew |
| Nelpurackal Alexander | Nambimadam Varghese |
| Pallichirayil Joseph | Narithuruthel Joseph |
| Parappallil Scaria | Neriamparampil Emmanuel |
| Pazhayamadam Varghese | Parackal Jacob |
| Perumpalathussery Abraham | Parathanam Joseph |
| Plathanam John | Peediackal Kuriakose |
| Poovatholil Thomas | Plamparambil Varghese |
| Putheparambil Joseph (Libin) | Plathanam Joseph |
| Puthuvelil Varghese | Purackal Joseph |
| Thadathil Mathew | Puthiyidam Joseph |
| Thottackattukalayil Joseph | Srambickal Thomas |
| Thycheril George | Tharakunnel Antony |
| Vallathara Aloysius | Thundiyil Devasia |
| Veliyath George | Vadakkekalam John |
| Vengassery Joseph | Velangattussery Joseph |
| Vengassery Paul | Vellamathara Sebastian |
| Vettukuzhiyil Varghese | Vengasserry Thomas |
| | Vettithanam Xavier |

# സമർപ്പണത്തിന്റെ സവിശേഷമാതൃക:
## കുന്നിപ്പറമ്പിൽ ബഹു. സേവ്യറച്ചൻ



കർത്താവിന്റെ മഹത്വമേറിയ രണ്ടാം വരവിനായി ജാഗ്രതയോടെ, ഒരുക്കത്തോടെ, കാത്തിരിക്കുവാൻ സഭാമാതാവ് നമ്മെ ഓർമ്മപ്പെടുത്തുന്ന കാലഘട്ടമാണല്ലോ ഏലിയാ-സ്ലീവാ- മൂശേകാലം. മണവാളനെ എതിരേൽക്കുവാനായി തിരികൾ ഒരുക്കി കാത്തിരുന്ന കന്യകമാർക്ക് മണവറപ്രവേശനം ആനന്ദദായകമായിരുന്നു. ഒരുക്കമില്ലാത്തവർക്ക് അസ്വസ്ഥതയുടെയും ഭീതിയുടെയും നിമിഷങ്ങളായിരുന്നു അവ. അപ്രതീക്ഷിതമായ മരണത്തെ പുഞ്ചിരിയോടെ, സൗമ്യമായി സ്വീകരിക്കുവാൻ എപ്പോഴും ഒരുക്കമുള്ളവനായിരുന്നു കുന്നിപ്പറമ്പിൽ ബഹു. സേവ്യറച്ചൻ. ഭീതിയൊട്ടുമില്ലാതെ കർത്താവിനോടൊപ്പമായിരിക്കുവാൻ, ഇഹലോകജീവിത കർത്തവ്യങ്ങൾ പൂർത്തിയാക്കി, 2021 ആഗസ്റ്റു മാസം 30-ാം തീയതി വൈകുന്നേരം ശാന്തമായി ബഹു. അച്ചൻ കടന്നുപോയി. ശാന്തമായി ഒഴുകുന്ന പുഴപോലെ, ദൈവഹിതത്തിനു ജീവിതത്തെ സമർപ്പിച്ചു, തന്റെ ജീവിതാരംഭം മുതൽ അവസാനംവരെ ആ സമർപ്പണത്തോടുള്ള വിശ്വസ്തതയിൽ ജീവിക്കുവാൻ സാധിച്ച ബഹു. സേവ്യറച്ചന്റെ ജീവിതം അനുകരണീയമാണ്.

ചങ്ങനാശേരി മെത്രാപ്പോലീത്തൻ ഇടവകയിൽ കുന്നിപ്പറമ്പിൽ ഫ്രാൻസീസ് - റോസമ്മ ദമ്പതികളുടെ മകനായി 1931 ജൂലൈ മാസം 31-ാം തീയതി ബഹു. സേവ്യറച്ചൻ ഭൂജാതനായി. സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം വൈദികനാകണമെന്ന ആഗ്രഹത്തോടെ അതിരൂപതയുടെ മൈനർ സെമിനാരിയിൽ പ്രവേശിച്ചു. ആലുവാ പൊന്തിഫിക്കൽ സെമിനാരിയിലെ തത്വശാസ്ത്രപഠനത്തിനും ദൈവശാസ്ത്രപഠനത്തിനുംശേഷം 1964-ൽ ബോംബയിലെ ദിവ്യകാരുണ്യകോൺഗ്രസിന്റെ അവസരത്തിൽ അഭിവന്ദ്യ മാർ ജോർജ് ആലപ്പാട്ട് പിതാവിന്റെ കൈവയ്പുശുശ്രൂഷവഴി പുരോഹിതപട്ടം സ്വീകരിച്ചു.

നവാഭിഷിക്തനായ ബഹു. സേവ്യറച്ചൻ ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ അസ്തേന്തിയായി അജപാലനശുശ്രൂഷ ആരംഭിച്ചു. തുടർന്നു കണയങ്കവയൽ, പുളിക്കകവല, മാമ്പുഴക്കരി, കരുണാപുരം, ളായിക്കാട്, ആര്യങ്കാവ്, രാജാക്കൂപ്പ്, ഇടപ്പാളയം, വെഞ്ചെമ്പ്, മീൻകുളം, ആനക്കുളം, താഴത്തങ്ങാടി, വെളിയനാട് സൗത്ത്, കുമരകം സൗത്ത്, കിടങ്ങറ, പനയമ്പാല, വായ്പൂർ പുത്തൻപള്ളി, കട്ടച്ചിറ, പായിപ്പാട് ലൂർദ് മാതാ, ചേപ്പുംപാറ, രാജമറ്റം, എന്നിവിടങ്ങളിലെ സ്തുത്യർഹമായ സേവനത്തിനുശേഷം ഇത്തിത്താനത്തുള്ള പ്രീസ്റ്റ് ഹോമിൽ വിശ്രമത്തിനായി പ്രവേശിച്ചു. അജപാലനശുശ്രൂഷയിൽ

തന്റെ സേവനം ആവശ്യമായി വന്ന അവസരത്തിൽ വിശ്രമജീവിതത്തിനിട യ്ക്കു തടിയൂർപള്ളിയിൽ ഹ്രസ്വകാലം വീണ്ടും ശുശ്രൂഷചെയ്യുവാൻ ബഹു. അച്ചൻ സന്നദ്ധനായി.

ബഹു. സേവ്യറച്ചന്റെ ആദ്യകാലസേവനം താരതമ്യേന ബുദ്ധിമുട്ടേറി യതും അക്കാലങ്ങളിൽ മിഷൻ പ്രദേശമായി കരുതപ്പെട്ടതുമായ ചെറിയ ഇട വകകളിലായിരുന്നു. ദൈവത്തിലാശ്രയിച്ചു പ്രതിസന്ധികളെ തരണം ചെയ് താണ് ആ ഇടവകകളിൽ ബഹു. അച്ചൻ കർമ്മനിരതനായത്. കുട്ടനാട്ടിലെ ഇടവകകളിലും കിഴക്കൻ പ്രദേശത്തു പല ഇടവകകളിലും അച്ചൻ സേവനം ചെയ്തിട്ടുണ്ട്. അനാരോഗ്യം അലട്ടുമ്പോഴും ഏല്പിക്കപ്പെട്ട അജഗണത്തെ ശുശ്രൂഷിക്കുന്നതിൽ അദ്ദേഹം വീഴ്ച വരുത്തിയില്ല. സ്നേഹവും വിനയവും നിറഞ്ഞ ബഹു. അച്ചന്റെ സംസാരവും പെരുമാറ്റവും ഇടവകക്കാർക്കു ബഹു. അച്ചനെ പ്രിയങ്കരനാക്കി. ചെറിയകാര്യങ്ങളിലെ വിശ്വസ്തതയിലൂടെ വിശുദ്ധ ജീവിതം നയിക്കാമെന്നു പഠിപ്പിച്ച നല്ല ഇടയനാണ് ബഹു. കുന്നിപ്പറമ്പിലച്ചൻ. തന്റെ ജീവിതസമാപ്തിയിൽ നല്ല ഇടയന്റെ ചിത്രം ഇടവകാംഗങ്ങളുടെ മന സ്സിൽ പകർന്നു നൽകി കടന്നുപോയ ബഹു. അച്ചന്റെ ധന്യമായ ജീവിതം അനേകർക്കു പ്രചോദനമായി മാറും.

തന്റെ മുപ്പത്തിമൂന്നാം വയസ്സിൽ പൗരോഹിത്യശുശ്രൂഷ ആരംഭിച്ച ബഹു. സേവ്യറച്ചൻ സമ്പൂർണ്ണ സമർപ്പണത്തിന്റെ മാതൃകയാവണം ഏതൊരു വൈ ദികനും എന്ന് ഉറച്ചു വിശ്വസിച്ചിരുന്ന വ്യക്തിയാണ്. 42 വർഷത്തെ ഇടവക സേവനം അവസാനിപ്പിച്ചു വൈദികമന്ദിരത്തിലെത്തുമ്പോൾ തനിക്കായി ഭൗതി കസമ്പത്തു സമ്പാദിക്കുകയോ സംഭരിച്ചുവയ്ക്കുകയോ ചെയ്തില്ല. തനിക്കുള്ള ഭൗതികസമ്പത്തു ശുശ്രൂഷാമേഖലകളിൽ നൽകി ദാരിദ്ര്യാരൂപി കാത്തുസൂ ക്ഷിച്ച് ആകുലതകളില്ലാതെയാണ് അദ്ദേഹം വിശ്രമജിവിതം ആരംഭിച്ചത്. ഉള്ള തിൽ സംതൃപ്തികണ്ടെത്തി, പരാതികളില്ലാതെ തന്നെ വിളിച്ചവനു ജീവിതം സമർപ്പിക്കുന്നതിൽ മാത്രം സംതൃപ്തി കണ്ടെത്തിയ സന്യാസതുല്യനായ ഒരു പുരോഹിതനെയാണ് ബഹു. അച്ചന്റെ വേർപാടിലൂടെ നമുക്കു നഷ്ടമായത്.

2021 സെപ്റ്റംബർ 2-ാം തീയതി ബഹു. സേവ്യറച്ചന്റെ മൃതദേഹം മെത്രാപ്പോ ലീത്തൻ പള്ളി സിമിത്തേരിയിൽ സംസ്കരിച്ചു. അഭി. മാർ ജോസഫ് പെരും ന്തോട്ടം പിതാവിന്റെ കാർമ്മികത്വത്തിൽ നടത്തപ്പെട്ട മൃതസംസ്കാരശുശ്രൂഷക ളിൽ അഭി. മാർ തോമസ് തറയിൽ പിതാവും ആദ്യന്തം സംബന്ധിച്ചു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു ധാരാളം വൈദികരും സമർപ്പിതരും അൽമായ വിശ്വാസി കളും ബഹു. അച്ചനെ പ്രാർത്ഥനയോടെ യാത്രയാക്കി. ദൈവവിളി ആവശ്യ പ്പെടുന്ന സമർപ്പണത്തെ ജീവിതത്തിലൂടെ പൂർണ്ണമാക്കുവാൻ പരിശ്രമിച്ചു കടന്നുപോയ ബഹു. സേവ്യറച്ചന്റെ മാതൃക വരും തലമുറക്കു പ്രചോദനമാകും എന്നതിൽ സംശയമില്ല. പ്രിയപ്പെട്ട അച്ചന്റെ ആത്മാവു ദൈവസന്നിധിയിൽ സ്വീകാര്യമാകട്ടെ എന്ന് പ്രാർത്ഥിക്കാം.

**ഫാ. ഐസക് ആലഞ്ചേരി (Jr.)**

# പാസ്റ്ററൽ കൗൺസിൽ
# PASTORAL COUNCIL

## പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് യോഗത്തിന്റെ റിപ്പോർട്ട്

XV-ാമത് പാസ്റ്ററൽ കൗൺസിലിന്റെ 5-ാമത് എക്സിക്യൂട്ടീവ് യോഗം 14.09.2021 ന് അരമന കോൺഫറൻസ് ഹാളിൽവെച്ച് നടത്തപ്പെട്ടു. പാസ്റ്ററൽ കൗൺസിൽ സ്ഥാപിതമായിട്ട് 51 വർഷങ്ങൾ പൂർത്തിയായ അവസരത്തിൽ കൂടിയ ഈ യോഗം ആനുകാലിക വെല്ലുവിളികളും പ്രതിസന്ധികളും വിശദമായി ചർച്ച ചെയ്യുകയും മുന്നോട്ടുള്ള പ്രവർത്തനങ്ങൾ എങ്ങനെയായിരിക്കണമെന്നു ഗൗരവത്തോടെ പര്യാലോചന നടത്തുകയും ചെയ്തു. 23 അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് അദ്ധ്യക്ഷം വഹിച്ചു. ഡോ. ഡൊമിനിക് ജോസഫ് സ്വാഗതം ആശംസിച്ചു. തുടർന്ന് അജണ്ടാ കമ്മറ്റി നിർദ്ദേശിച്ച വിഷയങ്ങൾ ചർച്ചയ്ക്കായി അവതരിപ്പിച്ചു. പാസ്റ്ററൽ കൗൺസിൽ മുൻ സെക്രട്ടറി നിരപ്പേൽ ബഹു. ആന്റണി അച്ചന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കുകയും മൗനപ്രാർത്ഥനയോടെ ആദരവർപ്പിക്കുകയും ചെയ്തു. തുടർന്ന് ചർച്ചകൾ ആരംഭിച്ചു. കാലികപ്രസക്തിയുള്ള വിഷയങ്ങളുടെ കൂട്ടത്തിൽ ഏറ്റം ഗൗരവതരമായ ശ്രദ്ധപതിയേണ്ടത് എന്ന് യോഗം വിലയിരുത്തിയതു മതസൗർദ്ദത്തിനുനേരെ ഉയരുന്ന വെല്ലുവിളികളും ലഹരിമരുന്നുപയോഗത്തിന്റെ അതിപ്രസരവുമാണ്. ഇതിനെ പ്രതിരോധിക്കാൻ ആവശ്യമായ അജപാലനപരമായ കരുതലും ശ്രദ്ധയും പുലർത്താൻ എല്ലാ വിഭാഗങ്ങൾക്കും കുട്ടികൾ - യുവാക്കൾ - മുതിർന്നവർ - അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കണമെന്നു യോഗം വിലയിരുത്തി. അടുത്ത പാസ്റ്ററൽ കൗൺസിൽ പൊതുസമ്മേളനത്തിൽ ഈ വിഷയത്തിന്റെ വിവിധ മാനങ്ങൾ പഠനത്തിനു വിധേയപ്പെടുത്താൻ ധാരണയായി. സഭാവിശ്വാസികളിൽ ആഴത്തിലുള്ള അവബോധം രൂപപ്പെടുത്തേണ്ട വിഷയമാണിതെന്ന് യോഗം ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു.

തുടർന്ന് എയ്ഡഡ് വിദ്യാഭ്യാസ മേഖലയെ തകർക്കുക എന്ന ലക്ഷ്യത്തോടെ റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കാനുള്ള സർക്കാർ നീക്കത്തെക്കുറിച്ചു യോഗം ഉൽക്കണ്ഠ രേഖപ്പെടുത്തി. കാര്യങ്ങൾ പഠിച്ച് ഒരു പൊതുബോധം രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും ചർച്ചയിൽ ഉയർന്നുവന്നു. ഈ പ്രശ്നത്തിന്റെ എല്ലാ വശങ്ങളും വിശദമായി പ്രതിപാദിക്കുന്ന ഒരു ഇൻപുട്ട് സെഷൻ വരുന്ന പാസ്റ്ററൽ കൗൺസിൽ സമ്മേളനത്തിൽ ക്രമീകരിക്കുവാനും തീരുമാനിച്ചു. സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന ലഹരിവിപത്തിനെ ഉന്മൂലനം ചെയ്യാനും മയക്കുമരുന്നുമാഫിയയ്ക്കെതിരെ ശക്തമായി സംഘടിച്ചു ഫലപ്രദമായ ചെറുത്തുനില്പു നടത്താനും ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്ന് ആവശ്യമുയർന്നു. ലഹരിവിപത്തും പ്രതിരോധമാർഗ്ഗങ്ങളും അടുത്തയോഗത്തിൽ പഠനവിഷയമാക്കണമെന്നും നിർദ്ദേശമുയർന്നു.

അഭിവന്ദ്യ പിതാവ് തന്റെ സന്ദേശത്തിൽ അതിരൂപതയെക്കുറിച്ചു ശാസ്ത്രീയമായി പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും ഒരു സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സർവ്വേ നടത്തുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെട്ടു. CARP ഉം ഫാമിലി അപ്പോസ്തലേറ്റുമായി സഹകരിച്ച് ചോദ്യാവലി രൂപപ്പെടുത്തി നവംബർ മാസത്തിനു മുൻപുതന്നെ പ്രസ്തുത സർവ്വേ പൂർത്തിയാക്കി വിവരങ്ങൾ ക്രോഡീകരിച്ച് അവതരിപ്പിക്കുവാൻ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തി. ഡോ. ഡൊമിനിക് ജോസഫ്, അഡ്വ. ജോജി ചിറയിൽ, ശ്രീ. ആന്റണി തോമസ് മലയിൽ എന്നിവർ പാസ്റ്ററൽ കൗൺസിലിൽനിന്നും പ്രസ്തുത കമ്മിറ്റിയിൽ അംഗങ്ങളായി നിർദ്ദേശിക്കപ്പെട്ടു.

ആനുകാലിക പ്രശ്നങ്ങളെയും വിവാദങ്ങളെയും സംബന്ധിക്കുന്ന വിഷയങ്ങളെക്കുറിച്ചു നടന്ന ഗൗരവതരമായ ചർച്ചകളിൽ പിതാവ് സംതൃപ്തി രേഖപ്പെടുത്തി. ലോകത്തിനു സാക്ഷ്യമായി മാറാൻ വിളിക്കപ്പെട്ടിരിക്കുന്ന അത്മായർ അവരുടെ ദൗത്യം തിരിച്ചറിഞ്ഞു ക്രിയാത്മകമായും സഭയുടെ വളർച്ചയ്ക്കുതകുന്ന ആശയങ്ങളുടെ വാഹകരായും പ്രവർത്തിക്കണം; സുവിശേഷമൂല്യങ്ങൾ കാര്യക്ഷമമായി കൈമാറ്റം ചെയ്യുന്നവരാകണം. അതിരൂപതയും ദൈവജനം മുഴുവനും ചർച്ചചെയ്യേണ്ട വിഷയങ്ങൾ കണ്ടെത്തി നല്ല ആശയസംവാദങ്ങൾ സംഘടിപ്പിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യണം. ഒറ്റക്കെട്ടായി മുന്നേറുന്ന വിശ്വാസിസമൂഹത്തെ രൂപപ്പെടുത്തുന്നതിലും സമുദായപുരോഗതി കൈവരിക്കുന്നതിലും എല്ലാ തലങ്ങളിലും പ്രസക്തമായ ചർച്ചകൾ നടക്കുന്നു എന്നുറപ്പുവരുത്തുന്നതിലും പാസ്റ്ററൽ കൗൺസിലിന്റെ ഉത്തരവാദിത്വം വലുതാണ്. അതു തന്നെയാണിതിന്റെ പ്രസക്തിയും, അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. ശ്രീ. ആന്റണി തോമസ് മലയിൽ നന്ദി അർപ്പിച്ചു. പിതാവിന്റെ ആശീർവ്വാദത്തോടെ യോഗം സമാപിച്ചു.

**ഡോ. രേഖാ മാത്യൂസ്**
**ശ്രീ. ആന്റണി തോമസ് മലയിൽ**
ജോ. സെക്രട്ടറിമാർ

**ഡോ. ഡൊമിനിക് ജോസഫ്**
സെക്രട്ടറി

## COVID RELIEF FUND RECEIVED

| | | |
|---|---|---|
| ST SEBASTIAN CHURCH KODUNATTUKUNNU | - | 15000 |
| MR K T ANTONY CHETHIPUZHA | - | 10000 |
| VINCENT DE PAUL SOCIETY | - | 10000 |
| ♦ LOURDE FORANE CHURCH KOTTAYAM | - | 100000 |
| **GRAND TOTAL** | **=** | **2130847** |

***TOTAL SUM OF RUPEES SPEND FOR COVID RELIF FUND - 1139000***

## ഷെവ. ഐ.സി. ചാക്കോ പുരസ്ക്കാരം സമർപ്പിച്ചു

സാഹിത്യകാരൻ, ഭരണകർത്താവ്, സഭാസ്നേഹി, സമുദായ നേതാവ് എന്നീ നിലകളിൽ ചരിത്രപ്രതിഷ്ഠനായ ഷെവലിയാർ ഐ.സി. ചാക്കോയുടെ സ്മരണാർത്ഥം ചങ്ങനാശേരി അതിരൂപത ഏർപ്പെടുത്തിയ അവാർഡ് 10-9-2021 തീയതിയിൽ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ ശ്രീ. ജോൺ കച്ചിറമറ്റത്തിന് സമർപ്പിച്ചു. 25,000/-രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് ഈ പുരസ്ക്കാരം. ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അവാർഡ് ജേതാവിനെ പൊന്നാട അണിയിച്ച് ആദരിച്ചു. റവ. ഡോ. തോമസ് പാടിയത്ത് ഷെവ. ഐ.സി. ചാക്കോ അനുസ്മരണപ്രഭാഷണം നടത്തി. അവാർഡ് ജേതാവ് ശ്രീ. ജോൺ കച്ചിറമറ്റം, പൗരസ്ത്യവിദ്യാപീഠം പ്രസിഡന്റ് റവ. ഡോ. ആൻഡ്രൂസ് മേക്കാട്ടുകുന്നേൽ, പി.ആർ.ഒ അഡ്വ. ജോജി ചിറയിൽ, ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ എന്നിവർ പ്രസംഗിച്ചു. പരിപാടികൾക്ക് അഡ്വ. ജോർജ് വർഗീസ് കോടിക്കൽ, റവ. ഫാ. ജോസഫ് പനക്കേഴം എന്നിവർ നേതൃത്വം നൽകി.

## സ്വാതന്ത്ര്യസ്മൃതി – ലേഖനമത്സരം നടത്തി

സ്വാതന്ത്ര്യലബ്ധിയുടെ 74-ാം വാർഷികത്തോടനുബന്ധിച്ച് *'ഇന്ത്യൻ മതേതരത്വം പ്രതീക്ഷയും പ്രതിസന്ധികളും'* എന്ന വിഷയത്തെ അധികരിച്ച്, അതിരൂപതാ പബ്ലിക് റിലേഷൻസ് – ജാഗ്രതാസമിതിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ കത്തോലിക്കാ രൂപതകൾക്കായി ലേഖനമത്സരം സംഘടിപ്പിച്ചു. 1) ആൻസൺ എ. അത്തിക്കളം, മാർ ഗ്രിഗോറിയോസ് ഇടവക പുന്നപ്ര. 2) ആശാ ചെറിയാൻ വടക്കേൽ, സെന്റ് ആന്റണീസ് ഇടവക ചേനപ്പാടി. 3) സ്വാതി മറിയം സണ്ണി ഇല്ലിച്ചുവട്ടിൽ, സെന്റ് ജോൺസ് ഇടവക കുമരകം വടക്കുംകര എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്കുള്ള ക്യാഷ് അവാർഡ് ശ്രീ. ജോസഫ് മറ്റപ്പറമ്പിൽ, വെരൂർ സ്പോൺസർ ചെയ്തു.

## സർക്കാർ പട്ടികയിലെ സീറോമലബാർ സമുദായത്തിന്റെ പേര് സംബന്ധിച്ച അവ്യക്തത പരിഹരിക്കണം

സീറോ മലബാർ സമുദായാംഗങ്ങൾ കാലകാലങ്ങളായി റോമൻ കാത്തലിക് സിറിയൻ ക്രിസ്ത്യൻ, റോമൻ കാത്തലിക്, സിറിയൻ കാത്തലിക്, സിറിയൻ ക്രിസ്ത്യൻ എന്നിങ്ങനെ വിവിധ നാമങ്ങളാണ് ഔദ്യോഗിക രേഖകളിൽ സമുദായത്തെ സൂചിപ്പിക്കുവാൻ ഉപയോഗിച്ചുപോന്നത്. എന്നാൽ സംസ്ഥാന സർക്കാർ 4-6-2021 ൽ പ്രസിദ്ധീകരിച്ച സംവരണരഹിത വിഭാഗങ്ങളുടെ പട്ടികയിൽ 163-ാം നമ്പരായി, സീറോ മലബാർ കാത്തലിക് (സിറിയൻ കാത്തലിക്) എന്ന നാമമാണ് ഈ സമുദായത്തിന് നൽകിയിരിക്കുന്നത്. ഇതുമൂലം ഇ.ഡബ്ളിയു.

എസ്. സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ ലഭിക്കുന്നതിനും അഡ്മിഷൻ, ജോലി തുടങ്ങിയ ആവശ്യങ്ങൾക്കും സമുദായ അംഗങ്ങൾക്ക് പ്രായോഗികമായ വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. അതിനാൽ ഈ പേരുകൾ ഔദ്യോഗിക രേഖകളിൽ ഉപയോഗിച്ചുകൊണ്ടിരുന്നവർക്ക് അവ സംവരണരഹിത വിഭാഗങ്ങളുടെ പട്ടികയിലെ 163-ാം നമ്പരിനു തുല്യമായി പ്രഖ്യാപിച്ചുകൊണ്ടും, ഇനി മുതൽ സീറോ മലബാർ സഭയിലെ സംവരണ രഹിതരിൽ മറ്റു പേരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്തവർ സീറോ മലബാർ സിറിയൻ കാത്തലിക് എന്ന് ഔദ്യോഗിക രേഖകളിൽ ഉപയോഗിക്കണമെന്നും നിർദ്ദേശിച്ച് ഗവ. ഉത്തരവ് പുറപ്പെടുവിക്കണമെന്ന്, അതിരൂപതാ പി.ആർ - ജാഗ്രതാ സമിതി മുഖ്യമന്ത്രിയോടും റവന്യൂ മന്ത്രിയോടും ആവശ്യപ്പെട്ടു.

**അഡ്വ. ജോജി ചിറയിൽ**
പി ആർ ഒ

**ഫാ. ജയിംസ് കൊക്കാവയലിൽ**
ഡയറക്ടർ

## സെന്റ് ജോസഫ് പ്രീസ്റ്റ് പ്രൊവിഡന്റ് ഫണ്ട് അസോസിയേഷൻ അറിയിപ്പുകൾ

2021 സെപ്റ്റംബറിൽ PPFA കുടുംബത്തിൽ നിന്നും നിത്യസമ്മാനത്തിന് യാത്രയായ കുന്നിപ്പറമ്പിൽ ബഹു. സേവ്യർ അച്ചനെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം. എല്ലാ അംഗങ്ങളും അച്ചന്റെ നിയോഗത്തിൽ ഒരുകുർബാന അർപ്പിക്കേണ്ടതാണ്.

സ്നേഹപൂർവ്വം,

**ഫാ. ടോം ആര്യങ്കാല**
സെക്രട്ടറി

# ബൈബിൾ കോഴ്സ്

മാരിയോസിനോടു ചേർന്ന് അതിരൂപത ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ ഒരുവർഷത്തെ ബൈബിൾ കോഴ്സ് ഓൺലൈനായി ആരംഭിക്കുവാൻ ആഗ്രഹിക്കുന്നു. ബൈബിളിനെക്കുറിച്ച് അടിസ്ഥാന അറിവു ലഭിക്കുന്നതിന് ഈ കോഴ്സ് പര്യാപ്തമാകുന്നതാണ്. ആയതിനാൽ ബൈബിൾ പഠനത്തിൽ താൽപര്യമുള്ളവർ താഴെക്കാണുന്ന നമ്പരിലേയ്ക്കു വാട്ട്സ് ആപ്പ് ചെയ്യേണ്ടതാണ്.

Ph: 7306208356 (Bible Apostolate)

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

എല്ലാവരും സുരക്ഷിതരായിരിക്കുന്നു എന്നു വിശ്വസിക്കുന്നു. ഈ ഒരു കാല ഘട്ടത്തിൽ നമ്മുടെ ഇടവകകളിൽ ഏറ്റവും കൂടുതൽ ശക്തി പ്രാപിച്ചതും എല്ലാ ഇടവകകളിലും രൂപപ്പെട്ടതുമായ ഒന്നാണ് മാധ്യമപ്രേഷിതത്വം. മാധ്യമരംഗത്ത് മറ്റുള്ളവർക്കും മാതൃകയായ നമ്മൾ, മാധ്യമരംഗത്തെ പുതിയ സാധ്യതകളും ഉപയോഗപ്പെടുത്തുവാനുള്ള ശ്രമത്തിലാണ്. MAACന് ഓരോരുത്തരും നൽകി കൊണ്ടിരിക്കുന്ന സേവനങ്ങൾക്കും പ്രോത്സാഹനത്തിനും നന്ദി.

## MAAC TEAM ന്റെ പ്രധാന പ്രവർത്തനങ്ങളും പ്രതീക്ഷകളും

MAAC TV എന്ന അതിരൂപതയുടെ ഔദ്യോഗിക യൂട്യൂബ് ചാനൽ, അതിരൂപ തയുടെയും MAAC TVയുടെയും ഫേസ്ബുക്ക് പേജുകൾ, അരാധനവത്സര വായന കൾ വായിക്കുന്നതിനും ധ്യാനിക്കുന്നതിനും ഉപകാരമാകുംവിധം പ്രചരിപ്പി ക്കുന്ന JESUS ADS, MAAC DAILY WORDS എന്നിവയാണ് MAAC TEAM ഇപ്പോൾ കൈകാര്യം ചെയ്യുന്ന പ്രധാന മേഖലകൾ.

വൈവിധ്യമാർന്ന ആത്മീയ പരിപാടികളിലൂടെ ദൈവവചനം അനേക രിലെത്തിക്കുന്നതിനുള്ള നമ്മുടെ അതിരൂപതയുടെ പുതിയ പദ്ധതിയാണ് MAAC RADIO. ഏറെ കാലത്തെ സ്വപ്നങ്ങളിലൊന്നായ MAAC RADIO പുതിയ ആരാധനാവത്സരത്തോടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന പ്രതീക്ഷ യിലാണ്.

അതിരൂപതയിലെ എല്ലാ കുടുംബങ്ങളെയും കോർത്തിണക്കാൻ സഹായ മാകും വിധം ഒട്ടേറെ മികവുകളോടെ MY PARISH Software ഉടൻ തന്നെ എല്ലാ ഇടവകളിലും ലഭ്യമാക്കാനും പരിശ്രമിക്കുന്നതാണ്. MY PARISH നെ കുറിച്ചുള്ള കൂടതൽ വിവരങ്ങൾ ഫൊറോനാതല വൈദിക സമ്മേളനങ്ങളിലൂടെ അറിയി ക്കുന്നതാണ്.

## MAAC TEAM ഇടവകളിലും ഫൊറോനയിലും

മാധ്യമപ്രേഷിതത്വം എന്നും ഒരു കൂട്ടായ പ്രവൃത്തിയാണ്. ആയതിനാൽ അതിന്റെ Preproduction, Production, Post production തലങ്ങളിൽ പലവിധത്തിൽ ഒരോരുത്തർക്കും നമ്മുടെ ഈ ടീമിന്റെ ഒപ്പം നിൽക്കാം. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അതാത് ഇടവകളിൽ മാധ്യമരംഗത്ത് കഴിവുള്ളതും സഭാപ രമായ കാര്യങ്ങളിൽ കൂടുതൽ താതപര്യമുള്ളവരുമായ 5 പേരെ കണ്ടെത്താൻ ശ്രമിക്കുമല്ലോ. MAAC TEAM ന്റെ പ്രവർത്തനങ്ങൾ ആരംഭിച്ച നാളുകളിൽ തന്നെ ഇത്തരം ഒരു ടീം രൂപപ്പെട്ടിട്ടുള്ള ഇടവകളിൽ അത് ശക്തിപ്പെടുത്തുവാനും ശ്രമിക്കുമല്ലോ. ഇപ്രകാരം ഓരോ ഇടവകളിലുംനിന്നു രൂപപ്പെടുന്ന 5 പേരട ങ്ങുന്ന ടീമിനെ കോർത്തിണക്കി ഫൊറോനാ ഡയറക്ടറച്ചന്മാർ ഫൊറോനാ തല MAAC TEAM രൂപികരിച്ച് കോർഡിനേറ്റേഴ്സിന്റെ സഹായത്തോടെ പരി പാടികൾ ആവിഷ്കരിക്കുവാനും ശ്രദ്ധിക്കുമല്ലോ. ഫൊറോനാ ഡയറ്കടറച്ചന്മാർ

ആവശ്യപ്പെടുന്നതനുസരിച്ച് അതിരൂപതാ ടീം ഇവർക്ക് ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനവും നൽകുന്നതുമാണ്.

**ഫൊറോനാ ഡയറ്ക്ടേഴ്സ്**

| | |
|---|---|
| 01. ആലപ്പുഴ | - ഫാ. ജോസഫ് നരിതുരുത്തേൽ |
| 02. അമ്പൂരി | - ഫാ. സെബാസ്റ്റ്യൻ ശൗര്യമാക്കൽ |
| 03. അതിരമ്പുഴ | - ഫാ. ഇമ്മാനുവേൽ നെല്ലുവേലി |
| 04. ചമ്പക്കുളം | - ഫാ. തോമസ് കൊച്ചെള്ളേച്ചങ്ങളം |
| 05. ചങ്ങനാശ്ശേരി | - ഫാ. വർഗീസ് അറുവൻപറമ്പിൽ |
| 06. എടത്വാ | - ഫാ. തോമസ് പൂവത്തോലിൽ |
| 07. കൊല്ലം-ആയൂർ | - ഫാ. ജോസഫ് തോട്ടയ്ക്കാട്ടുകാലായിൽ |
| 08. കോട്ടയം | - ഫാ. ഇൻസൺ അപ്പച്ചേരി |
| 09. കുടമാളൂർ | - ഫാ. ഗീവർഗീസ് അരഞ്ഞാണിയിൽ |
| 10. കുറുമ്പനാടം | - ഫാ. ജോസഫ് ഈറ്റോലിൽ |
| 11. മണിമല | - ഫാ. ജേക്കബ് നടുവിലേക്കളം |
| 12. നെടുങ്കുന്നം | - ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ |
| 13. പുളിങ്കുന്ന് | - ഫാ. തോമസ് പുത്തൻപറമ്പിൽ |
| 14. തിരുവനന്തപുരം | - ഫാ. തോമസ് (ബിബിൻ) ശ്രാമ്പിക്കൽ |
| 15. തൃക്കൊടിത്താനം | - ഫാ. ജെയിംസ് പുളിച്ചുമാക്കൽ |
| 16. തുരത്തി | - ഫാ. തോമസ് വേങ്ങാശ്ശേരിൽ |

MAAC TV, MAAC RADIO തുടങ്ങിയ സാധ്യതകളിലൂടെ തങ്ങളുടെ കഴിവുകൾ പുറത്തുകൊണ്ടുവരുവാൻ താത്പര്യമുള്ളവരും സ്ക്രിപ്പ്റ്റ് റൈറ്റിങ്ങ്, ആങ്കറിങ്ങ്, ന്യൂസ് റിപ്പോർട്ടിങ്ങ് മുതലായരംഗങ്ങൾ ഒരു ശുശ്രൂഷയായി ചെയ്യാൻ താത്പര്യമുള്ളവരും ബഹുമാനപ്പട്ട വികാരിയച്ചന്മാരിലൂടെയോ ഫോറോനാ ഡയറക്ടറച്ചന്മാരിലൂടെയോ അതിരൂപതാ ടീമിനെ വിവരം അറിയിക്കാൻ ശ്രമിക്കുമല്ലോ.

സ്നേഹപൂർവ്വം,

**ഫാ. ജോഫി പുതുപ്പറമ്പ്** (9496935651) **ഫാ. ആന്റണി ഏത്തയ്ക്കാട്ട്**
**ഫാ. ലൈജു കണിച്ചേരിൽ** (9496802254)

# സന്ദേശനിലയം
## SANDESANILAYAM

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

വിശ്വാസപരിശീലകർക്കായി 3 റീജണുകളിലായി നടത്തപ്പെട്ട ഓൺലൈൻ സെമിനാറിൽ പങ്കുചേർന്ന എല്ലാവരേയും, കാലഘട്ടത്തിന്റെ ചുവരെഴുത്തുകളെ തിരിച്ചറിയാൻ കാലോചിതമായ ചിന്തകൾ പങ്കുവച്ച ബഹു. റോയി കണ്ണംചിറ സി.എം.ഐ അച്ചനേയും നന്ദിയോടെ ഓർക്കുന്നു. CRT ഓൺലൈൻ വിസിറ്റുകൾ ഭംഗിയായി ക്രമീകരിക്കപ്പെട്ടു എന്നു കരുതുന്നു. ഒന്നാം ടേം പരീക്ഷയുടെ ഭാഗമായി നടത്തപ്പെടുന്ന വാചിക പരീക്ഷ ഫലവത്താക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ. 10, 11, 12 ലെ ക്ലാസ്സുകളിലെ കുട്ടികൾക്കായി ഇട വകയിൽ നടത്തപ്പെടുന്ന "Jesus Meet" എന്ന പ്രോഗ്രാം നിങ്ങളുടെ ശ്രദ്ധയിൽ ഉണ്ടാകുമല്ലോ.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോഷി പാണംപറമ്പിൽ**
(ജോ. ഡയറക്ടർ)

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
(ഡയറക്ടർ)

**ഫാ. നിബിൻ പഴയമഠം**
(അസി. ഡയറക്ടർ)

## അറിയിപ്പുകൾ

**ഒക്ടോബർ**

| | | |
|---|---|---|
| 3 ഞായർ | : | ഏലിയാ സ്ലീവാ മൂശേകാലങ്ങൾ ആറാം ഞായർ, ക്ലാസ്സ് 19 |
| | : | **സൺഡേസ്കൂൾ ഒന്നാം ടേം എഴുത്തു പരീക്ഷ (1 മുതൽ 11 വരെ ക്ലാസ്സുകൾക്ക്)** |
| 9 ശനി | : | **ദൈവദാസൻ മാർ മാത്യു കാവുകാട്ട് ചരമദിനം** |
| 10 ഞായർ | : | ഏലിയാ സ്ലീവാ മൂശേകാലങ്ങൾ ഏഴാം ഞായർ, ക്ലാസ്സ് 20 |
| | : | എഴുത്തു പരീക്ഷകളുടെ മാർക്കുകൾ നല്കുകയും സംശയ നിവാരണങ്ങൾ നടത്തുകയും ചെയ്യുക (ഓൺലൈൻ ക്ലാസ്സുകൾ സന്ദേശനിലയത്തിൽ നിന്നും ലഭിക്കുന്നതല്ല). |
| 16 ശനി | : | **1 മുതൽ 11 വരെ ക്ലാസ്സുകളുടെ ഒന്നാം ടേം വാചിക പരീക്ഷ പൂർത്തിയാക്കേണ്ട അവസാന തീയതി** |
| 17 ഞായർ | : | മിഷൻ ഞായർ |
| | | ഏലിയാ സ്ലീവാ മൂശേകാലങ്ങൾ 8-ാം ഞായർ, ക്ലാസ്സ് -21 |
| 24 ഞായർ | : | ഏലിയാ സ്ലീവാ മൂശേകാലങ്ങൾ 9-ാം ഞായർ, ക്ലാസ്സ് -22 |
| | : | **സൺഡേസ്കൂൾ ഒന്നാം ടേം എഴുത്തു പരീക്ഷ 12-ാം ക്ലാസ്സുകാർക്ക്** |
| 31 ഞായർ | : | പള്ളിക്കൂദാശക്കാലം 1-ാം ഞായർ- സഭാസമർപ്പണ തിരുനാൾ, ക്ലാസ്സ് -23 |
| | : | **12-ാം ക്ലാസ്സുകാരുടെ ഒന്നാം ടേം വാചിക പരീക്ഷ പൂർത്തിയാക്കേണ്ട അവസാന തീയതി** |

## ഓൺലൈൻ പരീക്ഷകൾ ഒക്ടോബർ 3

സൺഡേസ്കൂൾ ഒന്നാം ടേം പരീക്ഷയുടെ ഭാഗമായ എഴുത്ത് പരീക്ഷ ഒക്ടോബർ 3 ന് നടത്തപ്പെടും. വാചിക പരീക്ഷ ഒക്ടോബർ 16 നു മുമ്പായിതന്നെ പൂർത്തിയാക്കുവാൻ മതാധ്യാപകർ ശ്രദ്ധിക്കുമല്ലോ. പരീക്ഷയെക്കുറിച്ചുള്ള വിശദവിവരങ്ങൾ സന്ദേശനിലയത്തിൽ നിന്നും നല്കിയിട്ടുള്ള ''സൺഡേസ്കൂൾ പരീക്ഷ 2021-22'' എന്ന സർക്കുലറിൽ നിന്നും കഴിഞ്ഞ മാസത്തെ മദ്ധ്യസ്ഥനിൽ നിന്നും എല്ലാ അധ്യാപകരും മനസ്സിലാക്കേണ്ടതാണ്. വാചിക പരീക്ഷയുടെ ലക്ഷ്യം കുട്ടികളും അധ്യാപകരും തമ്മിലുള്ള ആത്മീയബന്ധം ശക്തിപ്പെടുത്താൻ വേണ്ടിയുള്ളതാകയാൽ **വാചിക പരീക്ഷയ്ക്കായി പൊതുവായ ചോദ്യങ്ങൾ സന്ദേശനിലയത്തിൽ നിന്നും നല്കുന്നതല്ല**. പാഠഭാഗത്തെ അടിസ്ഥാനമാക്കിയുള്ള വിഷയങ്ങളിൽ കുട്ടികളുടെ വിശ്വാസസംബന്ധമായ ബോധ്യങ്ങൾ മനസ്സിലാക്കി ഉചിതമായ മാർക്ക് നല്കാവുന്നതാണ് (വാചിക പരീക്ഷയെ ഉപദേശങ്ങൾ നല്കുന്ന വേദിയായി ഉപയോഗിക്കരുത്).

**മാർക്ക് വിഭജനം**

| | | |
|---|---|---|
| 1, 2 ക്ലാസ്സുകൾ | : | വാചിക പരീക്ഷ 75 + വർക്കുബുക്ക് 25 = 100 |
| 3 - 10 വരെ ക്ലാസ്സുകൾ | : | എഴുത്ത് പരീക്ഷ 50 + വാചിക പരീക്ഷ 25 + വർക്കുബുക്ക് 25 = 100 |
| 11, 12 ക്ലാസ്സുകൾ | : | എഴുത്ത് പരീക്ഷ 70 + വാചിക പരീക്ഷ 30 = 100 |

**ഒന്നാം ടേം മാർക്ക് ഹാജർ ബുക്കിൽ രേഖപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ടത്**

3 മുതൽ 10 വരെ ക്ലാസ്സുകൾക്ക് - ഹാജർ ബുക്കിൽ "I Exam Marks" എന്ന ഒന്നാം കോളത്തിൽ എഴുത്തു പരീക്ഷയുടെയും വാചിക പരീക്ഷയുടെയും ആകെ മാർക്ക് (75-ൽ) ആണ് രേഖപ്പെടുത്തേണ്ടത്.

11, 12 ക്ലാസ്സുകൾക്ക് - ഹാജർ ബുക്കിൽ "I Exam Marks" എന്ന ഒന്നാം കോളത്തിൽ എഴുത്തു പരീക്ഷയുടെയും വാചിക പരീക്ഷയുടെയും ആകെ മാർക്ക് (100-ൽ) ആണ് രേഖപ്പെടുത്തേണ്ടത്.

## പ്രത്യേക ശ്രദ്ധയ്ക്ക്

ഒന്നാം വർഷ ഹയർ സെക്കന്ററി (Plus One) പരീക്ഷ നടക്കുന്ന സാഹചര്യത്തിൽ ഒക്ടോബർ 3-ാം തീയതി നടത്താനിരുന്ന 12-ാം ക്ലാസ്സുകാരുടെ സൺഡേസ്കൂൾ പരീക്ഷ ഒക്ടോബർ 24-ാം തീയതി ഞായറാഴ്ചയിലേയ്ക്ക് മാറ്റിവച്ചിരിക്കുന്നു. ഈ ക്ലാസ്സുകാരുടെ വാചിക പരീക്ഷ ഒക്ടോബർ 23 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ പൂർത്തിയാക്കേണ്ടതുമാണ്.

## Jesus Meet

**കോവിഡ്കാലത്ത് വിശ്വാസജീവിതത്തിൽ സംഭവിക്കാൻ സാധ്യതയുള്ള ആത്മീയ നിസംഗതയെ അതിജീവിക്കുവാനും കാലഘട്ടത്തിന്റെ വെല്ലുവിളികളെ തിരിച്ചറിഞ്ഞ് സഭയോടും കുടുംബത്തോടും ചേർന്നുനിന്ന് ജീവിക്കുവാനും കുട്ടികളെ സഹായിക്കുന്ന പ്രോഗ്രാമാണ് ജീസസ് മീറ്റ്. 10, 11, 12 ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തി നടത്തുന്ന ഈ പ്രോഗ്രാം** ഞായറാഴ്ച സൺഡേസ്കൂളിനോട് ചേർന്നോ ശനി, ഞായർ ദിവസങ്ങളിൽ സായ്ഹാനങ്ങളിലോ, അല്ലെങ്കിൽ സൗകര്യപ്രദമായ മറ്റ് ദിവസങ്ങളിലോ ഇടവകയിൽ ക്രമീകരിക്കാവുന്നതാണ്. സന്ദേശനിലയം പ്രോഗ്രാമിന് നേതൃത്വം നല്കുന്നതായിരിക്കും. 2 മണിക്കൂർ നീണ്ടുനില്ക്കുന്ന പ്രോഗ്രാം ഇപ്രകാരമായിരിക്കും.

*ശേഷം പേജ് 42 ൽ.....»*

# ചെറുപുഷ്പ മിഷൻലീഗ്
# CHERUPUSHPA MISSION LEAGUE

മിശിഹായിൽ സ്നേഹം നിറഞ്ഞവരേ,

നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു മാസമാണ് ഒക്ടോബർ. മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലിയുടെ ആരംഭം, മിഷൻലീഗ് സ്ഥാപക പിതാവായ അഭിവന്ദ്യ കാളാശ്ശേരി പിതാവിന്റെ ചരമദിനം, പ്രേഷിത മാസം, മിഷൻ ലീഗിന്റെ സ്ഥാപകദിനം, മദ്ധ്യസ്ഥയുടെ തിരുനാൾ, മിഷൻ ഞായർ എന്നിങ്ങനെ മിഷൻലീഗിന്റെ ആദ്യകാല ചൈതന്യവും തീഷ്ണതയും നഷ്ടപ്പെടുത്താതെ കുടുംബത്തിലും സമൂഹത്തിലും ഇടവകയിലും പ്രേഷിത ചൈതന്യം വളർത്തി ഈശോയ്ക്ക് സാക്ഷ്യം വഹിക്കുന്നവരാകാം. പ്ലാറ്റിനം ജൂബിലിയിലേയ്ക്കു പ്രവേശിക്കുമ്പോൾ വർദ്ധിച്ച തീക്ഷ്ണതയോടെ നമുക്കു സംഘടനാ പ്രവർത്തനങ്ങളിൽ വ്യാപരിക്കാം.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോഷി പാണംപറമ്പിൽ**
*(ജോ. ഡയറക്ടർ)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. നിബിൻ പഴയമഠം**
*(അസി. ഡയറക്ടർ)*

## അറിയിപ്പുകൾ

**ഒകടോബർ**

1 വെള്ളി : വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ (സ്വർഗ്ഗീയ മദ്ധ്യസ്ഥ) ദൈവവിളി പ്രാർത്ഥനാദിനം, അംഗത്വ നവീകരണം

3 ഞായർ : എഴുപത്തിയഞ്ചാം സ്ഥാപകദിനം (പ്ലാറ്റിനം ജൂബിലി), പതാക ഉയർത്തൽ

17 ഞായർ : മിഷൻ ഞായർ

27 ബുധൻ : അഭിവന്ദ്യ കാളാശ്ശേരി പിതാവിന്റെ ചരമദിനം (CML സ്ഥാപക പിതാവ്)

30 ശനി : സ്ഥാപക പിതാവിന്റെ അനുസ്മരണം ശാഖകളിൽ

31 ഞായർ : സഭാ സമർപ്പണ തിരുനാൾ

## ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം

മാർ ജെയിംസ് കാളാശ്ശേരി പിതാവിനാൽ സ്ഥാപിതമായ, പ്രേഷിത ആഭിമുഖ്യമുള്ള അനേകം മിഷനറിമാരെ സമ്മാനിച്ച ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയുടെ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം സെപ്റ്റംബർ 21 -ാം തീയതി നമ്മുടെ അതിരൂപതയിൽ നടത്തപ്പെട്ടു. മേഖലയിലും ഇടവകയിലും ഉദ്ഘാടനം നടത്തപ്പെടേണ്ട ക്രമം ചുവടെ ചേർക്കുന്നു.

**സെപ്റ്റംബർ 21** – അതിരൂപതാ ഡയറക്ടർ ദീപം തെളിച്ച് മേഖല ഓർഗനൈസിംഗ് പ്രസിഡന്റിന് / ഭാരവാഹിക്ക് നല്കുന്നു.

**ഒക്ടോബർ 2 (ശനി)** – മേഖലാ പ്രസിഡന്റ് ശാഖാതല പ്രതിനിധികൾക്ക് ദീപം കൈമാറി മേഖലാതല ഉദ്ഘാടനം നടത്തുന്നു.

**ഒക്ടോബർ 10 (ഞായർ)** – പരി.കുർബാനയ്ക്കുശേഷം വികാരിയച്ചൻ തിരിതെളിച്ച് ഇടവകതല ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുന്നു.

**ഒക്ടോബർ 10** – വൈകുന്നേരം കുടുംബ പ്രാർത്ഥനയ്ക്കുശേഷം ഭവനങ്ങളിൽ ദീപം തെളിയിച്ചു ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിക്കുന്നു (ഭവനങ്ങളിലെ ഉദ്ഘാടനത്തിന്റെ വിവിധ ഫോട്ടോകൾ ജോ. ഡയറക്ടേഴ്സിന് അയച്ചു കൊടുക്കേണ്ടതാണ്).

## വി. കൊച്ചുത്രേസ്യായുടെ തിരുനാൾ – ടാബ്ലോ മത്സരം

വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ചു മേഖലാ – ശാഖാ തലങ്ങളിൽ വിശുദ്ധയുടെ ജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങൾ ടാബ്ലോയായി അവതരിപ്പിക്കുന്ന മത്സരം സംഘടിപ്പിക്കാവുന്നതാണ്. വിശുദ്ധയുടെ ജീവിതം കുട്ടികൾക്ക് കൂടുതൽ പരിചിതമാകുവാൻ സഹായകമാകുന്ന മറ്റു പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതും ഉചിതമായിരിക്കും.

## പ്രേഷിതരോടൊപ്പം

പ്രേഷിതമാസത്തോടനുബന്ധിച്ച് മിഷൻ തീക്ഷ്ണത കുഞ്ഞുമിഷനറിമാരിൽ ഉണർത്തുവാൻ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ സേവനം ചെയ്യുന്ന വൈദികർ, സിസ്റ്റേഴ്സ്, അല്മായർ എന്നിവരെക്കൊണ്ടു മിഷൻ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതു നല്ലതായിരിക്കും.

## അഭിവന്ദ്യ കാളാശ്ശേരി പിതാവിന്റെ അനുസ്മരണം

മിഷൻലീഗ്സ്ഥാപക പിതാവ് മാർ ജെയിംസ് കാളാശേരി പിതാവിന്റെ ചരമദിനമായ ഒക്ടോബർ 27-ാം തീയതി (ബുധനാഴ്ച) അഭിവന്ദ്യ പിതാവിന്റെ കബറിടത്തിൽ അനുസ്മരണവും ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്. ഒക്ടോബർ 30 ശനിയാഴ്ച ശാഖകളിൽ പ്രത്യേക അനുസ്മരണ മീറ്റിംഗുകൾ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## മിഷൻ വോയ്സ് പത്രം

മിഷൻലീഗ് അംഗങ്ങൾ പ്രാർത്ഥനയ്ക്കായി ഏറ്റെടുത്തിരിക്കുന്ന മിഷൻ കേന്ദ്രങ്ങളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് തയ്യാറാക്കുന്ന പത്രമാണ് 'മിഷൻ വോയ്സ്'. അതിരൂപതാ തലത്തിൽ നടത്തുന്ന മത്സരത്തിനായി ശാഖകളിൽ തയ്യാറാക്കുന്ന പത്രം നവംബർ 20 ന് മുമ്പായി അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്. നിബന്ധനകൾ മാർഗ്ഗരേഖയിൽ നല്കിയിട്ടുണ്ട്. ഓരോ മേഖലയും പ്രാർത്ഥിക്കുവാനായി ദത്തെടുത്തിരിക്കുന്ന മിഷൻ രൂപതകൾ മാർഗ്ഗരേഖയിൽ നോക്കി മനസ്സിലാക്കുമല്ലോ.

## പ്ലാറ്റിനം ജൂബിലി മെഗാക്വിസ്

ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് അതിരൂപതാതലത്തിൽ ആകർഷകമായ സമ്മാനങ്ങളോടെ പ്ലാറ്റിനം ജൂബിലി മെഗാക്വിസ് സംഘടിപ്പിക്കുന്നു. ക്വിസിന്റെ 75% ചോദ്യോത്തരങ്ങൾ പോസ്റ്റർ രൂപത്തിൽ ഒക്ടോബർ, നവംബർ മാസങ്ങളിൽ നല്കുന്നതാണ്. അതിരൂപതയിലെ മുഴുവൻ കുട്ടികളും മിഷൻലീഗ് സംഘടനയെ പഠിക്കുവാനും മനസ്സിലാക്കുവാനും ലക്ഷ്യംവച്ചുള്ളതാണ് ഈ പ്രോഗ്രാമുകൾ. ശാഖാതലത്തിൽ എല്ലാ കുട്ടികളിലേയ്ക്കും ചോദ്യോത്തരങ്ങൾ എത്തുന്നുണ്ടെന്ന് ഭാരവാഹികളും ടീച്ചേഴ്സും ശ്രദ്ധിക്കുല്ലോ.

**വിഷയം –** ചെറുപുഷ്പമിഷൻലീഗ്ചരിത്രം, നിയമാവലി, മിഷൻലീഗ് മധ്യസ്ഥർ, മിഷൻലീഗ് സ്ഥാപക പിതാക്കന്മാർ എന്നിവയായിരിക്കും. കൂടുതൽ വിവരങ്ങൾ ഡിസംബർ മാസത്തിലെ മദ്ധ്യസ്ഥനിൽ നല്കുന്നതാണ്.

## അതിരൂപത കൗൺസിൽ, ഡിജിറ്റൽ മിഷൻ

എല്ലാവർഷവും അതിരൂപതാതലത്തിൽ വിപുലമായി നടത്തിക്കൊണ്ടിരുന്ന അതിരൂപതാ കൗൺസിൽ ഈ വർഷം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടു സന്ദേശനിലയം ഹാളിൽ നടത്തപ്പെട്ടു. തദവസരത്തിൽ അതിരൂപത ഓർഗനൈസിംഗ് സമിതി ഒന്നിച്ചുകൂടി അതിരൂപതാ തലത്തിൽ പ്ലാറ്റിനം ജൂബിലി ഉദ്ഘാടനം ചെയ്തു. അന്നേദിവസം മിഷൻലീഗിനോടു ബന്ധപ്പെട്ട് നടത്തപ്പെട്ട വിവിധ മത്സരങ്ങളുടെ സമ്മാനദാനവും നിർവ്വഹിച്ചു.

2021 –22 പ്രവർത്തനവർഷത്തിലെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ഏകോപിപ്പിക്കാനുമായി നടത്തിയ ഡിജിറ്റൽ മിഷൻ (മേഖലാതല മീറ്റിംഗ്), ശാഖാതല ജോ. ഡയറക്ടേഴ്സ് മീറ്റിംഗ് എന്നിവയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി. ❍

---

» *സന്ദേശനിലയം തുടർച്ച...*

- ⇨ ആനുകാലിക സംഭവങ്ങളെയും വിശ്വാസപ്രതിസന്ധികളെയും ആസ്പദമാക്കി ഓറിയന്റേഷൻ ക്ലാസ്സ് (45 മിനിറ്റ്)
- ⇨ സംശയങ്ങളെ ആസ്പദമാക്കി പൊതുചർച്ച (45 മിനിറ്റ്)
- ⇨ ആരാധന (30 മിനിറ്റ്)

## CRT Online Visit

കോവിഡ് പശ്ചാത്തലത്തിൽ ഈ വർഷം ക്രമീകരിച്ച ഓൺലൈൻ CRT വിസിറ്റ് ഭംഗിയായി ക്രമീകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. CRT സന്ദർശനം വിശ്വാസപരിശീലന പ്രവർത്തനങ്ങളെ കൂടുതൽ ഊർജ്ജവത്താക്കുവാൻ സഹായിച്ചു എന്നു വിശ്വസിക്കുന്നു. ഇനിയും ഏതെങ്കിലും സൺഡേ സ്കൂളുകളിൽ വിസിറ്റ് നടത്തുവാൻ ഉണ്ടെങ്കിൽ ആ കാര്യം സന്ദേശനിലയം ഓഫീസിൽ അറിയിക്കുമല്ലോ.

## ഓൺലൈൻ മതാധ്യാപക സെമിനാർ (IGNITE 2021)

16 ഫൊറോനകളിലെയും മതാധ്യാപകർക്കായി 3 റീജണുകളിലായി നടത്തപ്പെട്ട മതാധ്യാപക സെമിനാറിൽ വളരെ വലിയ പങ്കാളിത്തമാണ് ഉണ്ടായത്. സെമിനാറുകളിൽ കാലഘട്ടത്തിന്റെ ചുവരെഴുത്തുകളെ തിരിച്ചറിയാൻ കാലോചിതമായ ചിന്തകൾ പങ്കുവച്ച സി.എം.ഐ. സഭാംഗമായ ബഹു. റോയി കണ്ണംചിറ അച്ചനെ നന്ദിയോടെ ഓർക്കുന്നു. അച്ചൻ പകർന്നു നല്കിയ ചിന്തകൾ വിശ്വാസപരിശീലന വേദികളിൽ നമ്മെ കൂടുതൽ ജാഗ്രതയും ഉത്തരവാദിത്വവും ഉള്ളവരാക്കട്ടെ.

## ആദരാഞ്ജലികൾ

താഴത്തങ്ങാടി സൺഡേസ്കൂൾ വിദ്യാർത്ഥി കാൽവിൻ റെനിയുടെയും ഇത്തിത്താനം സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. സോജന്റെയും ചെത്തിപ്പുഴ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ജോജോ അലക്സിന്റെ പിതാവിന്റെയും പാറേൽ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. പ്രിൻസ് കുട്ടംപേരൂർ, അറുനൂറ്റുംപാടം സൺഡേസ്കൂൾ അധ്യാപിക ശ്രീമതി. സാലി ടോം എന്നിവരുടെ മാതാക്കളുടെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ❍

ഈശോയിൽ ഏറ്റം സ്നേഹം നിറഞ്ഞവരെ,

കുടുംബക്കൂട്ടായ്മ ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങൾ ഓൺലൈനായി നടത്താനാഗ്രഹിക്കുന്ന ഏതാനും പരിപാടികൾ അറിയിച്ചുകൊണ്ട് ബഹു. അച്ചന്മാർക്കയച്ച കത്ത് ഇതിനോടകം എല്ലാവർക്കും ലഭിച്ചിരിക്കുമെന്ന് കരുതുന്നു. പ്രസ്തുത പരിപാടികളുടെ വിജയത്തിനായി ഏവരുടെയും സഹായസഹകരണങ്ങൾ ഒരിക്കൽക്കൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. ഒക്ടോബർ മാസത്തിൽ നടത്താനാഗ്രഹിക്കുന്ന കൂട്ടായ്മ ലീഡേഴ്സിന്റെ ഫൊറോന സംഗമമായ കെരിഗ്മയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന തീയതികളിൽ ബന്ധപ്പെട്ടവരെ ഓൺലൈനായി പങ്കെടുപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യണമെ. ഈ വർഷത്തെ ലോഗോസ് ക്വിസ് മത്സരസംബന്ധമായ വിവരങ്ങൾ അറിയിച്ചിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ. ലോഗോസ് മത്സരാർത്ഥികൾക്കായി എല്ലാ ശനിയാഴ്ചകളിലും മോഡൽ ക്വിസ് ഓൺലൈനായി നടന്നുവരുന്നു. സാധിക്കുന്നിടത്തോളം ആളുകൾ അതിന്റെ പ്രയോജനം നേടേണ്ടതാണ്.

പ്രാർത്ഥനയോടെ,

**ഫാ. ജെന്നി കായംകുളത്തുശ്ശേരി**

(ഡയറക്ടർ)

## വാർത്തകൾ – പ്രവർത്തനങ്ങൾ

### ബസാലേൽ കൺവൻഷൻ

കുടുംബക്കൂട്ടായ്മ അതിരൂപത ഡയറക്ടർ ഇടവകയിലെത്തി കൂട്ടായ്മ ലീഡേഴ്സിന് പരിശീലനം നൽകുന്ന ബസാലേൽ കൺവൻഷൻ 2021 ആഗസ്റ്റ് 15 ഞായറാഴ്ച സെന്റ് സേവ്യേഴ്സ് വെളിയനാട് ഇടവകയിൽ നടത്തുകയുണ്ടായി. പരിശുദ്ധ കുർബാനയ്ക്കും തുടർന്ന് ക്ലാസ്സിനും ദിവ്യകാരുണ്യ ആരാധനയ്ക്കും ഡയറക്ടർ റവ.ഫാ. ജെന്നി കായംകുളത്തുശേരി നേതൃത്വം വഹിച്ചു. വികാരി റവ.ഫാ. റ്റിജോ പുത്തൻപറമ്പിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു.

### കൂട്ടായ്മ സെൻട്രൽകമ്മറ്റി സമ്മേളനം

2021 സെപ്റ്റംബർ 3 ന് ഉച്ചകഴിഞ്ഞ് 3 മുതൽ വിദ്യാനികേതൻ ഹാളിൽ കൂടുകയുണ്ടായി. 20 പേർ പ്രസ്തുത മീറ്റിംഗിൽ പങ്കെടുത്തു. ഈ വർഷം തുടർന്ന് ഓൺലൈനായി നടത്താനാഗ്രഹിക്കുന്ന പരിപാടികളെക്കുറിച്ച് ചർച്ച നടത്തുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

### അൽമായ വചനപ്രഘോഷക സംഗമം

2021 സെപ്റ്റംബർ 3 ന് അൽമായ വചനപ്രഘോഷകരുടെ ഓൺലൈൻ സംഗമം നടന്നു. ശ്രീ. റ്റി.ജെ. ജോസഫ് തെക്കേമുറിയിൽ വചനം പങ്കുവയ്ക്കുകയും ശ്രീ. മഞ്ചു മാത്തൂർ പ്രാർത്ഥന നയിക്കുകയും ചെയ്തു. അടുത്ത സംഗമം ഒക്ടോബർ 1 വെള്ളിയാഴ്ച രാത്രി 8 മണിക്ക് നടത്തപ്പെടുന്നു.

## ലോഗോസ് മാതൃകക്വിസ്

സെപ്റ്റംബർ 4, 11, 18, 25 തീയതികളിൽ വൈകുന്നേരം ഓൺലൈനായി നടത്തുകയുണ്ടായി. നിരവധിപേർ ക്രമമായി പങ്കെടുത്തുവരുന്നു

## ആത്മീയസംഗമം

അതിരൂപത പ്രവർത്തകരുടെ പ്രാർത്ഥന കൂട്ടായ്മ (ആത്മീയസംഗമം) സെപ്റ്റംബർ 16 വ്യാഴാഴ്ച സന്ദേശനിലയം ചാപ്പലിൽവച്ച് നടക്കുകയുണ്ടായി. അതിരൂപതയുടെ എല്ലാ പ്രവർത്തനങ്ങൾക്കായും പ്രാർത്ഥന സഹായം തേടുകയും ചെയ്തു.

## ഡയറക്ടേഴ്സ് മീറ്റ്

കുടുംബക്കൂട്ടായ്മ പ്രവർത്തനങ്ങൾക്ക് ഫൊറോന തലത്തിൽ നേതൃത്വം നൽകുന്ന ഫൊറോന ഡയറക്ടേഴ്സിന്റെ സമ്മേളനം സെപ്റ്റംബർ 17 ന് വൈകുന്നേരം 4 മണിക്ക് ഓൺലൈനായി നടത്തുകയുണ്ടായി. വികാരി ജനറാൾ പെ.ബഹു. തോമസ് പാടിയത്ത് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ഡയറക്ടർ ഫാ. ജെന്നി കായംകുളത്തുശേരി പ്രവർത്തന പരിപാടികൾ വിശദികരിക്കുകയും ചർച്ചകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ഡയറക്ടേഴ്സായി സേവനം അനുഷ്ഠിക്കുന്ന എല്ലാ ബഹു. അച്ചന്മാരെയും നന്ദിയോടെ ഓർക്കുന്നു.

## കെ.എൽ.റ്റി. ക്ലാസ്

കെ.എൽ.റ്റി. രണ്ടാംബാച്ചിലെ അംഗങ്ങൾക്കായി ക്രമീകരിച്ച ബൈബിൾ ക്ലാസ്സുകൾ റവ. ഫാ. ക്രിസ്റ്റി കൂട്ടുമ്മേൽ സെപ്റ്റംബർ 11, 16, 22, 28 തീയതികളിൽ കൈകാര്യം ചെയ്യുകയുണ്ടായി. ഒക്ടോബർ 4 ന് സമാപന ക്ലാസ് ക്രമീകരിച്ചിരിക്കുന്നു. ബഹു. ക്രിസ്റ്റിയച്ചനെ ഈ അവസരത്തിൽ നന്ദിയോടെ ഓർക്കുന്നു.

# അറിയിപ്പുകൾ

## കെരിഗ്മ

കൂട്ടായ്മ ലീഡേഴ്സിന്റെ ഫൊറോന സംഗമമായ കെരിഗ്മ ഈ വർഷം 4 സോണുകളിലായി നടത്തുന്നതാണ്. ഓൺലൈനായി ക്രമീകരിച്ചിരിക്കുന്ന ഈ സംഗമത്തിൽ നിങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന തീയതിയിൽ ബന്ധപ്പെട്ടവർ പങ്കെടുക്കേണ്ടതാണ്. ലിങ്ക് ബഹു. അച്ചന്മാർവഴി നൽകുന്നതാണ്.

സമയം വൈകുന്നേരം 7 മുതൽ 8 വരെ

സോൺ 1 - 2021 ഒക്. 9 ശനി - ആലപ്പുഴ, ചമ്പക്കുളം, പുളിങ്കുന്ന്,എടത്വ
സോൺ 2 - 2021 ഒക്. 10 ഞായർ - അതിരമ്പുഴ, കോട്ടയം, കുടമാളൂർ, നെടുങ്കുന്നം
സോൺ 3 - 2021 ഒക്.16 ശനി - തുരുത്തി, ചങ്ങനാശേരി, കുറുമ്പനാടം, തൃക്കൊടിത്താനം
സോൺ 4 - 2021 ഒക്. 17 ഞായർ - തിരുവനന്തപുരം, കൊല്ലം, അമ്പൂരി, മണിമല

## K.L.T കോഴ്സ്

കുടുംബക്കൂട്ടായ്മ ലീഡേഴ്സിന് സഭാത്മക വിഷയങ്ങളിൽ ഉറച്ചബോദ്ധ്യം നൽകുന്നതിനായി ആരംഭിച്ച K. L. T കോഴ്സിന്റെ 2-ാം ബാച്ച് ഇപ്പോൾ ഓൺ

ലൈനായി നടന്നുവരുന്നു. 65 പേർ വിവിധ ഇടവകകളിൽ നിന്നായി ഇതിൽ പങ്കെടുക്കുന്നു. ഒക്ടോബറിൽ ഈ ബാച്ചിന്റെ ക്ലാസ് തീരുന്നതും നവംബർ ആദ്യ ആഴ്ച പുതിയ ബാച്ച് ആരംഭിക്കുന്നതുമാണ്. സഭാത്മകമായ ശരിയായ ബോദ്ധ്യങ്ങൾ ലഭിച്ചവരുടെ അസാന്നിദ്ധ്യം ഇന്ന് പല ഇടവകകളിലും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. ആയതിനാൽ അച്ചന്മാർ ഓരോ ഇടവകയിൽനിന്നും കുറഞ്ഞത് 2 പേരെയെങ്കിലും ഈ കോഴ്സിലേയ്ക്ക് കണ്ടെത്തി ഓഫീസ് നമ്പരിലേയ്ക്ക് (7306208356) അവരുടെ വിവരങ്ങൾ അയച്ചു നൽകണമേ.

## ലോഗോസ് ക്വിസ് 2021

1. 2021 ഡിസം. 19 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ അതാത് ഇടവകകളിൽ വച്ച് നടക്കുന്നു.
2. പഠന ഭാഗങ്ങൾ – നിയമ. 22 – 34, പ്രഭാ. 18 –22 , 1 കൊറി. 1–8, മർ. 1–8.
3. അധികചോദ്യ പഠനഭാഗങ്ങൾ – POC പഠന ബൈബിൾ (1 കൊറി. 1–8, മർ. 1–8 ) കൂടാതെ ബൈബിൾ സംബന്ധമായ പൊതു വിജ്ഞാനം.
4. ലോഗോസ് ഓൺലൈൻ രജിസ്ട്രേഷൻ ഒക്. 1–ന് ആരംഭിക്കുന്നതും ഒക്. 31 – ന് സമാപിക്കുന്നതുമാണ്.

### *പ്രത്യേക ശ്രദ്ധയ്ക്ക്*

1. എഴുത്തു പരീക്ഷയായിരിക്കും.
2. 4 ഓപ്ഷനോടുകൂടിയ 100 ചോദ്യങ്ങൾ.
3. കൊവിഡ് മാനദന്ധങ്ങൾ പാലിച്ചു കൊണ്ട് നടത്തപ്പെടുന്നു.
4. കാറ്റഗറി തിരിച്ചു മത്സരം ഉണ്ടായിരിക്കുകയില്ല. പ്രത്യുത ഒരു ചോദ്യ പേപ്പർ മാത്രമെ ഉണ്ടാകൂ.
5. അതിരൂപത മത്സരത്തിലെ ആദ്യ രണ്ടു വിജയികൾ POC യിൽ നടത്തപ്പെടുന്ന സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്നു.
6. 80–ഉം അതിനു മുകളിലും മാർക്കു ലഭിക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നല്കുന്നതാണ്.
7. സംസ്ഥാനതല ക്യാഷ് അവാർഡുകൾ .

   ഒന്നാം സ്ഥാനം – 25000 രൂപ
   രണ്ടാം സ്ഥാനം – 20000 രൂപ
   മൂന്നാം സ്ഥാനം – 15000 രൂപ
   നാലാം സ്ഥാനം – 10000 രൂപ
   അഞ്ചാം സ്ഥാനം – 5000 രൂപ

   ബാക്കിയുള്ളവർക്ക് 1500 രൂപ വീതവും സമ്മാനമായി ലഭിക്കുന്നതാണ്.



ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ
ഇടവക ഒരു കുടുംബം
PARRUCHIA UNA FAMILIA
ST. MARY'S METROPOLITAN CHURCH
CHANGANACHERRY
ദൈവദാസൻ മാർ മാത്യു കാവുകാട്ടുപിതാവിന്റെ
52–ാം ചരമവാർഷികം
2021 ഒക്ടോബർ 1 മുതൽ 9 വരെ
മാർ കാവുകാട്ട് കൺവൻഷൻ
"ഈശോ വസിക്കും കുടുംബം"
പരിശുദ്ധ കുർബാന
യാമപ്രാർത്ഥനകൾ
ദിവ്യകാരുണ്യ ആരാധന
മദ്ധ്യസ്ഥപ്രാർത്ഥന
അനുഗ്രഹീത സാന്നിധ്യം
പ്രധാന തിരുനാൾദിനം
5.00 pm : പരി. കുർബാന, മദ്ധ്യസ്ഥപ്രാർത്ഥന
മാർ ജോസഫ് പെരുന്തോട്ടം
അനുഗ്രഹ സന്ദേശം
മേജർ ആർച്ചുബിഷപ്പ്
മാർ ജോർജ്ജ് ആലഞ്ചേരി
പുസ്തക പ്രകാശനം
ചങ്ങനാശ്ശേരി അതിരൂപത
ഇന്നലെ ഇന്ന് Vol:III
STREAMING
LIVE
OCTOBER 01-09
https://www.youtube.com/MAACTV

# ഫാമിലി അപ്പോസ്തലേറ്റ്
## FAMILY APOSTOLATE

പ്രിയ കുടുംബപ്രേഷിതരേ,

ഈശോമിശിഹായ്ക്ക് സ്തുതിയിരിക്കട്ടെ. കോവിഡ് നിയന്ത്രണങ്ങൾക്ക് ഇളവ് വന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ കരുതലോടെയും ശ്രദ്ധയോടെയും നമുക്ക് ഇളവുകൾ സ്വീകരിക്കാം. കഴിഞ്ഞ 18 മാസങ്ങളിൽ നമ്മുടെ വിശ്വാസത്തിലും പ്രാർത്ഥനയിലും ദൈവാലയത്തിൽ ആരാധനാ പങ്കാളിത്തത്തിലും സാരമായ വ്യത്യാസം വന്നിട്ടുണ്ട്. സംഘടനാപരമായി കൂടിച്ചേരലുകൾ വളരെ നാളായി നടന്നിട്ട്. അതുകൊണ്ട് തന്നെ നിസ്സംഗതയും തീക്ഷണതക്കുറവും നമുക്ക് ഉണ്ടായിട്ടുണ്ടാവാം. ഇതുവരെയുള്ള കുറവുകൾ പരിഹരിക്കണമെങ്കിൽ പത്തിരട്ടി വേഗത്തിൽ നാം ഓടേണ്ടിയിരിക്കുന്നു.

തണുത്തുറഞ്ഞു പോയവയെ ചൂടുപിടിപ്പിക്കാൻ നാം കൂടുതൽ അദ്ധ്വാനിക്കേണ്ടിയിരിക്കുന്നു. 'ഉറങ്ങുന്നവനേ ഉണരുക, മരിച്ചവരിൽനിന്ന് എഴുന്നേൽക്കുക, ഈശോ നിന്റെ മേൽ പ്രകാശിക്കും' (എഫേ 5, 14) എന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ നമുക്ക് പ്രചോദനമാകട്ടെ. കരുതലോടെ എന്നാൽ തീക്ഷണതയോടെ നമുക്ക് മുന്നേറാം. ഏവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്.

സ്നേഹപൂർവ്വം,

**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
**ഫാ. സോണി പള്ളിച്ചിറയിൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### 1. അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്:

ആഗസ്റ്റ് 31 നു അതിരൂപതാ മാതൃ-പിതൃവേദി സംയുക്ത എസ്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. സെപ്റ്റംബർ മാസത്തിൽ നടപ്പിലാക്കേണ്ട വിവിധ പരിപാടികൾ ചർച്ച ചെയ്തു രൂപരേഖ തയ്യാറാക്കി.

### 2. മാധ്യമ വിമുക്ത മണിക്കൂർ:

'കുടുംബങ്ങളിലൂടെ' സെപ്റ്റംബർ 1 മുതൽ അതിരൂപതയിലെ കുടുംബങ്ങളിൽ മാധ്യമ വിമുക്ത മണിക്കൂർ ആചരണത്തിന് തുടക്കമായി. സെപ്റ്റംബർ 1 മുതൽ അതിരൂപതാ ഭാരവാഹികൾ തുടക്കം കുറിച്ച പരിപാടി ഏറെ ജനശ്രദ്ധയാകർഷിച്ചിരുന്നു. സെപ്റ്റംബർ 8 മുതൽ അതിരൂപതയിലെ കുടുംബങ്ങളിൽ മാധ്യമവിമുക്ത മണിക്കൂർ ആചരണം വിജയകരമായി നടപ്പിലാക്കി വരുന്നു.

### 3. സ്വാന്തനം ടെലികെയർ പ്രോഗ്രാം (സെപ്റ്റംബർ 4, സെപ്റ്റംബർ 25 തീയതികളിൽ)

അതിരൂപതയിലെ മുഴുവൻ യൂണിറ്റുകളിലും സെപ്റ്റംബർ 4, 25 തീയതികളിൽ സ്വാന്തനം ടെലികെയർ പ്രോഗ്രാം യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

**4. കുടുംബം ഒരു സംരംഭകത്വ കേന്ദ്രം: വെബിനാർ** (സെപ്റ്റംബർ 11 – 3:00 pm)

അതിരൂപതാ മാതൃ-പിതൃവേദിയുടെ ആഭിമുഖ്യത്തിൽ കുടുംബം ഒരു സംരംഭകത്വകേന്ദ്രം എന്ന വെബിനാർ സംഘടിപ്പിച്ചു. ലൈഫ്മിഷൻ മുൻ CEO യു. വി. ജോസ് ഉദ്ഘാടനം ചെയ്തു. Industrial Extension ജില്ലാ ഓഫീസർ ലോറൻസ് മാത്യു, ചാസ് മേഖലാകോർഡിനേറ്റർ ബിന്ദു സാബു എന്നിവർ ക്ലാസ് നയിച്ചു. അതിരൂപതയിലെ 250-ൽ പരം മാതൃപിതൃവേദി അംഗങ്ങൾ പങ്കെടുത്തു. കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്ന വിവിധ സ്വയംതൊഴിൽ പദ്ധതികളെ പരിചയപ്പെടുത്തിയതോടൊപ്പം ഇത്തരം പദ്ധതികൾക്ക് സർക്കാർ നൽകുന്ന സാമ്പത്തിക സഹായങ്ങളെയും വായ്പാ പദ്ധതികളെയും പരിചയപ്പെടുത്തിയ ഈ വെബിനാർ വൻ വിജയമായിരുന്നു.

**5. അതിരൂപതാ നേതൃസംഗമം** (സെപ്റ്റംബർ 12 – 3:00 pm)

ചങ്ങനാശേരി അതിരൂപതയിലെ മുഴുവൻ സംഘടനകളുടെയും ഡയറക്ടർമാരേയും നേതാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് AKCC യുടെ നേതൃത്വത്തിൽ നടത്തിയ നേതൃസംഗമത്തിൽ ഡയറക്ടർ ഫാ. ജോസ് മുകളേൽ, പിതൃവേദി പ്രസിഡന്റ് എ.പി. തോമസ്, ജോജൻ കൊച്ചുവീട്ടിൽ, മാതൃവേദി പ്രസിഡന്റ് ആൻസി മാത്യു, ടെസ്സി തോമസ് എന്നിവർ പങ്കെടുത്തു സംസാരിച്ചു.

**6. മാതൃവേദി 41-ാം ജന്മദിനാഘോഷം** (സെപ്റ്റംബർ 20 തിങ്കൾ 10:00 am)

മാതൃവേദിയുടെ 41-ാം ജന്മദിനാഘോഷം ചങ്ങനാശേരി മെത്രാപ്പോലീത്തൻ പാരീഷ്ഹാളിൽ നടത്തി. അതിരൂപതാ പ്രസിഡന്റ് ആൻസി മാത്യുവിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ശ്രീ. ജോബ് മൈക്കിൾ MLA ഉദ്ഘാടനം ചെയ്തു. കടന്നുപോയ പ്രോജ്വലമായ 41 വർഷങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ട് 41 പ്രതിനിധികൾ 41 ദീപങ്ങൾ തെളിച്ചു. ജീസസ് യൂത്ത് കേരളാ പ്രൊലൈഫ് കോർഡിനേറ്റർ ഡോ. മാമ്മൻ പി. ചെറിയാൻ ക്ലാസ് നയിച്ചു. അതിരൂപതാഡയറക്ടർ ഫാ. ജോസ് മുകളേൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. സോണി പള്ളിച്ചിറ, കത്തീഡ്രൽ വികാരി ഫാ. ജോസ് കൊച്ചുപറമ്പിൽ, പിതൃവേദി പ്രസിഡന്റ് എ.പി. തോമസ്, ട്രഷറർ ബിൻസി മാത്യു എന്നിവർ പ്രസംഗിച്ചു. *'ജീവന്റെ മൂല്യം'* എന്ന സന്ദേശം നൽകുന്ന 'മൈം' അറുനൂറ്റംപാടം തിരുഹൃദയയൂണിറ്റ് അവതരിപ്പിച്ചു. ഫാമിലി അപ്പോസ്തലേറ്റ് പ്രൊലൈഫ് ദിനത്തോടനുബന്ധിച്ചു സംഘടിപ്പിച്ച മൈം കോമ്പറ്റീഷനിൽ പങ്കെടുത്ത വിജയികൾക്കു സമ്മാനങ്ങൾ വിതരണം ചെയ്തു.

## അറിയിപ്പുകൾ

**1. മെമ്പർഷിപ്പ് ക്യാമ്പയ്ൻ**

മാതൃ-പിതൃവേദി മെമ്പർഷിപ്പ് ഫോമും ലിസ്റ്റും, അംഗത്വഫീസടക്കം രൂപതാ ഓഫിസിൽ ഏല്പിക്കേണ്ട അവസാനദിവസം സെപ്റ്റംബർ 30 ന് 5.00PM

**2. 'സ്നേഹത്തണലിൽ ഇത്തിരിനേരം' (മാധ്യമ വിമുക്ത മണിക്കൂർ കുടുംബങ്ങളിലൂടെ)**

2021 – സെപ്റ്റംബർ 1 മുതൽ അതിരൂപതയിലെ മാതൃ-പിതൃവേദി അംഗങ്ങളുടെ കുടുംബങ്ങളിൽ മാധ്യമവിമുക്ത മണിക്കൂർ ആചരണം സജീവമായി മുന്നേറുന്നു.

**3. പ്രസിഡന്റ്സ് മീറ്റ്**

യൂണിറ്റ്, പ്രസിഡന്റുമാർ, ഫൊറോനാ ഭാരവാഹികൾ എന്നിവരെ പങ്കെടുപ്പി

ച്ചുകൊണ്ട് വിപുലമായ ചർച്ചാക്ലാസ് സംഘടിപ്പിക്കുന്നു. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നടപ്പിലാക്കേണ്ട വിവിധ കർമ്മപരിപാടികളെക്കുറിച്ചു വിശദമായി ചർച്ച ചെയ്യുന്നു.

### 4. 'മനം നിറയ്ക്കാം കുളിർ നിറയ്ക്കാം'

മാധ്യമ വിമുക്ത മണിക്കൂർ ആചരണത്തിന്റെ സന്ദേശം കുടുംബങ്ങളിൽ എത്തിക്കുന്നതിനായി ഒരു സപ്ലിമെന്റ് പുറത്തിറക്കുന്നു.

### 5. തിരുക്കുടുംബ പേടകപ്രയാണം

ഫൊറോനാ തലത്തിൽ ഇടവകകൾ കേന്ദ്രീകരിച്ചു തിരുക്കുടുംബ പേടക പ്രയാണം പ്രാർത്ഥനാചൈതന്യത്തിൽ ഫലപ്രദമായി നടപ്പിലാക്കുന്നു.

### 6. ജീവ കാരുണ്യ മാസാചരണം (നവംബർ മാസം)

യൂണിറ്റ്, ഫൊറോനാ തലത്തിൽ മാതൃകാപരമായി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ പത്ത് ജീവ കാരുണ്യ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന യൂണിറ്റുകളെ അതിരൂപതയിലെ ജീവകാരുണ്യ മാതൃകായൂണിറ്റുകളായി പ്രഖ്യാപിക്കുന്നതായിരിക്കും.

### 7. ഒന്നാകാൻ

ഓരോ ഇടവകയിലെ വിവാഹപ്രായം കഴിഞ്ഞ യുവതീയുവാക്കളെ കണ്ടെത്തി അതിരൂപതയുടെ 'ജ്യോതിസ്' മാട്രിമോണിയൽ സൈറ്റിൽ രജിസ്റ്റർ ചെയ്യിക്കാൻ യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകുന്നു. അതിരൂപതാ മാതൃ-പിതൃവേദിയുടെ നേതൃത്വത്തിൽ 2021 ഡിസംബർ 25-ാം തീയതി ഇത്തരത്തിലുള്ള 16 ദമ്പതികളെ കണ്ടെത്തി വിവാഹ വേദിയിലേയ്ക്ക് ആനയിക്കുന്നു.

### 8. ഇടയനോടൊപ്പം (നവംബർ 15-20)

ഇടവകയിലെ മാതൃ-പിതൃവേദി ഭാരവാഹികൾ വികാരിയച്ചനോടൊപ്പം ഇടവക ദേവാലയാങ്കണത്തിൽ ഒന്നിച്ചുകൂടി സന്തോഷം പങ്കിടുന്നു.

### 9. പിതൃവേദി ജന്മദിനം (ഡിസംബർ 4 - പിതൃവേദി @ 38)

'കുടുംബപ്രേഷിതരംഗത്ത് വിപ്ലവകരമായ ചുവടുവയ്പുകളുമായി പിതൃവേദി 39-ാം വയസ്സിലേയ്ക്ക്' 2021 ഡിസംബർ 4 ന് മുമ്പായി ചങ്ങനാശ്ശേരി അതിരൂപതയിലെ മുഴുവൻ ഇടവകകളിലും മാതൃവേദി-പിതൃവേദി യൂണിറ്റുകൾ സ്ഥാപിക്കുന്നു. അന്നേദിവസം ഇടവക ഫൊറോനാ രൂപതാതലത്തിൽ വിപുലമായ ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നു.

### 10. ടെലിഫിലിം (2021 ഡിസംബർ 26)

കുടുംബദിനത്തോടനുബന്ധിച്ച് അതിരൂപതയിലെ വിവിധ ഫൊറോനകളിലെ മികച്ച കലാകാരന്മാരെ ഉൾപ്പെടുത്തി കുടുംബനവീകരണവുമായി ബന്ധപ്പെട്ട് ടെലിഫിലിം നിർമ്മിക്കുന്നു.


**ONLINE PRE MARRIAGE COURSE**

| ഒക്ടോബർ | നവംബർ | |
|---|---|---|
| 1, 2, 3 (Booking Date: Sep. 20) | 5,6,7 (Booking Date: Oct. 25) | **For Booking:** |
| 8, 9, 10 ( " Sep. 21) | 12,13,14 ( " Nov. 1) | www. familyapostolatechry.com |
| 15, 16, 17 ( " Sep. 29) | 19,20,21 ( " Nov. 8) | Mob: 9447030814, 9447016240 |
| 22, 23, 24 ( " Oct. 11) | 26,27,28 ( " Nov. 15) | *Booking Starts at 11.00 am* |
| 29, 30, 31 ( " Oct. 18) | | |

# യുവദീപ്തി – SMYM
## YUVADEEPTI-SMYM

പ്രിയപ്പെട്ട യുവജന സുഹൃത്തുക്കളെ,

ചങ്ങനാശേരി അതിരൂപത യുവദീപ്തി എസ്.എം.വൈ.എം. ന്റെ ആഭിമുഖ്യ ത്തിൽ വനിതകൾക്കായി "SHE the power" എന്ന പേരിൽ ഒരു പരിപാടി സംഘടിപ്പിക്കുകയാണ്.

സമകാലീന സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന വെല്ലുവിളികൾ, കടന്നു പോകുന്ന സാഹചര്യങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രബോധ നാത്മകമായ ഒരു പരിപാടിയാണ് ഉദ്ദേശിക്കുന്നത്. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ്, നിഷാ ജോസ് മാണി, ജോയ്സ് മേരി ആന്റണി, നിഷാ സോമൻ തുടങ്ങിയവരാണ് ക്ലാസുകൾ നയിക്കുന്നത്. അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, ജോയിന്റ് ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ എന്നിവർ ആശംസ അർപ്പിച്ചു സംസാരിക്കുന്നു. എല്ലാ ഫൊറോനാ ഭാരവാ ഹികളും മുൻകൈയെടുത്ത് വേണ്ട ക്രമീകരണങ്ങൾ ചെയ്ത് മുഴുവൻ വനിതകളെയും ഈ പരിപാടിയിൽ പങ്കെടുപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പരിപാടിയുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. നാല് ദിവസങ്ങളിലായി വൈകുന്നേരം 7 മണിക്ക് സോണുകളായി തിരിച്ചു ഓൺലൈനിൽ ആണ് പരിപാടി നടത്തപ്പെടുക.

| **സോൺ 1** | **സോൺ 2** | **സോൺ 3** | **സോൺ 4** |
|---|---|---|---|
| ഒക്ടോബർ 3<br>കോട്ടയം<br>കുടമാളൂർ<br>അതിരമ്പുഴ<br>മണിമല | ഒക്ടോബർ 9<br>ചങ്ങനാശേരി<br>തൃക്കൊടിത്താനം<br>കുറുമ്പനാടം<br>തുരുത്തി<br>നെടുംകുന്നം | ഒക്ടോബർ 10<br>ആലപ്പുഴ<br>പുളിങ്കുന്ന്<br>ചമ്പക്കുളം<br>എടത്വ | ഒക്ടോബർ 15<br>തിരുവനന്തപുരം<br>കൊല്ലം<br>അമ്പൂരി |

ഏവരുടെയും സഹകരണവും പ്രാർത്ഥനയും പ്രതീക്ഷിക്കുന്നു.

### സെപ്റ്റംബർ 5 – **കാരുണ്യ സ്പർശം**

വിശുദ്ധ മദർ തെരേസയുടെ അനുസ്മരണത്തിന്റെ ഭാഗമായി കെ. സി. വൈ. എം. സംസ്ഥാന സമിതിയുടെ ആഹ്വാന പ്രകാരം കുറിച്ചി അഗതി മന്ദിരത്തിൽ അതിരൂപതാ സമിതി ഒരു നേരത്തെ ഭക്ഷണം നൽകി.

### സെപ്റ്റംബർ 10 – **YTP ക്ലാസ്സ്3**

2021 YTP യുടെ മൂന്നാമത്തെ ക്ലാസ്സ് സെപ്റ്റംബർ 10 ന് വൈകുന്നേരം 7 മണിക്ക് നടത്തപ്പെട്ടു. വിഷയം – 'മിശ്ര വിവാഹം & ക്രിസ്തീയ ധാർമ്മി കത (ദയാവധം, ഭ്രൂണഹത്യ...)' ക്ലാസ്സ് നയിച്ചത് റവ. ഫാ. ജേക്കബ് കോയിപ്പള്ളി.

### സെപ്റ്റംബർ 12 – **പാലാ പിതാവിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് സമാധാന റാലി**

ക്രൈസ്തവ സമുദായം നേരിടുന്ന ഈ കാലഘട്ടത്തിലെ അതി സങ്കീർണ്ണ

മായ വെല്ലുവിളികളെപ്പറ്റി സമുദായാംഗങ്ങളെ തന്റെ വാക്കുകളാൽ ബോധ വാന്മാരാക്കി ലവ് ജിഹാദിനും നാർക്കോട്ടിക്ക് ജിഹാദിനും എതിരെ ശക്ത മായി പ്രതികരിച്ച പാല രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന് ചങ്ങനാശേരി അതിരൂപതയിലെ യുവജനങ്ങളുടെ പരിപൂർണ പിന്തുണയും ഐക്യദാർഢ്യവും അറിയിച്ചു. പാലാ, കാഞ്ഞിരപ്പള്ളി, ചങ്ങനാശേരി രൂപതകളിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ പാലാ ടൗണിൽ നടത്തിയ സമാധാന റാലിയിലും സമ്മേളനത്തിലും അതിരൂപത ഭാരവാഹി കളും വിവിധ ഫൊറോനാ നേതൃത്വങ്ങളും പങ്കെടുത്തു. അതിരൂപത പ്രസിഡന്റ് ജോബിൻ ഇടത്താഴെ, കെ.സി.വൈ.എം. സംസ്ഥാന ജനറൽ സെക്രട്ടറി ഷിജോ ഇടയാടി, ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര എന്നിവർ സംസാരിച്ചു.

**സെപ്റ്റംബർ 16 – YTP ക്ലാസ്സ് 4**

2021 YTP യുടെ നാലാമത്തെ ക്ലാസ്സ് 2021 സെപ്റ്റംബർ 17 ന് വൈകുന്നേരം 7 മണിക്ക് നടത്തപ്പെട്ടു. വിഷയം – 'ക്രിസ്തു ജീവിക്കുന്നു' (അപ്പസ്തോലിക പ്രബോധനം). ക്ലാസ്സ് നയിച്ചത് റവ. ഫാ. ആന്റണി മൂലയിൽ.

**സെപ്റ്റംബർ 21 – ഉത്സവ് – 2021**

അതിരൂപത ഓൺലൈൻ കലോത്സവം ഉത്സവ് – 2021 ന് തുടക്കം കുറിച്ചു. ആദ്യ ദിനം, പെൻസിൽ ഡ്രോയിങ്, ഉപന്യാസ രചന, കവിതാ രചന, കഥാരചന, നോട്ടീസ് രചന, കാർട്ടൂൺ രചന എന്നീ മത്സരങ്ങൾ നടത്തപ്പെട്ടു.

**സെപ്റ്റംബർ 25 – YTP ക്ലാസ്സ് 5**

2021 YTP യുടെ അഞ്ചാമത്തെ ക്ലാസ്സ് 2021 സെപ്റ്റംബർ 25 വൈകുന്നേരം 7 മണിക്ക് നടത്തപ്പെട്ടു. വിഷയം – 'സഭയും യാമപ്രാർത്ഥനകളും'. ക്ലാസ്സ് നയിച്ചത് റവ. ഫാ. വർഗീസ് താനമാവുങ്കൽ.

**സെപ്റ്റംബർ 25, 26 – ഉത്സവ് – 2021**

അതിരൂപത ഓൺലൈൻ കലോത്സവം തുടരുന്നു. വാട്ടർ കളർ, മുദ്രാ വാക്യരചന, പത്രവാർത്താ രചന, കൊളാഷ്, ഫോട്ടോഗ്രാഫി, പ്രസംഗം, ഡിബേറ്റ് എന്നീ മത്സരങ്ങൾ ഈ ദിവസങ്ങളിലായി നടത്തപ്പെട്ടു.

**സെപ്റ്റംബർ 29 – ഉത്സവ് – 2021**

നാടോടിനൃത്തം, മിമിക്രി, മോണോആക്റ്റ്, ലളിതഗാനം തുടങ്ങിയ മത്സരങ്ങൾ ബുധാഴ്ച, സെപ്റ്റംബർ 29 ന് നടത്തപ്പെട്ടു.

## SHE - 2021

അതിരൂപത വനിതാ സംഗമം വിവിധ സോണികളായി നടത്തപ്പെടുന്നു. ഒക്ടോബർ 3 മുതൽ ഓൺലൈൻ ആയി നടത്തപ്പെടുന്ന സംഗമത്തിൽ അതിരൂപതയിലെ മുഴുവൻ വനിതകളയുടെയും സാന്നിദ്ധ്യം ഉണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജോബിൻ ആനക്കല്ലുങ്കൽ**
(ജോയിന്റ് ഡയറക്ടർ)

**ഫാ. ജേക്കബ് ചക്കാത്ര**
(ഡയറക്ടർ)

ഈശോയിൽ സ്നേഹം നിറഞ്ഞ കെ.സി.എസ്.എൽ അംഗങ്ങളെ,

കോവിഡ് മഹാമാരിയുടെ ഈ ബുദ്ധിമുട്ടേറിയ സമയത്തും ഓൺലൈൻ പ്ലാറ്റ്ഫോമിൽ ക്ലാസുകൾ നടക്കുന്നുവെന്നതിൽ സന്തോഷമുണ്ട്. ഒപ്പം തന്നെ ക്ലാസുകൾക്കൊപ്പം കുട്ടികളുടെ വിശ്വാസസംരക്ഷണത്തിന് അധ്യാപകർ പ്രത്യേകം ശ്രദ്ധകൊടുക്കുമല്ലോ. വിശ്വാസപരിശീലനത്തിന് ആവശ്യമായ ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കാൻ താല്പര്യമുണ്ടെങ്കിൽ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

നാർക്കോട്ടിക് ജിഹാദ്, ലൗ ജിഹാദ് വിഷയങ്ങളിൽ പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നടത്തിയ പ്രസ്താവനയിൽ ചങ്ങനാശേരി കെ.സി.എസ്.എൽ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

9, 10, 12 ക്ലാസുകളിലെ കത്തോലിക്കാ കുട്ടികൾക്കായി ഒക്ടോബർ മാസം 13, 14, 15 തിയതികളിൽ കെ.സി.എസ്.എൽ ന്റെ നേതൃത്വത്തിൽ ഫാ.സിജോ കാച്ചാംകോടും ഫാ. ദീപക് MCBS ഉം ചേർന്ന് സ്കൂളുകളിൽ online ധ്യാനം നയിക്കുന്നു. വിശദ വിവരങ്ങൾ വാട്ട്സ്ആപ്പ് മുഖേന അറിയിക്കുന്നതാണ്.

**അൽഫോൻസാ ക്വിസ് 2021**

F.C.C ദേവമാതാ പ്രൊവിൻസും ചങ്ങനാശേരി കെ.സി.എസ്.എൽ ഉം ചേർന്ന് സംഘടിപ്പിക്കുന്ന അഖില കേരള അൽഫോൻസാ ക്വിസ് മത്സരം.

| | |
|---|---|
| Trial Round | - 9/October/2021 |
| Preliminary Round | - 12/October/2021 |
| Final Round | - 16/October/2021 |

| | |
|---|---|
| സ്നേഹബലി (അൽഫോൻസാമ്മയുടെ ജീവചരിത്രം) | =35% |
| 1 രാജാക്കന്മാർ 1 – 6, പ്രഭാഷകൻ 23 – 27 | =20% |
| അമ്മയായ ഭൂമി ( പഠന വിഷയം 2021) | =25% |
| KCSL ചരിത്രം (Original text) | =20% |

എല്ലാ വിഷയങ്ങൾക്കും PDF ഗ്രൂപ്പുകളിലും കോർപ്പറേറ്റ് ഓഫീസിന്റെ മെയിലിലും അയച്ചിട്ടുണ്ട്. സ്നേഹബലി എന്ന പുസ്തകത്തിന്റെ കോപ്പി KCSL ഓഫീസിൽ ലഭ്യമാണ്. ഏന്തെങ്കിലും സംശയങ്ങൾ ഉണ്ടായാൽ +91 7306157185 എന്ന നമ്പറിൽ ബന്ധപ്പെടുക.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

കാർപ്പിന്റെ പ്രവർത്തനം കോവിഡ് നിയന്ത്രണം ഉണ്ടെങ്കിലും നടന്നു വരുന്നു. സെപ്റ്റംബർ 11, 12 എന്നീ തീയതികളിൽ സീറോ മലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മറ്റി നടത്തിയ സൂം മീറ്റിങ്ങിൽ കാർപ്പിന്റെ അതിരൂപത സമിതി അംഗങ്ങൾ പങ്കെടുത്തു.

## ഒക്ടോബർ മാസം ചെയ്യേണ്ട കാര്യങ്ങൾ

### പ്രീമെട്രിക് സ്കോളർഷിപ്പ്, പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

മീൻസ് കം സ്കോളർഷിപ്പ്കൾക്ക് വരുമാന സർട്ടിഫിക്കറ്റും, ഡൊമിസൈൽ സർട്ടിഫിക്കറ്റ് (പ്രീമെട്രിക്കിന് ഒഴികെ) വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വെരിഫിക്കേഷൻ സഹിതം അപേക്ഷിക്കാവുന്നതാണ്.

### പ്രൊഫസർ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്

മതന്യൂനപക്ഷത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് SSLC, പ്ലസ്ടു വിനും ഫുൾ A+ വാങ്ങിയ കുട്ടികൾക്ക് APL, BPL വ്യതാസമില്ലാതെ അപേക്ഷിക്കാവുന്നതാണ്.

### E SHRAM

കർഷകർ ഉൾപ്പെടെയുള്ള അസംഘടിത തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് വേണ്ടി 18 നും 59 വയസ്സിനിടയിലുള്ളവർ അടുത്തുള്ള അക്ഷയ കേന്ദ്രത്തിൽ പോയി രജിസ്റ്റർ ചെയ്യേണ്ടതാണ്.

എന്ന്

**ബേബി വട്ടക്കര**
അതിരൂപതാ കോർഡിനേറ്റർ

**ഫാ. ജയിംസ് കൊക്കാവയലിൽ**
അതിരൂപതാ ഡയറക്ടർ

പ്രിയ ബഹു. അച്ചാ/സുഹൃത്തെ,

**ചാസിൽ നിന്നും ആശംസകൾ !!!**

ആധുനിക സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന ഒരു വൻവിപത്താണല്ലോ ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം. ആസക്തി ഉളവാക്കുന്ന സൈക്കോ ആക്റ്റീവ് പദാർത്ഥങ്ങളോടുള്ള മനുഷ്യന്റെ അഭിരുചി മനുഷ്യകുലത്തിന്റെ തുടക്കം മുതലേ ഉണ്ടായിരുന്നു എന്ന് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. വെറ്റിലമുറുക്ക്, കറുപ്പ്, മദ്യപാനം, പുകവലി തുടങ്ങിയ ശീലങ്ങൾ നൂറ്റാണ്ടുകൾക്ക് മുൻപ് തന്നെ നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്നു. ഒരു പരിധിവരെ ഇത്തരം ശീലങ്ങൾക്കു പൊതുജനങ്ങളുടെ ഇടയിൽ അംഗീകാരം ലഭിച്ചിരുന്നു എന്നതും ഒരു സത്യമാണ്. ഈ ശീലങ്ങൾ പൊതുവെ മുതിർന്നവരിലാണ് അക്കാലത്ത് പ്രധാനമായും കണ്ടുവന്നിരുന്നത്. ഒപ്പം അത് അന്നത്തെ സമൂഹത്തെ കാര്യമായി ബാധിച്ചിരുന്നില്ല.

എന്നാൽ, കാലം മാറി, താരതമ്യേന വീര്യം കുറഞ്ഞ ലഹരിപദാർത്ഥങ്ങളുടെ സ്ഥാനത്തു വൻ വിനാശകാരികളായ വിവിധ ഇനം ലഹരി വസ്തുക്കൾ നാട്ടിൽ സുലഭമായി ലഭിക്കുന്ന സാഹചര്യം ഉടലെടുത്തു. ഒപ്പം യുവജനങ്ങളും, കുട്ടികളും എന്തിന് സ്ത്രീകൾ പോലും ഇത്തരം ലഹരിക്കടിമയാകുന്ന ദയനീയ സാഹചര്യത്തിലേക്കു നമ്മുടെ സമൂഹം വഴുതി വീണിരിക്കുന്നു.

പലപ്പോഴും തമാശക്ക് തുടങ്ങുന്ന ഇത്തരം ശീലങ്ങൾ പിന്നീട് ഒഴിവാക്കാനാകാത്തവിധം ആസക്തി ഉളവാക്കുന്ന രീതിയിൽ മാറുമ്പോൾ അതിനടിമകളാകുന്നവർ മാത്രമല്ല, അതിന്റെ തിക്തഫലങ്ങൾക്ക് ഇരകളാകുന്നത്. മറിച്ച് അത് കുടുംബബന്ധങ്ങളെയും സമൂഹബന്ധങ്ങളെയും തകർത്ത് ഒരു തരം അരക്ഷിതാവസ്ഥ സമൂഹത്തിൽ സംജാതമാക്കുവാൻ ഇടയായിത്തീരുകയും ചെയ്യും. ലഹരി-മാഫിയകളുടെ പ്രവർത്തനം ഇത്തരം വിപത്തുകളെ അതിവേഗം വളർത്തി ഒരു ദൂഷിതവലയംതന്നെ തീർത്തിരിക്കുന്നു. പലപ്പോഴും നിയമസംവിധാനങ്ങൾക്കും, ഭരണ സംവിധാനങ്ങൾക്കും ഇവരെ നിയന്ത്രിക്കാനോ ശിക്ഷിക്കാനോ സാധിക്കാറില്ല. ലഹരി-മാഫിയകൾ യഥേഷ്ടം വിഹരിക്കുമ്പോൾ നമ്മുടെ യുവത്വം ഉന്മത്തരായി വഴിതെറ്റിപോകുന്നു.

സഭ എക്കാലത്തും ഇത്തരം സാമൂഹ്യ തിന്മകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചങ്ങനാശേരി സോഷ്യൽ സർവീസ് സൊസൈറ്റി കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി ലഹരി ചികിത്സാ രംഗത്ത് സജീവമായി പ്രവർത്തിച്ചുവരുന്ന വിവരം ഏവർക്കും അറിയാവുന്നതാണല്ലോ. കേരളത്തിൽ കേന്ദ്ര ഗവണ്മെന്റിന്റെ സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ കീഴിൽ വരുന്ന മുഴുവൻ ലഹരി ചികിത്സാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന ഏജൻസിയാണ് ചാസ്. ഒപ്പം ചാസിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര ഗവണ്മെന്റിന്റെ സഹായത്തോടുകൂടി പുന്നപ്രയിലും, കറ്റാനത്തും 18 വയസ്സിനു മുകളിലുള്ളവർക്കായി ലഹരി ചികിത്സാകേന്ദ്രങ്ങൾ പ്രവർത്തിക്കു

ന്നുണ്ട്. ഈ മേഖലയിലെ ചാസിന്റെ പ്രവർത്തന മികവിനുള്ള അംഗീകാരമായി 18 വയസിനു താഴെയുള്ള ലഹരികൾക്കടിമകളായ ആൺകുട്ടികൾക്കുള്ള ഒരു ചൈൽഡ് കെയർ സെന്റർ ഈ വർഷം അനുവദിച്ചു നൽകിയിരിക്കുന്ന കാര്യം അറിയിക്കുന്നു. കേരളത്തിൽ ആദ്യമായി തുടങ്ങുന്ന ഈ സംരംഭം കുറുമ്പനാടം സമൃദ്ധയിലാണ് പ്രവർത്തിക്കുന്നത്. നമ്മുടെ ഇടവകാതിർത്തിക്കുള്ളിൽ വരുന്ന ലഹരിക്കടിമകളായ നാനാജാതി മതസ്ഥരായ കുട്ടികളെ അത്തരം വിപത്തിൽനിന്നും മോചിപ്പിച്ച് ഉത്തമ പൗരന്മാരാക്കിത്തീർക്കാനുള്ള ഉത്തര വാദിത്വം നമുക്കേവർക്കുമുണ്ട്. മാതാപിതാക്കളും കുടുംബാംഗങ്ങളും, സമൂഹം മുഴുവനും ഇത്തരം വിപത്തിനെതിരെ ജാഗരൂകരാകുകയും ഇങ്ങനെയുള്ളവരെ ചികിൽസിക്കാനുള്ള നടപടികൾക്കുവേണ്ട സഹായ സഹകരണം നൽകുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരു നല്ല ഭാവിക്കായി നമ്മുടെ കുട്ടികളെ ഒരുക്കുവാൻ ഏവരെയും ആഹ്വാനം ചെയ്യുന്നു.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
**ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ**
(അസി. ഡയറക്ടേഴ്സ്)

**ഫാ. തോമസ് കുളത്തുങ്കൽ**
(ഡയറക്ടർ)

## കേന്ദ്രവാർത്തകൾ

### ചാസ് കോവിഡ് പ്രതിരോധ മെഡിക്കൽ കിറ്റ് വിതരണം

കോവിഡ് വ്യാപനം നിയന്ത്രണവിധേയമാകാതെ തുടരുന്ന പശ്ചാത്തല ത്തിൽ കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ ചാസിന്റെ പ്രവർത്ത നപരിധിയിലുള്ള 100 സാധുകുടുംബങ്ങൾക്ക് സൗജന്യമായി കോവിഡ് പ്ര തിരോധകിറ്റ് വിതരണം ചെയ്തു. ആദ്യഘട്ടത്തിൽ 2000 പ്രതിരോധകിറ്റുകൾ സൗജന്യനിരക്കിൽ നൽകിയിരുന്നു. കോവിഡ്-19 പ്രതിരോധകിറ്റിന്റെ വിതര ണോദ്ഘാടനം ഓഗസ്റ്റ് 27ന് ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം നിർവ്വ ഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ പ്രസംഗിച്ചു. പൾസ് ഓക്സീമീറ്റർ, സ്റ്റീം ഇൻഹേലർ, N95 മാസ്ക്, സാനിറ്റൈ സർ, ഹാൻഡ് വാഷ്, ഡിജിറ്റൽ തെർമോമീറ്റർ എന്നിവ ഉൾക്കൊള്ളുന്നതാണ് പ്രതിരോധകിറ്റ്. സാമൂഹിക അകലം പാലിക്കാനും, മൂക്കും വായും മൂടത്തക്ക വിധം മാസ്ക് ധരിക്കാനും, ഇടവേളകളിൽ സാനിറ്റൈസറും ഹാൻഡ് വാഷും ഉപയോഗിച്ച് കൈകഴുകേണ്ടതിന്റെ ആവശ്യകതയും വ്യക്തമാക്കുന്ന ലഘുലേ ഖയും കിറ്റിനോടൊപ്പമുണ്ട്.

### ചാസ് ഓക്സിജൻ കോൺസൻട്രേറ്റർ സെന്റർ

കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ ചാസിൽ ഓക്സിജൻ കോൺസൻട്രേറ്റർ സെന്റർ പ്രവർത്തനം ആരംഭിച്ചു. കോവിഡ് ബാധിതർ പ്രാണവായു ലഭിക്കാതെ ജീവനുവേണ്ടി മല്ലടിക്കുന്ന സാഹചര്യത്തിൽ

അവർക്ക് ഓക്സിജൻ ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഓക്സിജൻ കോൺസൻട്രേറ്ററിന്റെ സ്വിച്ച് ഓൺ കർമ്മം ഓഗസ്റ്റ് 28 ന് ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖ പ്രഭാഷണം നടത്തി. അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ പ്രസംഗിച്ചു.

### ഹരിതം – 2021

ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ ഭാഗമായി 'ഹരിതം 2021' എന്ന പേരിൽ ഗ്രീൻപ്രോട്ടോക്കോൾ കാമ്പെയിനു തുടക്കം കുറിച്ചു. ഓഗസ്റ്റ് 28 ന് ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം ചാസ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. ജോസ് സെബാസ്റ്റ്യന് തെങ്ങിൻ തൈ നൽകി പദ്ധതി ഉദ്ഘാടനം നിർവ്വഹിച്ചു.

### നർച്ചർ പദ്ധതി

കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ സാങ്കേതിക സഹായത്തോടുകൂടി നടപ്പിലാക്കുന്ന റൂട്ട് സോൺ അടിസ്ഥാനമാക്കിയുള്ള ഫെർട്ടിഗേഷൻ സംവിധാനത്തോടുകൂടിയ മരം നടീൽ (നർച്ചർ) പദ്ധതിക്കു തുടക്കമായി. ചാസ് സമൃദ്ധാ കെയർ സെന്ററിൽ നടപ്പിലാക്കുന്ന മരം നടീൽ പദ്ധതി സെപ്റ്റംബർ 16-ാം തീയതി ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ നിർവ്വഹിച്ചു. പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ്, ശ്രീ. ജോസഫ് ദേവസ്യാ, ശ്രീ. കാർമ്മൽ ജോബി, ശ്രീ. ലിറ്റിമോൻ എന്നിവർ സന്നിഹിതരായിരുന്നു.

### കോവിഡ് പ്രതിരോധ മെഡിക്കൽ കിറ്റ് വിതരണം

കോവിഡ് വ്യാപനം നിയന്ത്രണവിധേയമാകാതെ തുടരുന്ന പശ്ചാത്തലത്തിൽ ചാസിന്റെ പ്രവർത്തന പരിധിയിലുള്ള സാധുകുടുംബങ്ങൾക്ക് സൗജന്യമായി കോവിഡ് പ്രതിരോധ മെഡിക്കൽ കിറ്റ് വിതരണം ചെയ്തു വരുന്നു. എടത്വാ യൂണിറ്റിൽ സംഘടിപ്പിച്ച മെഡിക്കൽ കിറ്റ് വിതരണത്തിന്റെ ഉദ്ഘാടനം ഫൊറോനാ ഡയറക്ടർ വെരി. റവ. ഫാ. മാത്യു ചൂരവടി നിർവ്വഹിച്ചു. ചാസ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു, മേഖലാ കോ-ഓർഡിനേറ്റർ ശ്രീമതി ആൻസി ലോനിച്ചൻ എന്നിവർ പ്രസംഗിച്ചു. വെരൂർ, ചീരംചിറ, പായിപ്പാട്, മരിയാപുരം, വില്ലൂന്നി, എടത്വാ, കുറുമ്പനാടം, മാമ്മൂട്, ചേന്നംങ്കരി, കാവാലം, പുന്നത്തുറ, കോട്ടക്കപ്പുറം, കൂത്രപ്പള്ളി എന്നീ യൂണിറ്റുകളിൽ ഇതിനോടകം മെഡിക്കൽ കിറ്റുകൾ വിതരണം നടത്തി.

### ചാസ് പ്രാദേശിക യൂണിറ്റ് സന്ദർശനം

ചാസ് പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഓഫീസിൽ നിന്നും ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർ ഫാ. ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രോജക്ട് ഓഫീസർ ശ്രീ. ജോബി മാത്യു എന്നിവർ ചാസ് യൂണിറ്റ് സന്ദർശനം നടത്തി. യൂണിറ്റ്

ഡയറക്ടർമാരും, ഭാരവാഹികളുമായി നടത്തിയ ചർച്ചയിൽ യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ചാസ് നടപ്പിലാക്കിവരുന്ന വിവിധ വികസന പദ്ധതികൾ അവലോകനം ചെയ്യുകയും യൂണിറ്റ് കൂടുതൽ സജീവമാക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. മേഖലാ കോ-ഓർഡിനേറ്റർമാരായ ശ്രീ. എൻ.ഐ. തോമസ്, ശ്രീ. ബിനു ജോസഫ്, ശ്രീ. ഡി. ജോസഫ്, ശ്രീമതി സിജി ബിജുമോൻ, ശ്രീമതി ബോബിന തോമസ്, ശ്രീമതി ആൻസി ലോനിച്ചൻ, ശ്രീമതി സജി ഷാജി എന്നിവർ നേതൃത്വം നൽകി.

| *തീയതി* | *മേഖല* | *യൂണിറ്റ്* |
|---|---|---|
| 05.09.2021 | തൃക്കൊടിത്താനം | പായിപ്പാട് |
| 06.09.2021 | എടത്വാ | എടത്വാ |
| 12.09.2021 | ചമ്പക്കുളം | കൊണ്ടാക്കൽ, നസ്രത്ത്, വടക്കേഅമിച്ചകരി |
| 12.09.2021 | ആലപ്പുഴ | പുറക്കാട് |
| 19.09.2021 | തുരുത്തി | പൊടിപ്പാറ |
| 19.09.2021 | കുറുമ്പനാടം | കുറുമ്പനാടം, മാന്നില, മാമ്മൂട് |
| 20.9.2021 | പുളിംകുന്ന് | മിത്രക്കരി |
| 21.9.2021 | പുളിംകുന്ന് | മാമ്പുഴക്കരി |
| 23.9.2021 | അതിരമ്പുഴ | പുന്നത്തുറ, കോട്ടയ്ക്കപ്പുറം |

## ചാസ് സഹായ പദ്ധതികൾ

### SHG മരണാനന്തര സഹായം (Rs. 1, 10000/-)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 537. ഇ.സി. ജേക്കബ്, വളവുകുഴിയിൽ | നവജ്യോതി | പങ്ങട | കോട്ടയം |
| 538. അമ്മു, ജ്യോതിഭവൻ | സഹൃദയ | മുഹമ്മ | ആലപ്പുഴ |
| 539. ലിസി വർഗീസ്, ആലപ്പാട്ട് വെളി | എയ്ൻജൽ | മുഹമ്മ | ആലപ്പുഴ |
| 540. പെണ്ണമ്മ മാത്യു, കുമരംചേരിയിൽ | കരുണ | വെട്ടിമുകൾ | അതിരമ്പുഴ |
| 541. സുബൈദ റീനാസ്മൻസിൽ | ഐശ്വര്യ | മണ്ണംച്ചേരി | ആലപ്പുഴ |
| 542. പി.ഡി. ജോയ്, പാണാട്ടുപറമ്പിൽ | ക്രിസ്തുരാജ് | തത്തംപള്ളി | ആലപ്പുഴ |
| 543. ഷീന സിബി, കിടങ്ങയിൽ | ചെറുപുഷ്പം | ലിസ്യൂ | അതിരമ്പുഴ |
| 544. പെണ്ണമ്മ, കുന്നേൽമടപ്പുരക്കൽ | സ്നേഹാലയ | കൊടുപ്പുന്ന | എടത്വ |
| 545. മേരിക്കുട്ടി എബ്രഹാം, കണ്ടത്തിപ്പറമ്പിൽ | സ്നേഹനിധി | പുറക്കാട് | ആലപ്പുഴ |
| 546. സെബാസ്റ്റ്യൻ ടി സ്, തൂമ്പുങ്കൽ | സ്നേഹധാര | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 547. ജോയ് ജോർജ്, പേരാലുംപറമ്പ് | നീതി | പഴവങ്ങാടി | ആലപ്പുഴ |

### മ്യൂച്വൽ ബെനഫിറ്റ് സ്കീം (Rs. 1,70000/-)

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 572. അപ്പച്ചൻകുട്ടി, കിഴക്കേത്തല | പുല്ലങ്ങടി | ചമ്പക്കുളം |
| 573. സാലിമ്മ ജോസഫ്, തെക്കേമുണ്ടകം | പുല്ലങ്ങടി | ചമ്പക്കുളം |
| 574. കൃഷ്ണകുമാരി, കിഴക്കേടം | പുല്ലങ്ങടി | ചമ്പക്കുളം |
| 575. പെണ്ണമ്മ മാത്യു | വെട്ടിമുകൾ | അതിരമ്പുഴ |
| 576. മറിയാമ്മ മാത്യു, കിഴക്കേച്ചിറ | പുളിംകുന്ന് | പുളിംകുന്ന് |
| 577. ഭവാനി തങ്കപ്പൻ, ഊടലിൽ | പുളിംകുന്ന് | പുളിംകുന്ന് |

| | | |
|---|---|---|
| 578. കെ പി ആന്റണി, കണ്ടങ്കരി | ഇത്തിത്താനം | തുരുത്തി |
| 579. പി ജെ ജോസഫ്, പുളിമ്പറമ്പ് | ഇത്തിത്താനം | തുരുത്തി |
| 580. റോസമ്മ ആന്റണി, കാച്ചംകോട് | ഇത്തിത്താനം | തുരുത്തി |
| 581. എയ്ഞ്ചൽ കോര, ചെറുകര | പായിപ്പാട് | തൃക്കൊടിത്താനം |
| 582. തോമസ് ടി ഫിലിപ്പ്, തെക്കേൽ | അമ്പൂരി | അമ്പൂരി |
| 583. ഷാജി കെ കെ, മാതാഭവൻ | അമ്പൂരി | അമ്പൂരി |
| 584. തോമസ് സെബാസ്റ്റ്യൻ, മാടപ്പള്ളിൽ | മണ്ണാർക്കുന്ന് | അതിരമ്പുഴ |
| 585. ഷീന സിബി, കിടങ്ങയിൽ | ലിസ്യൂ | അതിരമ്പുഴ |
| 586. ഔസേഫ് തോമസ്, കാഞ്ഞുപറമ്പിൽ | മുട്ടാർ ഓൾഡ് | എടത്വ |
| 587. ഓമന പത്മനാഭൻ, കളത്തിപ്പറമ്പിൽ | ഫാത്തിമാപുരം | തൃക്കൊടിത്താനം |
| 588. റഷിദ കബീർ, പുതുപ്പറമ്പ് | ഫാത്തിമാപുരം | തൃക്കൊടിത്താനം |

## ചികിൽസാ സഹായം (Rs. 5000/-)

| | | |
|---|---|---|
| 256. പ്രേം ജി പുത്തൻമഠം | പഴവങ്ങാടി | ആലപ്പുഴ |

## മേഖല വാർത്തകൾ

### ഹരിത സമൃദ്ധി കാർഷിക മേള

ചാസ് പാറേൽ സോഷ്യൽ സർവീസ് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച ഹരിത സമൃദ്ധി കാർഷികമേള അഡ്വ. ജോബ് മൈക്കിൾ എംൽഎ ഉദ്ഘാടനം ചെയ്തു.ചാസ് അതിരൂപത ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അധ്യക്ഷത വഹിച്ചു. വികാരി റവ. ഫാ. ജേക്കബ് വാരിക്കാട്ട്, ബാബു വള്ളപ്പുര, എം.ഡി. സേവ്യർ, തങ്കച്ചൻ പുല്ലുകാട്ട്, ജോസ്കുട്ടി കൂട്ടംപേരൂർ, തങ്കമ്മ സേവ്യർ, ജിജി തൈക്കാട്ടുശ്ശേരി, സിസ്റ്റർ അൽഫോൻസ് സി.എം.സി. എന്നിവർ പ്രസംഗിച്ചു. പാറേൽ പള്ളി മൈതാനത്തിൽ നടന്ന മേളയിൽ എല്ലാ ഫലവൃക്ഷ തൈകളും, പച്ചക്കറി വിത്തുകളും, ചാണകപ്പൊടി, ജൈവവളങ്ങൾ, വേപ്പിൻ പിണ്ണാക്ക്, ഗ്രോ ബാഗുകൾ ബി വി 380 കോഴിക്കുഞ്ഞുങ്ങൾ തുടങ്ങിയവ മേളയിൽ വിപണനം ചെയ്തു.

### വളർത്തുകൂട്ടം പദ്ധതി

ചാസ് വളർത്തുകൂട്ടം പദ്ധതിയുടെ ഭാഗമായി അതിരമ്പുഴ, പുളിംകുന്ന്, മേഖലകളിൽ ബി വി 380 ഇനത്തിൽപെട്ട കോഴിയും കൂടും സെപ്റ്റംബർ 20 ന് വിതരണം ചെയ്തു.

### മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ചു.

ഏറ്റുമാനൂർ മാവേലി പുരുഷ സ്വാശ്രയ സംഘം നടത്തിവരുന്ന മത്സ്യ കൃഷിയുടെ ഭാഗമായി മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഉദ്ഘാടനം ഏറ്റുമാനൂർ ക്രിസ്തുരാജ് ഫൊറോനാ പള്ളി വികാരി റവ. ഫാ. ടോം കുന്നുംപുറം നിർവഹിച്ചു. സംഘം പ്രസിഡന്റ് റോബിൻ കൂർക്കകാലയിൽ, സജി തടത്തിൽ, പി.വി. ജോസഫ് പനച്ചേൽ, റോയ് നായത്തുപറമ്പിൽ, കെ.സി. സെബാസ്റ്റ്യൻ കുഴിപ്പറമ്പിൽ, സിബി തെക്കേപ്പുറം, അനീഷ് തോരണംവച്ചതിൽ, ജോയ് ചോരേറ്റ്. ബിന്ദു ആണ്ടുകുന്നേൽ, തുടങ്ങിയവർ പ്രസംഗിച്ചു.

### ജനറൽ ബോഡി മീറ്റിംഗ്

ചാസ് ആലപ്പുഴ മേഖലയിലെ പുത്തനങ്ങാടി യൂണിറ്റ് ജനറൽ ബോഡി

മീറ്റിംഗ് യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് താന്നിയത്തിന്റെ അധ്യക്ഷതയിൽ സെപ്റ്റംബർ 12 ന് നടത്തപ്പെട്ടു. പുളിംകുന്ന് മേഖല കോർഡിനേറ്റർ ശ്രീ. എൻ.ഐ തോമസ് ക്രെഡിറ്റ് യൂണിയൻ പ്രോഗ്രാമിനെ ആസ്പദമാക്കി ക്ലാസ് നയിച്ചു. ചാസിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ചു മേഖല കോർഡിനേറ്റർ ശ്രീ. ഡി. ജോസഫ് സംസാരിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. തോമസ്, സെക്രട്ടറി ശ്രീ. ജോർജ് വർഗീസ് എന്നിവർ നേതൃത്വം നൽകി.

## ജനറൽ ബോഡി മീറ്റിംഗ്

ചാസ് തുരുത്തി മേഖല പൊടിപ്പാറ യൂണിറ്റ് ജനറൽ ബോഡി മീറ്റിംഗ് സെപ്റ്റംബർ 19 ന് നടത്തപ്പെട്ടു. 85 അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോസഫ് കട്ടപ്പുറം അദ്ധ്യക്ഷത വഹിച്ചു. ചാസ് അതിരൂപ ത ഡയറക്ടർ റവ.ഫാ. തോമസ് കുളത്തുങ്കൽ മുഖ്യ പ്രഭാഷണം നടത്തി. അസി.ഡയറക്ടർ ഫാ ആൻസിലോ ഇലഞ്ഞിപ്പറമ്പിൽ, പ്രൊജക്റ്റ് ഓഫീസർ ശ്രീ. ജോബി മാത്യു, ഖാദി സ്കിൽ ട്രെയിനിങ് പ്രോഗ്രാം പ്രിൻസിപ്പൽ ശ്രീ. ജെയിംസ് ഡൊമിനിക് എന്നിവർ ചാസിന്റെ വിവിധ പ്രോഗ്രാമുകളെക്കുറിച്ചു സംസാരിച്ചു.

## ഫാർമേഴ്സ് ക്ലബ് യോഗം

കൈനകരി യൂണിറ്റിലെ ഫാർമേഴ്സ് ക്ലബ് അംഗങ്ങളുടെ യോഗം സെപ്റ്റംബർ 19 ഞായറാഴ്ച രാവിലെ 11 മണിക്ക് പാരിഷ് ഹാളിൽ നടത്തപ്പെട്ടു. ഫാർമേഴ്സ് ക്ലബ് പ്രസിഡന്റ് സിബിച്ചൻ കാളാശേരി അധ്യക്ഷത വഹിച്ച യോഗം യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് കമ്പിയിൽ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് സെക്രട്ടറി ശ്രീ. ടിന്റോ കുര്യൻ മണ്ണട, മേഖല കോർഡിനേറ്റർ ഡി. ജോസഫ് എന്നിവർ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയെയും കർഷക സമിതിയെയുംകുറിച്ച് ക്ലാസുകൾ എടുത്തു.

## കേര സമൃദ്ധി പദ്ധതി

പുളിംകുന്ന് ഫൊറോനാ യൂണിറ്റിൽ നടപ്പാക്കുന്ന കേരസമൃദ്ധി പദ്ധതിയുടെ ഉദ്ഘാടനം ഫൊറോനാ വികാരി വെരി റവ.ഫാ. മാത്യു പുത്തനങ്ങാടി നിർവ്വഹിച്ചു.

## ഫാർമേഴ്സ് ഗ്രൂപ്പ് ഫോറം

ചാസ് വേഴപ്ര യൂണിറ്റിന്റെ നേതൃത്വത്തിൽ ഫാർമേഴ്സ് ഗ്രൂപ്പ് യോഗം ന ടത്തി. ഫാ. ജോർജ് അവന്നൂർ യോഗം ഉദ്ഘാടനം ചെയ്തു. ദേവസ്യാച്ചൻ കൊച്ചുപറമ്പിൽ, ചാക്കോച്ചൻ നെല്ലുവേലി എന്നിവർ യോഗത്തിനു നേതൃത്വം നൽകി.

## കർഷക സമിതി

പള്ളിക്കൂട്ടുമ്മ യൂണിറ്റിൽ കർഷക സമിതിയുടെയും സൂര്യ തേജസ് എസ്. എച്ച്.ജി. യുടെയും മീറ്റിംഗ് സംയുക്തമായി നടത്തപ്പെട്ടു. തദവസരത്തിൽ എസ്. എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ യൂണിറ്റ് ഡയറക്ടർ ഫാ. ലൂയിസ് വെള്ളാനിക്കൽ ക്യാഷ് അവാർഡ് നൽകി ആദരിച്ചു.

*ശേഷം പേജ് 60 ൽ.....»*

# ജീവകാരുണ്യനിധി ട്രസ്റ്റ്
## JEEVAKARUNYANIDHI TRUST

കളർ എ ഡ്രീം പദ്ധതിയിലേക്ക് 2021 - ഏപ്രിൽ മുതൽ വിവിധ ഇടവകകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| നം. | ഇടവക | തുക |
|---|---|---|
| 1. | മുട്ടാർ - സെന്റ് ജോർജ് | 417448 |
| 2. | ചമ്പക്കര | 402000 |
| 3. | പുളിങ്കുന്ന് | 167000 |
| 4. | ചമ്പക്കുളം | 132500 |
| 5. | കായൽപ്പുറം - സെന്റ് ആന്റണീസ് | 100000 |
| 6. | കത്തീഡ്രൽ | 50000 |
| 7. | വെളിയനാട് - സെന്റ് സേവ്യേഴ്സ് | 35253 |
| 8. | തുരുത്തി | 30000 |
| 9. | പള്ളാത്തുരുത്തി | 27150 |
| 10. | മണ്ണാർകുന്ന് | 15000 |
| 11. | മണ്ണഞ്ചേരി | 10000 |

---

» *ചാസ് തുടർച്ച...*

### സമ്പൂർണ ബൈബിൾ കൈപ്പടയിൽ പകർത്തി

മിത്രക്കരി ചാസ് സഹൃദയ സ്വാശ്രയ സംഘത്തിലെ അംഗമായ ശ്രീമതി നീനമ്മ കരോളിൻ സമ്പൂർണ ബൈബിൾ കൈപ്പടയിൽ പകർത്തി. യൂണിറ്റ് എക്സിക്യൂട്ടിവ് മീറ്റിംഗിൽ വച്ച് ചാസ് അതിരൂപത ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ശ്രീമതി നീനമ്മ കരോളിനെ പൊന്നാട അണിയിച്ചു ആദരിച്ചു.

### സ്വാശ്രയ സംഘ - രൂപീകരണം

| *തീയതി* | *സംഘം* | *സ്ഥലം* | *അംഗങ്ങൾ* |
|---|---|---|---|
| 10.09.2021 | കരുതൽ | പൊടിപ്പാറ | 12 |
| 10.09.2021 | ജ്യോതി | പൊടിപ്പാറ | 10 |
| 10.09.2021 | ശക്തി | പൊടിപ്പാറ | 20 |
| 10.09.2021 | തളിര് | പൊടിപ്പാറ | 16 |
| 10.09.2021 | സാന്ത്വനം | പൊടിപ്പാറ | 20 |
| 10.09.2021 | നിറവ് | പൊടിപ്പാറ | 20 |
| 10.09.2021 | തണൽ | പൊടിപ്പാറ | 20 |
| 10.09.2021 | ഉണർവ് | പൊടിപ്പാറ | 20 |
| 10.09.2021 | അമല | പൊടിപ്പാറ | 12 |
| 10.09.2021 | ജ്വാല | പൊടിപ്പാറ | 18 |
| 10.09.2021 | തേജസ് | പൊടിപ്പാറ | 18 |

# TAASC
## (Thiruvananthapuram Amboori Ayoor Social development & Charity)

ചങ്ങനാശേരി അതിരൂപതയുടെ തെക്കൻ മേഖലയിലെ മൂന്നു ഫൊറോനാകളുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി സ്വതന്ത്ര പ്രവർത്തന ഉത്തരവാദിത്വമുള്ള സാമൂഹിക കാർഷിക ഇടപെടൽ മാധ്യമമായി 2020 ജൂലൈ മൂന്നാം തീയതി ഗവൺമെന്റ് രജിസ്ട്രേഷനോടുകൂടി TAASC സൊസൈറ്റി മാർ തോമസ് തറയിൽ സ്ഥാപകനായി രൂപംകൊണ്ടു. TAASC – Thiruvananthapuram Amboori Ayoor Social development & Charity മലയോരമേഖലയിൽ സഭയുടെ ഇടപെടലും വളർച്ചയും വികസനവും തിരുവനന്തപുരം കൊല്ലം ജില്ലാ കേന്ദ്രങ്ങളുടെ വിഷരഹിത ശുദ്ധജീവിതവും ജനത്തോടുള്ള കരുതലും സമഗ്രജീവിത നിലവാര ഉയർച്ചയും അതിജീവനവും ലക്ഷ്യമിട്ടാണ് പ്രവർത്തിക്കുന്നത്. ശാസ്ത്രീയ രീതിയിലുള്ള വിഷരഹിത കൃഷിയിലൂടെ ആരോഗ്യമുള്ള ജനതയെ രാഷ്ട്രത്തിനും സഭയ്ക്കുംവേണ്ടി പ്രദാനം ചെയ്യുന്ന പദ്ധതികളുടെ നേതൃത്വം TAASC ന്റെ മുഖമുദ്രയാണ്. 1500 ഓളം കർഷക കുടുംബങ്ങളുടെ സ്വയംപര്യാപ്തതയ്ക്ക് പരസ്പരം കൈകോർക്കാൻ TAASC ഇടവരട്ടെ എന്നതാണ് പ്രഖ്യാപിത ലക്ഷ്യം.

### ലക്ഷ്യങ്ങൾ

- കർഷക ശാക്തീകരണം – കൃഷിവികസനം, വ്യാപനം, നൂതനരീതികൾ
- മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപാദന വിപണനം
- മലയോരമേഖലയിലെ ജനത്തിന്റെ വിവിധ പ്രശ്നങ്ങളിൽ സഭയുടെ നിലപാടും സ്വസ്ഥമായ ജീവിതത്തിനുള്ള സംവിധാന ഒരുക്കൽ
- വിവിധ ഭരണതലങ്ങളുടെ ഏകോപനത്തിലൂടെ ക്രൈസ്തവ മുന്നേറ്റം

### സൊസൈറ്റി അംഗങ്ങൾ

| | |
|---|---|
| ♦ വെരി റവ.ഫാ. ജോസഫ് വാണിപ്പുര (വികാരി ജനറൽ) | പ്രസിഡന്റ് |
| ♦ വെരി റവ.ഫാ. ജേക്കബ് ചീരംവേലി (ഫൊറോനാ വികാരി) | വൈസ് പ്രസിഡന്റ് |
| ♦ റവ.ഫാ. മാത്യു മൂന്നാറ്റിൻമുഖം | സെക്രട്ടറി |
| ♦ റവ.ഫാ. ജേക്കബ് കുഴിപ്പള്ളി | ജോയിൻ സെക്രട്ടറി |
| ♦ റവ.ഫാ. കുര്യാക്കോസ് തെക്കേടത്ത് | ട്രഷറർ |
| ♦ വെരി റവ.ഫാ. ജോസഫ് കൈതപറമ്പിൽ (ഫൊറോന വികാരി) | എക്സി. മെംബർ |
| ♦ വെരി റവ.ഫാ. എബ്രഹാം കരിപ്പിങ്ങാപുറം (ഫൊറോന വികാരി) | എക്സി. മെംബർ |
| ♦ റവ.ഡോ. ഐസക്ക് മുണ്ടുനടക്കൽ | മെംബർ |
| ♦ റവ.ഫാ. വർഗീസ് പുതുവേലിൽ | മെംബർ |
| ♦ റവ.സി. റോസ് ടോം S.H. അമ്പൂരി | മെംബർ |
| ♦ ശ്രീ. K.U. ജോണി കൊള്ളിയിൽ പെങ്ങുമൂട് | മെംബർ |
| ♦ ശ്രീ. ബേബിച്ചൻ C.T. തോട്ടു മാരിക്കൽ തിരുവല്ലം | മെംബർ |
| ♦ ശ്രീ. ഷാജി K.U. കല്ലുവേലിൽ, രാജഗിരി | മെംബർ |
| ♦ ശ്രീമതി മേഴ്സി ജോസഫ് പാറടയിൽ ആയൂർ | മെംബർ |

2020 നവംബർ മാസത്തിൽ സ്ഥാപകനായ മാർ തോമസ് തറയിൽ പിതാവിന്റെ നേതൃത്വത്തിൽ ആദ്യ ജനറൽബോഡിയോഗം തിരുവനന്തപുരം ലൂർദ്ദ്

പള്ളി അങ്കണത്തിൽ വച്ചു നടന്നു. അതേതുടർന്ന് അമ്പൂരി ആസ്ഥാനമായി ആശ്രയ അമ്പൂരി FPO 29 FIG കളും 424 കർഷകരുമായി SFAC വഴി രജിസ്റ്റർ ചെയ്തു. ആയൂർ കേന്ദ്രമായി കൊല്ലം ജില്ലയിൽ സേറാ ആയൂർ FPO 28 FIG കളും 394 കർഷകരുമായി SFAC വഴി രജിസ്റ്റർ ചെയ്തു.

2021 ജനുവരി മാസത്തിൽ കൊല്ലം ആയൂർ ഫൊറോനയുടെ TAASC ഫൊറോനാ തല ഉദ്ഘാടനം മീൻകുളം ലൂർദ്ദ് പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവഹിച്ചു. തദവസരത്തിൽ ആയൂർ ഫൊറോനയിലെ ജനപ്രതിനിധികളെ ആദരിക്കുകയും ചെയ്തു. തിരുവനന്തപുരം ഫൊറോന സമിതിയുടെ ഉദ്ഘാടനം പാലോട് സെന്റ് മേരീസ് പള്ളിയിലും അമ്പൂരി ഫൊറോന സമിതിയുടെ ഉദ്ഘാടനം അമ്പൂരി പള്ളിയങ്കണത്തിലും മാർ തോമസ് തറയിൽ പിതാവ് നിർവഹിച്ചു.

2020–2021 ഈ കാലയളവിൽ കർഷകരോടുള്ള കരുതലിന് ഭാഗമായി ഉൽപാദകരായ Zera ആയൂർ FPO അംഗങ്ങളുടെ കാർഷിക ഉൽപ്പന്നങ്ങൾ തിരുവനന്തപുരം ഫൊറോന ഇടവകയിൽ വിപണനം നടത്തി. കോവിഡ് രണ്ടാംതരംഗ അവസരത്തിൽ തിരുവനന്തപുരം ഫൊറോനയിലെ ഇടവകകൾ അമ്പൂരി ആയൂർ ഫൊറോന ഇടവകകളിൽ കോവിഡ് ബാധിതർക്ക് കോവിഡ് സഹായധനം നൽകി. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒന്നിൽ കൂടുതൽ കോവിഡ് ബാധിതർ ഉള്ള കുടുംബത്തിലെ 28 ഭവനങ്ങളെ മാർ തോമസ് തറയിൽ പിതാവ് പ്രത്യേക പദ്ധതിയിലൂടെ സഹായിച്ചു. മലയോര ജനതയുടെ അധ്വാനവും വളർച്ചയും ഉൽപാദനങ്ങളും നഗരവാസികളായ ദൈവജനത്തിന് ആശ്വാസവും പരസ്പരമുള്ള സഹായവുമായിത്തീരട്ടെ.

**ഫാ. കുര്യാക്കോസ് തെക്കേടത്ത്**
(ട്രഷറർ)

**ഫാ. മാത്തുക്കുട്ടി മൂന്നാറ്റിൻമുഖം**
(സെക്രട്ടറി)

TAASC കൊല്ലം ഫൊറോനാ തല ഉദ്ഘാടനം മീൻകുളം ലൂർദ്ദ് പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ മാർ ജോസഫ് പെരുന്തോട്ടം പിതാവ് നിർവഹിക്കുന്നു.






2020 നവംബർ 20ന് TAASC തിരുവനന്തപുരം - അമ്പൂരി ഫൊറോനാതല ഉദ്ഘാടനം അഭി. മാർ തോമസ് തറയിൽ പിതാവ് നിർവ്വഹിക്കുന്നു.

ഈശോയിൽ പ്രിയ അച്ചന്മാരേ, സിസ്റ്റേഴ്സ്, ഡി.എഫ്.സി. പ്രവർത്തകരേ,

സെപ്റ്റംബർമാസം കേരള രാഷ്ട്രീയത്തിൽ വലിയ ചർച്ചകളുടെ മാസമായിരുന്നല്ലോ? DFC അംഗങ്ങൾ സഭയുടെ സംരക്ഷകരും വക്താക്കളുമായി ഉയരുന്ന അഭിമാനകരമായ കാഴ്ച കാണാൻ കഴിഞ്ഞു. സഭയുടെ അഭിമാനമായി ഉയർന്ന എല്ലാ ഡി.എഫ്.സി. പ്രവർത്തകർക്കും പ്രത്യേക അഭിനന്ദനം.

## 1. ദീപിക സഭയുടെ നാവായി ഗർജ്ജിച്ച കാലഘട്ടം

സെപ്റ്റംബർമാസം ഒരു പക്ഷേ TV, സോഷ്യൽ മീഡിയ ചർച്ചകളിൽ ഏറ്റവും പരാമർശിക്കപ്പെട്ട ദിനപത്രം ദീപിക ആയിരിക്കും. സഭയുടെ നാവായി ദീപിക ഗർജ്ജിച്ച സജീവകാലഘട്ടമായിരുന്നു ഇത്. ദീപികയ്ക്ക് ശക്തമായി നേതൃത്വം നല്കുന്ന എല്ലാവർക്കും പ്രത്യേക അഭിനന്ദനം.

സോഷ്യൽ മീഡിയായിൽ പ്രചരിച്ച ഒരു പോസ്റ്റർ കണ്ടിരുന്നു; 'ഈശോയേയും സമുദായത്തേയും സ്നേഹിക്കുന്നവർക്ക് ദീപിക വരുത്താതിരിക്കാനാവില്ല'. അതേ, അഭിമാനബോധത്തോടെ എല്ലാ ക്രൈസ്തവകുടുംബങ്ങളും ദീപിക ദിനപത്രം ഭവനങ്ങളിൽ വരുത്തേണ്ട ഒരു അവസരം കൂടിയാണിത്. എല്ലാ ഭവനങ്ങളിലും ദീപിക എത്തിക്കാൻ വലിയ സമുദായബോധത്തോടെ ഒക്ടോബർമാസം നമുക്കെല്ലാം നേതൃത്വമെടുക്കാം.

## 2. ഒക്ടോബർ മാസം : DFC യൂണിറ്റുകളെ ഇടവകകളിൽ സജീവമാക്കുക

ഇടവകകളും സമൂഹവും സാധാരണ ജീവിതത്തിലേയ്ക്കെത്തുന്നു. ഒക്ടോബർമാസം എല്ലാ ഇടവകകളിലും DFC യുടെ യൂണിറ്റ് സമ്മേളനങ്ങൾ നടത്താനും RAC പ്രവർത്തനങ്ങളെ സജീവമാക്കാനും പരിശ്രമിക്കണം.

പുരുഷ-വനിതാ ഭാരവാഹികളും മീഡിയാ കോ-ഓഡിനേറ്റേഴ്സായ യുവജനങ്ങളും ഇല്ലാത്ത യൂണിറ്റുകൾ ഉണ്ടെങ്കിൽ ഒക്ടോബർ 15 ന് മുമ്പ് തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കുമല്ലോ. ഫൊറോനാ സമിതികളും ബഹു. വികാരിയച്ചന്മാരും അതിനുവേണ്ട നേതൃത്വം എടുക്കുമല്ലോ?

## 3. കുടുംബക്കൂട്ടായ്മ – സംഘടനാ ഭാരവാഹികളെ ദീപിക വരിക്കാരാക്കാനുള്ള തീവ്രപരിശ്രമം ഒക്ടോബർമാസത്തിൽ

ഇടവക നേതൃസംവിധാനത്തിന്റെ ഏറ്റം ശക്തമായ അല്മായനേതാക്കളാണല്ലോ ഇടവകകളിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സും സംഘടനാഭാരവാഹികളും. അവരെല്ലാവരും ദീപിക വരുത്തുവാൻ ഏറ്റവും ഉത്തരവാദിത്തപ്പെട്ടവരാണ്. അവരെ ദീപിക വരിക്കാരാക്കാൻ ഒക്ടോബർമാസം തീവ്രപരിശ്രമം നടത്താം. സെപ്റ്റംബർമാസം പാരീഷ് കൗൺസിൽ അംഗങ്ങൾ, മതാധ്യാപകർ

തുടങ്ങിയവരെ വരിക്കാരാക്കാനുള്ള പരിശ്രമം ഒത്തിരി ഇടവകകളിൽ ഭംഗിയായി നടന്നതിൽ പ്രത്യേക അഭിനന്ദനം. ഇനിയും ആ ദൗത്യം പൂർത്തീകരിക്കാനുള്ള ഇടവകകളിൽ ഒക്ടോബർമാസത്തിൽ പൂർത്തീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### 4. യൂണിറ്റ് ഡയറക്ടർ അച്ചന്മാരുടെ മീറ്റിംഗ് : ഒക്ടോബർ 5 ന്

DFC യൂണിറ്റ് ഡയറക്ടർ അച്ചന്മാരുടെ മീറ്റിംഗ് ഒക്ടോബർ 5 ചൊവ്വാഴ്ച രാവിലെ 10 മുതൽ ചങ്ങനാശേരി ബിഷപ്ഹൗസിൽ ക്രമീകരിച്ചിരിക്കുന്നു.

### 5. ദീപിക കലണ്ടറിന്റെ ഓർഡർ എടുക്കുക

അതിരൂപതയിലെ എല്ലാ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും ദീപിക കലണ്ടർ തീർച്ചയായും ഉണ്ടാകണം. എല്ലാ ഇടവകകളിലും ദീപിക കലണ്ടറിന്റെ ഓർഡർ ഒക്ടോബർമാസം തന്നെ പൂർത്തീകരിക്കുമല്ലോ. ഓർഡറുകൾ ഫൊറോന ഡയറക്ടറച്ചന്മാരേയോ, ദീപിക സർക്കുലേഷൻ മാനേജർമാരെയോ ഒക്ടോബർമാസം തന്നെ അറിയിക്കുക. ഓർഡർ അനുസരിച്ച് ഇടവകകളിൽ എത്തിച്ചുതരുന്നതാണ്.

### ഉപസംഹാരം

പ്രതിസന്ധികൾ സഭയെ ഒന്നിപ്പിക്കുകയും വളർത്തുകയും ചെയ്യാനുള്ള അവസരം കൂടിയാണ്. നമ്മെ ഒന്നിപ്പിക്കുകയും വളർത്തുകയും ചെയ്യുന്ന കണ്ണിയായ ദീപിക എല്ലാ ഭവനങ്ങളിലും എത്തേണ്ടതിന്റെ അനിവാര്യതകൂടി നമ്മേ ഓർമ്മപ്പെടുത്തുന്ന മാസമാണല്ലോ കഴിഞ്ഞുപോയത്. ഒക്ടോബർമാസം DFC യെ സജീവമാക്കാനും ദീപിക പ്രചാരണത്തെ ശക്തിപ്പെടുത്താനും നമുക്കെല്ലാം ഉത്സാഹിക്കാം. ദീപിക ശക്തിപ്പെടുമ്പോൾ സഭയാണ് ശക്തിപ്പെടുന്നത് എന്ന വസ്തുത നമുക്ക് മറക്കാതിരിക്കാം.

**ആന്റണി തോമസ് മലയിൽ**
*ഫോൺ: 9446342561*
**ആൻസി മാത്യു ചേന്നോത്ത്**
*ഫോൺ: 9447390669*
(പ്രസിഡന്റുമാർ)

**സണ്ണി പുളിങ്കാലായിൽ**
*ഫോൺ: 9539125164*
**പരിമൾ ആന്റണി അറയ്ക്കത്തറ**
*ഫോൺ: 9495393890*
(ജന:സെക്രട്ടറിമാർ)

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
(അതിരൂപത ഡയറക്ടർ)
*ഫോൺ: 9447432531*

---

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് - 9400390539**
**കോര സി. - 9495445827, വർക്കി ഇ.വി. - 9349599028**

## സെന്റ് തോമസ് ഹോസ്പിറ്റൽ
## ST. THOMAS HOSPITAL, CHETHIPUZHA

### വൈദിക മന്ദിരത്തിന്റെ കല്ലിടീൽ കർമ്മം

പുതുതായി പണിയുന്ന വൈദിക മന്ദിരിത്തിന്റെ കല്ലിടിൽ കർമ്മം സെപ്റ്റംബർ ഒൻപതാം തീയതി സീറോ മലബാർ സഭയുടെ തലവൻ മേജർ ആർച്ചുബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി നിർവ്വഹിച്ചു. ബംഗ്ലാദേശിൽ, വത്തിക്കാൻ പ്രതിനിധിയായി സേവനം ചെയ്യുന്ന അഭിവന്ദ്യ മാർ ജോർജ് കേച്ചേരി പിതാവ് സന്നിഹിതനായിരുന്നു.

### സൗജന്യ മെഡിക്കൽ ക്യാമ്പ്

ഡിപ്പാർട്ടുമെന്റ് ഓഫ് പ്ളാസ്റ്റിക് സർജറിയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 20 മുതൽ 30 വരെ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 വരെ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഡോ. ജോയൽ ജോസഫ് MBBS, DNB, MCh (Plastic Surgery) നേതൃത്വം നൽകിയ പ്രസ്തുത ക്യാമ്പിൽ കൺസൾട്ടേഷൻ പൂർണ്ണമായി സൗജന്യമായിരുന്നു. ലാബ് ടെസ്റ്റുകൾക്കും തുടർചികിത്സകൾക്കും സ്കാനിങ്ങിനും 25% ഡിസ്കൗണ്ട് ലഭ്യമാക്കി. ക്യാമ്പിൽ പങ്കെടുക്കുന്നവരിൽ നിന്ന് ഡോക്ടർ നിർദ്ദേശിക്കുന്ന രോഗികൾക്ക് ശസ്ത്രക്രിയകളിൽ പ്രത്യേക ഇളവ് നല്കി. ശരീരത്തിലെ കൊഴുപ്പ് പാർശ്വഫലങ്ങൾ ഇല്ലാതെ റിമൂവ് ചെയ്യുന്ന Liposuctionനും ഇതര കോസ്മറ്റിക്സ് ശസ്ത്രക്രിയകളും പ്ളാസ്റ്റിക് സർജറി വിഭാഗത്തിൽ ചെയ്യുന്നുണ്ട്.

### ബിരുദദാന ചടങ്ങ്

ചെത്തിപ്പുഴ സെന്റ് തോമസ് നഴ്സിംങ് കോളേജിൽ എം.എസ്.സി. നഴ്സിങിന്റെ ഏഴാം ബാച്ചിന്റെയും ബി.എസ്.സി. നേഴ്സിങിന്റെ പതിനഞ്ചാം ബാച്ചിന്റെയും ബിരുദദാന ചടങ്ങ് കോളേജ് ഓഫ് നഴ്സിങ് സാന്തോം ആഡിറ്റോറിയൽ സെപ്റ്റംബർ 18 ന് സംഘടിപ്പിച്ചു. ചങ്ങനാശേരി അതിരൂപത അധ്യക്ഷൻ അഭി. ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. തോമസ് മംഗലത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ ജോബ് മൈക്കിൾ എം.എൽ.എ., ഫാ. ജെയിംസ് പി. കുന്നത്ത്, ഡോ. തോമസ് സഖറിയ, ഷൈലാ ഐപ്പ്, സി. മെറീന എസ്.ഡി. എന്നിവർ പ്രസംഗിച്ചു.

### നഴ്സിങ് ലാമ്പ് ലൈറ്റിങ്

ചെത്തിപ്പുഴ സെന്റ് തോമസ് നഴ്സിംങ് കോളേജിലെ ബി.എസ്.സി. 19-ാമത് ബാച്ചിന്റെ ലാമ്പ് ലൈറ്റിങ് ചടങ്ങുകൾ സെപ്റ്റംബർ 19 ന് സാന്തോം ആഡിറ്റോറിയൽ സംഘടിപ്പിച്ചു. അഭി. ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടത്തിന്റെ നേതൃത്വത്തിൽ വി. കുർബാന അർപ്പിച്ചു. തുടർന്നുനടന്ന സമ്മേളനം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. പരിപാടികൾക്ക് ഫാ. തോമസ് മംഗലത്ത്, ഫാ. ജെയിംസ് പി. കുന്നത്ത്, ഷൈലാ ഐപ്പ് വർഗ്ഗീസ്, സി. മെറീന എസ്.ഡി. എന്നിവർ നേതൃത്വം നല്കി.

### സെന്റ് തോമസ് ഹെൽത്ത് സെന്ററിൽ ഒബ്സർവേഷൻ റൂം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ സബ് സെന്ററായ മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിൽ ഒബ്സർവേഷൻ റൂം ഹോളിമെയ്ജെ ഫൊറോന അസി. വികാരി ഫാ. മിന്റോ മൂന്നുപറ വെഞ്ചരിച്ചു. അവശതയിലെത്തുന്ന രോഗികൾക്ക് ഓക്സിജൻ സൗകര്യവും ഐ.വി. മെഡിസിൻസും

*ശേഷം പേജ് 66 ൽ.....»*

# കേരള ലേബർ മൂവ്മെന്റ്
## K.L.M

പ്രിയപ്പെട്ടവരെ,

നിങ്ങളെല്ലാവരും കോവിഡ് വാക്സിനേഷൻ എടുത്തുവെന്ന് കരുതുകയാണ്. നമ്മുടെ സംഘത്തിൽ ഉൾപ്പെട്ടവരെല്ലാം വാക്സിനേഷൻ എടുത്തുവെന്ന് ഉറപ്പ് വരുത്തുന്നതും, ഇനിയും എടുക്കാത്തവരെ അതിനായി സഹായിക്കുന്നതും ഉചിതമായിരിക്കും. ഗവൺമെന്റ് കൂടുതൽ ഇളവുകൾ നല്കുന്ന ഈ സമയത്തും നിങ്ങളുടെ തൊഴിലിടങ്ങളിൽ രോഗം വരാതിരിക്കുന്നതിന് വേണ്ടത്ര സുരക്ഷയും കരുതലും എല്ലാവരിലും ഉണ്ടാകേണ്ടതാണ്. സുരക്ഷാമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സംഘത്തിന്റെ പ്രവർത്തനങ്ങളിൽ വീണ്ടും നമുക്ക് സജീവമാകാം.

**ഫാ. ജോൺ വടക്കേക്കളം**
(അസി. ഡയറക്ടർ)

**ഫാ. ജോസ് പുത്തൻചിറ**
(ഡയറക്ടർ)

### ആദരാഞ്ജലികൾ

പനയമ്പാല സെന്റ് സെബാസ്റ്റ്യൻ സംഘാംഗം വടക്കേപറമ്പിലായ മുതുമരത്തിൽ ആന്റണി ദേവസ്യ (74) 28.8.2021, ചേപ്പുംപാറ മർത്ത് മറിയം സംഘാംഗം തൊണ്ടൻപള്ളിൽ ടി.ജെ. ദേവസ്യാ (74) 06.09.2021 എന്നിവർ നിര്യാതരായി. പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം. കെ.എൽ.എം. കുടുംബത്തിന്റെ പ്രാർത്ഥനയും അനുശോചനവും നേരുന്നു.

### മരണാനന്തരസഹായനിധി

മണ്ണാർകുന്ന് യൂണിറ്റ് സെന്റ് മരിയ സംഘാംഗം പരേതനായ തോമസ് സെബാസ്റ്റ്യന്റെ കുടുംബത്തിന് 89-ാമത് മരണാനന്തര സഹായനിധി കൈമാറി. ❍

---

» *സെന്റ് തോമസ് ഹോസ്പിറ്റൽ തുടർച്ച...*

ഉൾപ്പെടെയുള്ള സൗകര്യങ്ങൾ പുതിയ ഒബ്സർവേഷൻ റൂമിൽ ക്രമീകരിച്ചിട്ടുണ്ട്.

### ഹെൽത്ത് സെന്ററിൽ സൗജന്യ മെഡിക്കൽ ക്യാമ്പ്

മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിൽ സൗജന്യ നേഫ്രോളജി, യൂറോളജി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അജിത രതീഷ് ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ഫാ. ജോർജ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ചു. ഫാ. ജെയിംസ് പി. കുന്നത്ത്, ഫിനാൻസ് മാനേജർ ബിജു ജോസഫ് എന്നിവർ പ്രസംഗിച്ചു. നെഫ്രോളജിസ്റ്റായ ഡോ. ശബരിനാഥ് MBBS, DCH, DNB, DM, DNB, യൂറോളജിസ്റ്റായ ഡോ. പ്രവീൺഗോപി MBBS, MS, MCh എന്നിവർ നേതൃത്വം നൽകി.

### ഹെൽത്ത് സെന്ററിലെ എമർജൻസി ഡിപ്പാർട്ടുമെന്റ് വിപുലപ്പെടുത്തി

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ സബ് സെന്ററായ മണിമല സെന്റ് തോമസ് ഹെൽത്ത് സെന്ററിലെ തിരക്കു പരിഗണിച്ച് എമർജൻസി ഡിപ്പാർട്ടുമെന്റിൽ ഡോ. സി. കുസുമം SRA, MBBS, DCH, ഡോ. ഷോൺ ജെയിംസ് MBBS എന്നിരുടെ സേവനം ലഭ്യമാണ്.

**ഫാ. ജയിംസ് പി. കുന്നത്ത്**
(അസി. ഡയറക്ടർ)

**ഫാ. തോമസ് മംഗലത്ത്**
(ഡയറക്ടർ)
❍

പ്രിയപ്പെട്ട പ്രവാസി സഹോദരങ്ങളെ,

പ്രവാസി അപ്പോസ്തലേറ്റിൽനിന്നും പ്രാർത്ഥനകളും ആശംസകളും. വിവിധ വിദേശരാജ്യങ്ങളിൽ താമസിച്ചുവരുന്ന ചങ്ങനാശേരി അതിരൂപതയിൽ ഉൾപ്പെട്ട പ്രവാസി സഹോദരങ്ങളെ കണ്ടെത്തി ഒരുമിച്ച് ഒരു കുടക്കീഴിലെന്നവണ്ണം പ്രവർത്തിക്കുവാൻ സാധിക്കുന്നതിലുള്ള സന്തോഷം പങ്കുവയ്ക്കുന്നു.

കുവൈറ്റ് പ്രവാസി ചാപ്റ്ററിന്റെ കുടുംബസംഗമവും വാർഷികാഘോഷവും 'സ്നേഹസംഗമം-20201' എന്ന പേരിൽ വളരെ ഭംഗിയായും മികവാർന്ന രീതിയിലും സെപ്റ്റംബർമാസം 3-ാം തീയതി നടത്തുകയുണ്ടായി. അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം നിർവ്വഹിച്ച ഈ സംഗമത്തിൽ - കുവൈറ്റ് ഇന്ത്യൻ അംബാസഡർ H.E. സിബി ജോർജ്ജ്, അവോണയിലെ സീറോമലബാർ എപ്പിസ്കോപ്പൽ വികാരി റവ. ഫാ. ജോണി ലോനിസ് എന്നിവർ പങ്കെടുത്തു. സിവിൽ സർവ്വീസ് കോച്ചിംഗിനായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിനികൾ ഡൽഹി ALS ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം ആരംഭിച്ചു. ചങ്ങനാശേരി അതിരൂപതക്കാരായ നഴ്സുമാരിൽനിന്നും ജോലി നിർത്തിവന്ന ആതുര ശുശ്രൂഷകരുടെ കൂട്ടായ്മ നടത്തി. ഒമാൻ ചാപ്റ്ററിന്റെ വിശ്വാസരൂപീകരണ ക്ലാസ് നടത്തുകയും ചെയ്തു.

### വീഡിയോ കോൺഫറൻസ്

ഇസ്രായേൽ, ബഹറൈൻ, യുഎഇ (അലൈൻ), ഖത്തർ, സൗദി അറേബ്യ എന്നീ രാജ്യങ്ങളിലെ എക്സിക്യൂട്ടീവ് മീറ്റിംഗും കുടുംബസംഗമവും നടത്തുകയുണ്ടായി.

### അനുശോചനം

കുവൈറ്റ് ചാപ്റ്റർ പ്രവാസി അപ്പോസ്തലേറ്റ് അംഗമായ റ്റിജി സിറിയക്കിന്റെ ഭാര്യ ആശാ റ്റി. ജേക്കബ് കുവൈറ്റിൽ നിര്യാതയായി. പരേതയുടെ ഭവനം സന്ദർശിച്ച് പ്രാർത്ഥിച്ച് അനുശോചനമറിയിച്ചു.

**ഫാ. ജിജോ മാറാട്ടുകളം**
(അസി. ഡയറക്ടർ)

**ഫാ. റ്റെജി പുതുവീട്ടിൽക്കളം**
(ഡയറക്ടർ)

NB: **ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ. വിളിക്കേണ്ട നമ്പർ 9207470117**

# കത്തോലിക്കാ കോൺഗ്രസ്
## AKCC

### EWS നിവേദനം

സംവരണേതര വിഭാഗങ്ങൾക്കുള്ള സാമ്പത്തിക സംവരണ വിഷയത്തിൽ അപേക്ഷകർ സർട്ടിഫിക്കറ്റുകൾക്കായി വില്ലേജ് ഓഫീസറെ സമീപിക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസ് അതിരൂപത സമിതിയുടെ നേതൃത്വത്തിൽ റവന്യൂ മന്ത്രിക്ക് നിവേദനം നൽകി. അതിരൂപതാസമിതിക്കുവേണ്ടി സെക്രട്ടറി ജേക്കബ് നിക്കോളാസ് മന്ത്രിക്ക് നിവേദനം സമർപ്പിച്ചു.

### സെക്രട്ടറിയേറ്റ് ധർണ്ണ

സിനിമകളിലും മറ്റും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ ദൈവനാമം ദുരുപയോഗം ചെയ്യുന്ന നടപടികൾക്കെതിരെ സെക്രട്ടറിയേറ്റ് നടയിൽ ഓഗസ്റ്റ് 11 ന് കത്തോലിക്കാ കോൺഗ്രസ് അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ധർണ നടത്തി. പ്രസിഡണ്ട് പി.പി. ജോസഫ് അധ്യക്ഷത വഹിച്ചു. പോത്തൻകോട് മഠാധിപതി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം ചെയ്തു. അഡ്വ. ജോബ് മൈക്കിൾ എം.എൽ.എ., അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. എന്നിവർ മുഖ്യപ്രഭാഷണം നടത്തി. ലൂർദ് ഫൊറോന പള്ളി വികാരി ഫാ. മോർളി കൈതപറമ്പിൽ, കത്തോലിക്കാ കോൺഗ്രസ് ഡയറക്ടർ ഫാ. ജോസ് മുകളേൽ, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര ഭാരവാഹികളായ രാജേഷ് ജോൺ, ഷെയിൻ ജോസഫ്, ലിസി ജോസ്, ഷേർലികുട്ടി ആന്റണി, ജേക്കബ് നിക്കോളാസ്, ജോസ് ജെയിംസ്, സെബാസ്റ്റ്യൻ പാട്ടുകാലാ, എബിൻ അലക്സാണ്ടർ, ബെന്നി മാത്യു എന്നിവർ പ്രസംഗിച്ചു.

ഇത്തരം സിനിമകൾക്ക് പ്രദർശനാനുമതി നിഷേധിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഫിലിം സെൻസർ ബോർഡ്, സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയ്ക്കു നിവേദനങ്ങൾ സമർപ്പിച്ചു.

### ഭാരത സ്വാതന്ത്ര്യവും മതേതരത്വവും പൊതുചർച്ച

ഓഗസ്റ്റ് 15 ഉച്ചകഴിഞ്ഞ് 2.30ന് ചങ്ങനാശേരി സന്ദേശനിലയം ഹാളിൽ കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ *'ഭാരത സ്വാതന്ത്ര്യവും മതേതരത്വം'* എന്ന വിഷയത്തെ സംബന്ധിച്ചു ഒരു പൊതുചർച്ച നടത്തി. അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം ചർച്ച ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ട് പി.പി. ജോസഫ് അധ്യക്ഷത വഹിച്ചു. ഇമാം മുഹമ്മദ് ഷെരീഫ്, എൻ.എസ്.എസ്. പ്രതിനിധി വാസുദേവൻനായർ, എസ്.എൻ.ഡി.പി. പ്രതിനിധി സന്തോഷ് സ്വാമി, കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി അംഗം പ്രൊഫ. ജാൻസൺ ജോസഫ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. കത്തോലിക്കാ കോൺഗ്രസ് ഡയറക്ടർ ഫാ. ജോസ് മുകളേൽ, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര ഭാരവാഹികളായ രാജേഷ് ജോൺ, വർഗീസ് ആന്റണി, സി.ടി. തോമസ്, ജോയി പാറപ്പുറം, ലിസി ജോസ്, ഷേർലികുട്ടി ആന്റണി, ജോർജ്ജുകുട്ടി മുക്കത്ത്, മിനി ജെയിംസ്, റോണി ജോർജ്, ആനീസ് ജോർജ് എന്നിവർ പ്രസംഗിച്ചു.

## സംയുക്ത നേതൃസംഗമം

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ ചങ്ങനാശേരി അതിരൂപതയിലെ എല്ലാ സംഘടനകളുടെയും ഔദ്യോഗിക ഭാരവാഹികളുടെ ഒരു സംഗമം 2021 സെപ്റ്റംബർ മാസം പന്ത്രണ്ടാം തീയതി ഉച്ചകഴിഞ്ഞ് സന്ദേശനിലയം ഹാളിൽ കൂടുകയുണ്ടായി. കത്തോലിക്ക കോൺഗ്രസ് പ്രസിഡണ്ട് പി.പി. ജോസഫ് അധ്യക്ഷത വഹിച്ചു. അഭിവന്ദ്യ സഹായമെത്രാൻ മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്തു. വികാരി ജനറൽ ഫാ. ജോസഫ് വാണിയപുരക്കൽ മുഖ്യസന്ദേശം നൽകി. കാർപ്പ് ഡയറക്ടർ ഫാ. ജെയിംസ് കൊക്കവയലിൽ, കത്തോലിക്കാ കോൺഗ്രസ് ഡയറക്ടർ ഫാ. ജോസ് മുകളേൽ, ജനറൽ സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ട്രഷറർ ബാബു വള്ളപ്പുര, പി.ആർ. അഡ്വ. ജോജി ചിറയിൽ, പിതൃവേദി പ്രസിഡണ്ട് എ.പി. തോമസ്, മാതൃവേദി പ്രസിഡണ്ട് ആൻസി ചെന്നോത്ത്, കെ.എൽ.എം. പ്രതിനിധി സിബിച്ചൻ ഇടശ്ശേരിപറമ്പിൽ, എസ്.എം.വൈ.എം. പ്രസിഡന്റ് ജോബിൻ ഇടതാഴെ, മദ്യവിരുദ്ധ സമിതി പ്രസിഡണ്ട് തോമസുകുട്ടി മണക്കുന്നേൽ, ഡി.എഫ്.സി. സെക്രട്ടറി പരിമൾ ആന്റണി, പാസ്റ്ററൽ കൗൺസിലംഗം ആന്റണി മലയിൽ, കുടുംബക്കൂട്ടായ്മ ജനറൽ കൺവീനർ ജോബ് ആന്റണി, മിഷൻ ലീഗ് പ്രതിനിധി ടിറ്റോ സെബാസ്റ്റ്യൻ, വിവിധ സംഘടനാ നേതാക്കളായ രാജേഷ് ജോൺ, വർഗീസ് ആന്റണി എന്നിവർ സംസാരിച്ചു.

## നിർദ്ദിഷ്ട സിൽവർ ലൈൻ റെയിൽ പാതക്കെതിരെ

കൂടുതൽ ജനവാസ മേഖലകളിലുടെ കടന്നുപോകുന്ന നിർദിഷ്ട സിൽവർ ലൈൻ റെയിൽപാതയെ സംബന്ധിച്ചു പഠിക്കുന്നതിനുവേണ്ടി കത്തോലിക്കാ കോൺഗ്രസ് ഉപസമിതിയെ നിയോഗിച്ചു. ഉപസമിതി റിപ്പോർട്ട് അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി സംബന്ധിച്ചു സർക്കാർ ധവള പത്രം ഇറക്കി ജനങ്ങളുടെ ആശങ്ക പരഹരിക്കണമെന്ന് ആവശ്യപ്പെട്ടു. ലൈറ്റ് മെട്രോപോലുള്ള മറ്റു പോംവഴികൾ ഉപയോഗിച്ചുകൊണ്ട് വികസനം സാധ്യമാകണം എന്നും സമിതി ആവശ്യപ്പെട്ടു. ബോധവൽക്കരണത്തിന്റെ ഭാഗമായി കാർഷിക സർവകലാശാല റിട്ടേഡ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ചാക്കോച്ചൻ മണലേൽ ക്ലാസ്സുകൾ നയിച്ചു. ന്യൂനപക്ഷ അവകാശ വിഷയത്തിൽ അഡ്വ. ജോസി കുര്യൻ ക്ലാസ് നയിച്ചു.

## പ്രമേയം

പാലാ ബിഷപ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉയർത്തിയ നാർക്കോട്ടിക് ജിഹാദ് വിഷയത്തിൽ ഗവൺമെന്റ് സ്വതന്ത്രമായ അന്വേഷണം നടത്തണമെന്നു സംയുക്ത അല്മായ നേതൃസംഗമം പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

## ഫൊറോനാ കൗൺസിൽ തെരഞ്ഞെടുപ്പുകൾ

ഈ കാലയളവിൽ നെടുംകുന്നം, കുടമാളൂർ, പുളിങ്കുന്ന്, തുരുത്തി, അതിരമ്പുഴ ഫൊറോനകളുടെ തെരഞ്ഞെടുപ്പുകൾ സമയബന്ധിതമായി നടത്തി.

## മീറ്റിങ്ങുകൾ

ഈ കാലയളവിൽ ആകെ ഒൻപത് മീറ്റിങ്ങുകൾ നടത്തപ്പെട്ടു. അതിൽ ആറെണ്ണം ഓൺലൈനായും മൂന്നെണ്ണം നേരിട്ടുള്ള മീറ്റിങ്ങുകളും ആയിരുന്നു.

അതിരൂപതാസമിതിവേണ്ടി,

| | | |
|---|---|---|
| **പി. പി. ജോസഫ്** | **ഫാ. ജോസ് മുകളേൽ** | **ബിജു സെബാസ്റ്റ്യൻ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജനറൽ സെക്രട്ടറി) |

# ചാരിറ്റി വേൾഡ് ട്രസ്റ്റ്
## CHARITY WORLD TRUST

### 1. മെഗാകിറ്റ്‌വിതരണം

ഹാബിറ്റാറ്റ് ഇന്ത്യയുടെ സഹായസഹകരണത്തോടെ ചാരിറ്റി വേൾഡ് മെഗാകിറ്റുകൾ വിതരണം ചെയ്തു. കോവിഡ് മൂലം ദുരിതമനുഭവിക്കുന്ന കുടുംബങ്ങൾ, ക്യാൻസർ രോഗികൾ, ഭിന്നശേഷിക്കാർ, ഓട്ടോ തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ എന്നിവരുടെ കുടുംബങ്ങൾക്കാണ് മെഗാകിറ്റുകൾ ന ൽകിയത്. ഭക്ഷണ സാധനങ്ങൾ അടങ്ങിയ ആയിരത്തോളം കിറ്റുകൾ രണ്ടുത വണയായി വിതരണം ചെയ്തു. എടത്വ, വാഴപ്പള്ളി, ചമ്പക്കുളം, കൈനകരി, തൃക്കൊടിത്താനം, മാടപ്പള്ളി, കുറിച്ചി, പായിപ്പാട് എന്നീ പഞ്ചായത്തുകളിലും, ചങ്ങനാശേരി മുനിസിപ്പാലിറ്റിയിലുമായാണ് കിറ്റുകൾ നൽകിയത്. കോവിഡ് മൂലം വിഷമിക്കുന്ന കുടുംബങ്ങൾക്ക് കിറ്റുകൾ ആശ്വാസമായി.

### 2. സൗജന്യ ഡയാലിസിസ് പദ്ധതി

ജിമ്മി പടനിലം സെന്ററിന്റെ നേതൃത്വത്തിൽ ‘കരുതൽ’ എന്ന പേരിൽ സൗജന്യ ഡയാലിസിസ് പദ്ധതിക്കു തുടക്കമായി. ഡോ. ജോർജ് പടനിലത്തിന്റെ സാമ്പത്തിക സഹായത്തോടെ ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ 6 ഡയാലിസിസ് മെഷിനുകൾ നൽകുകയുണ്ടായി. അതിന്റെ ഭാഗമായി ഓരോ വർഷവും 1200 ഡയാലിസിസുകൾ വീതം സൗജന്യമായി ചെയ്തു കൊടുക്കാമെന്ന ഉറപ്പാണ് ആശുപത്രി നൽകിയിരിക്കുന്നത്. നിർധനരായ വൃക്ക രോഗികളെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കണ്ടെത്തി അവർക്കു പടനിലം സെന്ററിൽ നിന്നും കൂപ്പൺ നൽകുകയും പ്രസ്തുത കൂപ്പണിന്റെ അടിസ്ഥാനത്തിൽ ആശുപത്രിയിൽ സൗജന്യ ഡയാലിസിസ് നൽകുന്നു.

### 3. ജീവന് ഇനി കാണാം

വാഴപ്പള്ളി പഞ്ചായത്തിൽ ചെത്തിപ്പുഴ സ്വദേശിയായ 18 വയസ്സുള്ള ജീവന് വേണ്ടി നാട്ടുകാർ കൈകോർത്തു. ബൈക്ക് അപകടത്തിൽ വലതുകണ്ണ് പുറത്തേക്കു ചാടി കാഴ്ച നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു ജീവൻ. വാഴപ്പള്ളി യിലെ 2 വാർഡുകൾ കൈകോർത്ത് 5 ലക്ഷത്തോളം രൂപ 8 മണിക്കൂർ കൊണ്ട് സമാഹരിച്ചു, ജീവന്റെ ചികിത്സക്കായി നൽകി. തിരുവനന്തപുരം ശ്രീചിത്തിര ആശുപത്രിയിലെ വിദഗ്ദ്ധ ചികിത്സയിൽ ജീവന് കാഴ്ച തിരിച്ചുകിട്ടി. ജോലി ക്കു പോകുവാനുള്ള തയ്യാറെടുപ്പിലാണ് ജീവൻ.

### 4. ബിനോയിക്ക് ഇനി വൃക്ക മാറ്റിവയ്ക്കാം

പായിപ്പാട് പഞ്ചായത്തിലെ പൂവം സ്വദേശിയായ ബിനോയ് വൃക്ക രോഗംമൂലം ദുരിതമനുഭവിക്കുകയായിരുന്നു. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിലൂടെ മാത്രമേ ജീവൻ പിടിച്ചു നിർത്തുവാൻ സാധിക്കുമായിരുന്നുള്ളൂ. പക്ഷെ 10 ലക്ഷത്തോളംരൂപ കണ്ടെത്താൻ ബുദ്ധിമുട്ടിലായപ്പോൾ ചീരഞ്ചിറ ചാരിറ്റി വേൾഡിന്റെ പ്രത്യാശ ടീമിനെ സമീപിക്കുകയായിരുന്നു. പായിപ്പാട് പഞ്ചായത്തിലെ 5 വാർഡുകൾ കേന്ദ്രീകരിച്ചു ബക്കറ്റ് പിരിവ് നടത്തി ശാസ്ത്ര

*ശേഷം പേജ് 71 ൽ.....»*

## ഫൊറോനാ തെരഞ്ഞെടുപ്പുകൾ

DCMS ചങ്ങനാശേരി അതിരൂപതാകമ്മറ്റിയുടെ കാലാവധി പൂർത്തിയാകുന്ന സാഹചര്യത്തിൽ യൂണിറ്റുതലം മുതൽ പുതിയ ഭാരവാഹികളെ (കമ്മറ്റിയെ) തെരഞ്ഞെടുക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി യൂണിറ്റു തെരഞ്ഞെടുപ്പുകൾ പൂർത്തിയാക്കി ഫൊറോനാ തെരഞ്ഞെടുപ്പുകൾ നടന്നുവരുന്നു.

19.9.2021 ഞായർ 2 pm നു കോട്ടയം DCMS ഫൊറോനാ തെരഞ്ഞെടുപ്പും 3 pm നു അതിരമ്പുഴ ഫൊറോനായിലും 4.30 pm നു കുടമാളൂർ ഫൊറോനായിലും തെരഞ്ഞെടുപ്പുകൾ നടന്നു.

അതിരൂപതാ ഡയറക്ടർ ഫാ. ജോൺസൺ ചാലയ്ക്കൽ, അയർക്കുന്നം യൂണിറ്റ് ഡയറക്ടർ ഫാ. ആന്റണി കിഴക്കേവീട്ടിൽ, രൂപതാ സെക്രട്ടറി മാത്യു ജോസഫ്, രൂപതാ ഭാരവാഹി സി.സി. കുഞ്ഞുകൊച്ച് എന്നിവരുടെ നേതൃത്വത്തിൽ നടന്നു. നാൽപ്പാത്തിമല യൂണിറ്റ് ഡയറക്ടർ ഫാ. ജിജോ കുറിയന്നൂർപറമ്പിൽ മാന്നാനം യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു പോളച്ചിറ എന്നിവരും സന്നിഹിതരായിരുന്നു.

**മാത്യു ജോസഫ്**
(ജന. സെക്രട്ടറി)

**ഫാ. ജോൺസൺ ചാലയ്ക്കൽ**
(ഡയറക്ടർ)

---

» *ചാരിറ്റി വേൾഡ് ട്രസ്റ്റ് തുടർച്ച...*

ക്രിയയ്ക്കുള്ള പണം കണ്ടെത്തി ബിനോയിയുടെ കുടുംബത്തിനു കൈമാറി. കോവിഡ് പ്രതിസന്ധിയിലും ജനങ്ങൾ ഉദാരമായ സംഭാവനകൾ നൽകി.

### 5. ഡയാലിസിസ് കിറ്റുകൾ വിതരണം ചെയ്തു

വൃക്ക രോഗംമൂലം മരണം മുൻപിൽ കണ്ടുകഴിയുന്ന വൃക്ക രോഗികൾക്ക് ഡയാലിസിസ് കിറ്റുകൾ നൽകി. ഇരുവൃക്കകളും തകരാറിലായതുമൂലം ശരീരത്തിൽ അടിഞ്ഞുകൂടുന്ന മാലിന്യം സ്വയം പുറംതള്ളുവാൻ സാധിക്കാത്ത സാഹചര്യത്തിലാണ് ഡയാലിസിസിലേക്കു രോഗികൾ പോകുന്നത്. ഡയാലിസിസ് നടത്തുന്നില്ലായെങ്കിൽ രോഗികൾ മരണപ്പെടും. ഈ സാഹചര്യത്തിലാണ് ചാരിറ്റി വേൾഡ് കിറ്റുകളുടെ വിതരണം ആരംഭിച്ചത്. ചങ്ങനാശേരി മെഗാ ഫെസ്റ്റിലൂടെയും, സുമനസ്സുകളുടെ സഹായത്താലും പണം കണ്ടെത്തി കിറ്റുകൾ രോഗികൾക്ക് വാങ്ങി നൽകി. ഇതിനോടകം രണ്ടായിരത്തോളം കിറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു.

**ഫാ. സെബാസ്റ്റ്യൻ പുന്നശേരി**
എക്സിക്യൂട്ടീവ് ഡയറക്ടർ, 9447564836

# ലൂർദ്ദ് മാതാ സൺഡേസ്കൂൾ മാമ്മൂട്
## ചങ്ങനാശേരി അതിരൂപത

# 7-ാമത് അഖിലകേരളാനവമാലിക
# ഓൺലൈൻ മിഷൻക്വിസ്

## 2021 ഒക്ടോബർ 24-ാം തീയതി ഉച്ചകഴിഞ്ഞ് 3.30 ന്

പ്രിയ ബഹു. അച്ചാ/സിസ്റ്റർ/സാർ,

ലൂർദ്ദ് മാതാ സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ സീറോമലബാർ, സീറോ മലങ്കര, ലത്തീൻ രൂപതകളിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന നവമാലിക മിഷൻ ക്വിസ് മത്സരം 2021 ഒക്ടോബർ 24-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് Online platform-ൽ നടത്തപ്പെടുന്നതാണ്.

മിഷൻലീഗിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയും വേദപാരംഗതയുമായ വി. കൊച്ചുത്രേസ്യായുടെ ആത്മകഥയായ 'നവമാലിക' കുട്ടികളെ പരിചയപ്പെടുത്തുന്നതിനും ആധുനികലോകത്തിലെ ഏറ്റവും വലിയ വിശുദ്ധയെന്നു വിഖ്യാതയായ ഈ പുണ്യവതിയുടെ ആത്മീയ ജീവിത മാതൃകയിൽ പുതിയ തലമുറയെ പരിശീലിപ്പിക്കുന്നതിനുംവേണ്ടിയാണ് നവമാലിക മിഷൻ ക്വിസ് സംഘടിപ്പിക്കുന്നത്.

മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഒക്ടോബർ 15 ന് മുൻപ് താഴെ ക്കാണുന്ന വാട്സ് ആപ്പ് നമ്പരിൽ പേര്- ഇടവക എന്നിവ മെസ്സേജ് ആയി അയക്കണമെന്ന് താത്പര്യപ്പെടുന്നു. 8190092489.

**റവ. ഡോ. ജോൺ വി. തടത്തിൽ**
(വികാരി)

**റവ. ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
**റവ. ഫാ. ജോസഫ് ഈറ്റോലിൽ**
(അസി. വികാരിമാർ)

**സി. ടെസ്സി ആലഞ്ചേരി SABS**
(ഹെഡ്മിസ്ട്രസ്)

**ജോൺസൺ കുര്യാക്കോസ് വട്ടപ്പറമ്പിൽ**
(കൺവീനർ)

## നിർദ്ദേശങ്ങൾ

- 4 മുതൽ 12 വരെയുള്ള സൺഡേസ്കൂൾ കുട്ടികൾക്കു പങ്കെടുക്കാം.
- ഓരോ ഇടവകയിൽനിന്നും പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണത്തിൽ നിബന്ധനകളില്ല.
- ഫാ. ഹെർമാൻ ഒ.സി.ഡി. വിവർത്തനം ചെയ്ത പുസ്തകത്തിൽനിന്നുമാണ് ചോദ്യങ്ങൾ (St. Joseph Bookstallൽ ലഭ്യമാണ്).
- പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും E Certificate നൽകുന്നതാണ്.
- സമ്മാനങ്ങൾ ഒക്ടോബർ 31-ാം തീയതി ഞായറാഴ്ച 11 മണിക്ക് മാമ്മൂട് ലൂർദ്ദ് മാതാ പള്ളിയുടെ ഓഡിറ്റോറിയത്തിൽവച്ചു വിതരണം ചെയ്യുന്നതാണ്.

## സമ്മാനങ്ങൾ

| | |
|---|---|
| **1-ാം സമ്മാനം** | **2501 രൂപയും ട്രോഫിയും പ്രശംസാപത്രവും** |
| **2-ാം സമ്മാനം** | **2001 രൂപയും ”** |
| **3-ാം സമ്മാനം** | **1501 രൂപയും ”** |

**4 മുതൽ 10 വരെയുള്ളവർക്കു 500 രൂപയും പ്രശംസാപത്രവും**

# ഫ്രാൻസിസ്കൻ അല്മായസഭ
## FRANCISCAN ALMAYA SABHA

*(Secular Franciscan Order - SFO)*
''സമാധാനം - സൗഭാഗ്യം''

വി. മത്തായി 15:7-9 പറയുന്നു: 'കപടനാട്യക്കാരെ, ഏശയ്യാ നിങ്ങളെപ്പറ്റി ശരിയായിത്തന്നെ പ്രവചിച്ചു. ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിച്ചു. എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്നും വളരെ അകലെയാണ്. അവർ മാനുഷിക നിയമങ്ങൾ പ്രമാണങ്ങളായി പഠിപ്പിച്ചുകൊണ്ട് വ്യർത്ഥമായി എന്നെ ആരാധിക്കുന്നു.

പ്രിയ സഭാംഗങ്ങളെ, നമ്മളും കൂടുതൽ പ്രാർത്ഥനകളിലും അനുഷ്ഠാനങ്ങളിലും വ്യാപൃതരായിരിക്കുമല്ലോ! എന്നാൽ സഭാനിയമങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയും വ്യാപരിക്കുമ്പോൾ നമ്മുടെ പ്രാർത്ഥനകളും പ്രവർത്തികളും എത്രത്തോളം സത്യസന്ധതയും ആത്മാർത്ഥതയും നിറഞ്ഞതാണെന്നു കൂടെക്കൂടെ പരിശോധിക്കേണ്ടതുണ്ട്. പരിശുദ്ധാത്മാവിന്റെ സഹായസംരക്ഷണം തേടാറുണ്ടോ? പ്രാർത്ഥനകൾ ഈ ലോകനേട്ടങ്ങൾക്കും സുഖലോലുപതക്കും വേണ്ടിയാണോ എന്നെല്ലാം നാം ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ പ്രാർത്ഥനകൾ ഈശോയെ ധരിക്കാനും ദുർമോഹങ്ങളെയും നശ്വരമായ ശരീരത്തെയും അധികാരങ്ങളെയും ഉപേക്ഷിക്കാനും ആത്മാവിനെ നേടാനുമായിരിക്കണം റോമ. 13:14 പറയുന്നു: 'പ്രത്യുത കർത്താവായ ഈശോയെ ധരിക്കുവിൻ ദുർമോഹങ്ങളിലേക്ക് നയിക്കത്തക്കവിധം ശരീരത്തെപ്പറ്റി ചിന്തിക്കാതിരിക്കുവിൻ.' നമ്മുടെ സഭാ പിതാവായ വി. ഫ്രാൻസിസ് കാണിച്ചുതന്ന ജീവിതമാതൃകയിലൂടെ നിത്യതയിലേക്കു ആത്മാവിനെ നേടാൻ ഓരോ സഭാംഗവും പരിശ്രമിക്കേണ്ടതാണ്. പ്രാർത്ഥനകളും സഭാനിയമങ്ങളുടെ അനുസരണവും ഈ ലോകത്തിലെ സുഖസൗകര്യങ്ങൾക്കു വേണ്ടിയാവാതിരിക്കാൻ നാം ശ്രദ്ധിക്കണം. സമ്പന്നതയുടെയും സൗകര്യങ്ങളുടെയും ലോകത്തുനിന്ന് ഈശോയ്ക്കുവേണ്ടി അവ വേണ്ടെന്നുവച്ച ഫ്രാൻസിസ് അസ്സീസിയും ക്ലാര പുണ്യവതിയും നേടിയെടുത്തത് സ്വർഗ്ഗരാജ്യത്തിലെ നിത്യമായ സൗഭാഗ്യമാണ്. നിത്യതയിലെ ഈ സൗഭാഗ്യത്തിനുവേണ്ടിയായിരിക്കണം ഭൂമിയിലെ ഓരോ നിമിഷവും നാം ചെലവഴിക്കേണ്ടത്. എന്നാൽ ഈ തെരഞ്ഞെടുപ്പും ഇതിലുള്ള നിലനിൽപ്പും പ്രയാസം നിറഞ്ഞതാണ് എന്ന് വിശുദ്ധഗ്രന്ഥം നമ്മെ പഠിപ്പിക്കുന്നുണ്ട്. കുറച്ചുകാലത്തേക്കുള്ള പ്രയാസങ്ങൾക്കുശേഷം നിത്യമായി നാം സ്വർഗ്ഗഭാഗ്യത്തെ നേടിയെടുക്കണം. ഫ്രാൻസിസ്ക്കൻ സഭയിലെ ഓരോ വിശുദ്ധരും ഈ വഴിയിൽ നമുക്കു പ്രചോദനവും സഹായവുമായിത്തീരുന്നു. യഹൂദജനതയുടെ കാപട്യത്തെ ഈശോ ശാസിച്ചതുപോലെ നമ്മെ നോക്കിയും അവ പറയാൻ ഇടവരാതിരിക്കട്ടെ. അധരംകൊണ്ടും ഹൃദയംകൊണ്ടും നമുക്കു കർത്താവിനോടു ചേർന്നിരിക്കാം.

ലോകം മുഴുവനിലുമുള്ള സഭാംഗങ്ങളെല്ലാവരും സാഘോഷം ആചരിക്കുന്ന നമ്മുടെ സഭാപിതാവായ വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുന്നാൾ

*ശേഷം പേജ് 74 ൽ.....»*

റോമാ. 13 'ഇതെല്ലാം ചെയ്യുന്നത് കാലത്തിന്റെ പ്രത്യേകത അറിഞ്ഞുകൊണ്ടുവേണം. നിദ്രവിട്ട് ഉണരേണ്ട മണിക്കൂറാണല്ലോ ഇത്. ചങ്ങനാശേരി സോൺ നിദ്രവിട്ട് ഉണരാൻ ശ്രമിക്കുകയാണ്. 2.9.2021 വ്യാഴാഴ്ച മുതൽ ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാറിന് വിപുലമായ രീതിയിൽ തുടക്കം കുറിച്ചിരിക്കുയാണ്. സെപ്റ്റംബർമാസം രണ്ടാംതീയതി 8.30 pm ന് ബഹു. സോണൽ ഡയറക്ടർ മാത്യു താന്നിയത്ത് അച്ചന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ യോഗത്തിൽ അഭിവന്ദ്യ തോമസ് തറയിൽ പിതാവ് LSS ന്റെ രണ്ടാംബാച്ച് ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. പ്രസ്തുതയോഗത്തിന്റെ M.C സോണൽ കോർഡിനേറ്റർ മോൻ ചെത്തിമറ്റം ആയിരുന്നു. LSS ന്റെ കോർഡിനേറ്റർ മഞ്ജു മാത്തൂർ കൃതജ്ഞത അർപ്പിച്ചു. നാനൂറിൽ അധികംപേർ പങ്കെടുത്തു. ഇപ്പോൾ ഇരുപതിലധികം ഗ്രൂപ്പുകളായി റിസോഴ്സ് ടീമിനെ തിരിച്ച് ഓരോ ഗ്രൂപ്പിനും രണ്ടുവീതം മെന്റർമാരെ നൽകി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

സോണിന്റെ മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി, പാരിഷ്, കപ്പിൾസ്, തുവാനിസ തുടങ്ങി എല്ലാ മിനിസ്ട്രികളും സജീവമാണ്. സെപ്റ്റംബർ 15-ാം തീയതി 8.15 pm മുതൽ 10.15 pm വരെ സബ്റീജിയൻയോഗം നടക്കുകയുണ്ടായി. യോഗത്തിന് കരിസ്മാറ്റിക് കമ്മീഷൻ പിതാക്കന്മാരായ അഭിവന്ദ്യ ഐറേനിയസ്, അഭിവന്ദ്യ ജോൺ പുളിക്കൻ എന്നിവർ നേതൃത്വം നൽകി. നവീകരണത്തിന്റെ പദ്ധതികളും വിശദമായി ചർച്ച ചെയ്തു. അഭിവന്ദ്യ പിതാക്കന്മാരുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും എല്ലാവരും ഹൃദയപൂർവ്വം സ്വീകരിച്ചു. ചങ്ങനാശേരിയിലെ നവീകരണ മുന്നേറ്റത്തിന് ശക്തിപകരുന്ന ത്രിത്വൈക ദൈവത്തിന് സ്തുതിയും ആരാധനയും നന്ദിയും അർപ്പിക്കുന്നു.

**മോൻ ചെത്തിമറ്റം**
(കോ-ഓർഡിനേറ്റർ)

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)

---

» *ഫ്രാൻസിസ്കൻ അല്മായസഭ തുടർച്ച...*

ഒക്ടോബർ നാലാം തീയതി നാം ആഘോഷിക്കുന്നു. വിശുദ്ധന്റെ സ്വർഗ്ഗീയ സംരക്ഷണവും അനുഗ്രഹങ്ങളും എല്ലാവർക്കും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് തിരുന്നാൾ മംഗളങ്ങൾ സ്നേഹപൂർവ്വം നേർന്നുകൊള്ളുന്നു.

## നിര്യാതരായി

വാഴപ്പള്ളി ഗദ്സമനി ഭ്രാതൃത്വാംഗം ചിറ്റേട്ടുകളം സി.സി. തോമസ് നിര്യാതനായി. പരേതന്റെ സ്വർഗ്ഗപ്രാപ്തിക്കായി നമുക്കു പ്രാർത്ഥിക്കാം.

**ബ്ര. വി.സി. അലക്സ് വലിയപറമ്പിൽ**
(അതിരൂപത പ്രസിഡന്റ്)

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap.
(SFO അതിരൂപത സ്പിരിച്ച്വൽ അസിസ്റ്റന്റ്)

*''എല്ലായ്പ്പോഴും സുവിശേഷം പ്രസംഗിക്കുക, ആവശ്യമുള്ളപ്പോൾ മാത്രം വാക്കുകൾ ഉപയോഗിക്കുക''* (വി. ഫ്രാൻസിസ് അസ്സീസി).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

പരിശുദ്ധ അമ്മയുടെയും നമ്മുടെ സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസാനാമിന്റെയും സ്വർഗ്ഗീയ മധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെയും തിരുനാളുകൾ പല കോൺഫറൻസുകളും സമുചിതമായി ആചരിച്ചു എന്നറിയുന്നതിലുള്ള സന്തോഷം ആദ്യംതന്നെ അറിയിക്കട്ടെ. നമ്മുടെ എല്ലാ അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തിയ തിരുനാളാഘോഷത്തിൽ പങ്കാളികളായ എല്ലാവർക്കും ശുശ്രൂഷകൾ തത്സമയം പ്രക്ഷേപണം ചെയ്ത MAAC TV യുടെ ഡയറക്ടറച്ചന്മാർക്കും, പ്രവർത്തകർക്കും നന്ദി. അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവും ബഹു. ജിസൺ വേങ്ങാശേരി അച്ചനും നല്കിയ സന്ദേശങ്ങളിലൂടെ നമുക്കു ലഭിച്ച ഉണർവ്വും ഉൾക്കാഴ്ചകളും കൂടുതൽ മെച്ചമായ പ്രവർത്തനത്തിനു നമ്മെ പ്രാപ്തരാക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. നമ്മുടെ സാമീപ്യവും വാക്കുകളും പ്രവൃത്തികളും ഒട്ടേറെ പേർക്ക് ആനന്ദവും ആശ്വാസവുമാണെന്ന യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടു പ്രവർത്തിക്കുമ്പോൾ കൂടുതലായി നന്മ ചെയ്യാനുള്ള ആവേശം നമുക്കുണ്ടാകും. ഭൂമിയിൽ പതിക്കുന്ന ഓരോ സൂര്യകിരണവും ഭൂമിയെ സമ്പുഷ്ടമാക്കുന്നതുപോലെയാണ് നാം ചെയ്യുന്ന ഓരോ സത്പ്രവൃത്തിയും. നമ്മുടെ ക്രിസ്തീയ ജീവിതത്തിന്റെ പ്രതിഫലനം ആവണം നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും. ക്രിസ്തീയ ജീവിതത്തെപ്പറ്റി വാ. ഫ്രെഡറിക് ഓസാനാമിന്റെ വാക്കുകൾ ഇപ്രകാരമാണ്; 'ക്രിസ്തീയ ജീവിതത്തിലേക്കു കാലൂന്നാതെ പ്രേഷിതനാകാനോ, ഉപവി അഭ്യസിക്കാനോ സാധിക്കുകയില്ല. ആത്മാവിനെ ഉന്നമിപ്പിക്കാനുള്ള ആശയത്തോടുകൂടിയ ആധ്യാത്മിക സ്വഭാവമുള്ള പരിപാടികൾ കോൺഫറൻസുകളുടെയും കൗൺസിലുകളുടെയും ഒരു പ്രവർത്തനഭാഗമാണ്. സൊസൈറ്റിയിൽ ഫലപ്രദമായ പ്രേഷിതവേല നടക്കണമെങ്കിൽ ആധ്യാത്മികജീവിതം ദൃഢതരമാക്കേണ്ടത് ആവശ്യമാണ്. ആധ്യാത്മിക നേട്ടങ്ങൾ കൈവരിക്കാനുള്ള മാർഗ്ഗങ്ങൾ കോൺഫറൻസുകളും കൗൺസിലുകളുംവഴി സൊസൈറ്റി പ്രദാനം ചെയ്യേണ്ടതുണ്ട്'. ആധ്യാത്മിക കാര്യങ്ങളിൽ കൂടുതൽ തീഷ്ണതയുള്ളവരാകുന്നത് പ്രവർത്തനങ്ങളിൽ നമ്മെ കൂടുതൽ തീഷ്ണതയുള്ളവരാക്കുന്നു. ക്ലേശിതരോടും ദരിദ്രരോടും ഏറ്റവും അടുത്തായിരിക്കുവാനും അവർക്കുവേണ്ട ശുശ്രൂഷകൾ യഥാസമയം ലഭ്യമാക്കാനും വിളിക്കപ്പെട്ടവരാണു നാം. ദാരിദ്ര്യം എന്ന പുണ്യത്തെ സ്നേഹിക്കുവാനും സ്വന്തമാക്കുവാനും നമുക്കു സാധിക്കണം.

ദാരിദ്ര്യം നമ്മെ ദൈവത്തോട് എത്രമാത്രം അടുപ്പിക്കുമെന്നു സ്വന്തജീവിതത്തിലൂടെ നമുക്കു കാണിച്ചുതന്ന അസ്സീസ്സിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ തിരുനാൾ ഒക്ടോബർ 4 ന് നാം ആചരിക്കുന്നു. മിശിഹായെപ്പോലെ കാലിത്തൊഴുത്തിലാണ് അദ്ദേഹം ജനിച്ചത് എന്ന് ഒരു ഐതിഹ്യമുണ്ട്. ഇത്രമാത്രം ദരിദ്രനായി ജീവിച്ച മറ്റൊരു വിശുദ്ധൻ സഭയിലുണ്ടായിട്ടില്ല. ദാരിദ്ര്യത്തെ തന്റെ മണവാട്ടി എന്നാണ് അദ്ദേഹം വിശേഷിപ്പിച്ചിരുന്നത്. സമ്പന്നതയുടെ എല്ലാ സുഖസൗകര്യങ്ങളും വലിച്ചെറിഞ്ഞ് യജമാനനെ സേവിക്കാനായി 20-ാം വയസ്സിൽ വീടുവിട്ടിറങ്ങിയ ഫ്രാൻസിസിന്റെ പിന്നാലെ ജനം ഒഴുകിയെത്തി, അനേകർ അദ്ദേഹത്തിന്റെ ശിഷ്യന്മാരായി. ദരിദ്രർ, നിന്ദിതർ, ക്ലേശിതർ, പാർശ്വവത്ക്കരിക്കപ്പെട്ടവർ തുടങ്ങിയവരിലെല്ലാം അദ്ദേഹം ഈശോയെ കണ്ടു. ദരിദ്രരുടെ ഗന്ധം തന്റെ ആത്മാവിലും ശരീരത്തിലും ഉൾക്കൊള്ളാനുള്ള അദമ്യമായ ആഗ്രഹത്തിൽനിന്ന് പല ദരിദ്രരുടെ ഉടുപ്പുകളിലെ കഷണങ്ങൾ ചേർത്തു തനിക്കായി ഒരുടുപ്പുണ്ടാക്കാൻ അദ്ദേഹം വി. ക്ലാരയോടു നിർദ്ദേശിക്കുന്നതായി കാണുന്നുണ്ട്. എല്ലാവരെയും അസ്വസ്ഥതപ്പെടുത്തുന്ന ദാരിദ്ര്യത്തെയും മരണത്തെയും ഹൃദ്യമായി പുണരുവാൻ അദ്ദേഹത്തിനു സാധിച്ചു. 44-ാം വയസ്സിൽ നിലത്തു നഗ്നനായി കിടന്നാണ് 'രണ്ടാം ക്രിസ്തു' എന്നു വിളിക്കപ്പെടുന്ന ഈ പഞ്ചക്ഷതധാരി ഇഹലോകവാസം വെടിഞ്ഞത്. ദൈവത്തെ സ്വന്തമാക്കുന്നതിലും സഭയെ പണിതുയർത്തുന്നതിലും ദരിദ്രരെ കരുതുന്നതിലും പ്രകൃതിയെ സ്നേഹിക്കുന്നതിലും നമുക്കേറ്റം അനുകരണീയമായ മാതൃകയാണ് വി. ഫ്രാൻസിസിന്റെ ജീവിതം. ഈ വിശുദ്ധന്റെ നാമധാരിയായ നമ്മുടെ പരിശുദ്ധ പിതാവിനെ നമുക്കു പ്രത്യേകം അനുസ്മരിച്ചു പ്രാർത്ഥിക്കാം. പാവങ്ങളോട് ഏറെ സ്നേഹവും കരുണയും കരുതലും കാണിച്ചിരുന്ന അഭിവന്ദ്യ മാർ മാത്യു കാവുകാട്ടു പിതാവിന്റെ ഓർമ്മദിനമാണല്ലോ ഒക്ടോബർ 9. ഒട്ടേറെ ജീവകാരുണ്യപ്രവർത്തനങ്ങൾക്ക്, പ്രത്യേകിച്ചു നമ്മുടെദേശത്തിനുതന്നെ മാതൃകയായിത്തീർന്ന ഭവനനിർമ്മാണ പദ്ധതിക്കു തുടക്കം കുറിച്ചത് അദ്ദേഹമായിരുന്നു. നമ്മുടെ സംഘടനയെ ഏറെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത പിതാവിനെ ഏറെ സ്നേഹത്തോടെ അനുസ്മരിക്കുകയും വിശുദ്ധരുടെ ഗണത്തിലേക്ക് അദ്ദേഹം ഉയർത്തപ്പെടുവാൻ നമുക്കു പ്രാർത്ഥിക്കുകയും ചെയ്യാം.

വാർഷിക റിപ്പോർട്ട് ഇതിനോടകം എല്ലാവരിലും എത്തിയിട്ടുണ്ടല്ലോ. താരതമ്യപഠനം നടത്താനും പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും നമുക്കു പരിശ്രമിക്കാം.

ഈശോയിൽ സ്നേഹപൂർവ്വം,

**ബ്ര. തോമസ് ടി. മൂലയിൽ**
(സി.സി. പ്രസിഡന്റ്)

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



169

# പരസ്പരസ്നേഹവും ദൈവൈക്യവും

(തിരുവചനഭാഗം: 1 യോഹ 4,1-21))

ദൈവം സ്നേഹമാണെന്നും, ദൈവവുമായുള്ള ഐക്യത്തിന്റെ മാനദണ്ഡം പരസ്പരസ്നേഹമാണെന്നുമാണ് ഈ വചനഭാഗം വ്യക്തമാക്കുന്നത്. ഈ ഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. സത്യാത്മാവിനെ തിരിച്ചറിയുക (4,1-6)
2. സ്നേഹം: ദൈവൈക്യമാനദണ്ഡം (4,7-10)
3. പരസ്പരസ്നേഹവും ദൈവാനുഭവവും (4,11-16)
4. സ്നേഹവും ആത്മധൈര്യവും (4,17-18)
5. ദൈവസ്നേഹവും സഹോദരസ്നേഹവും (4,19-21)

ഈ വചനഭാഗം വിചിന്തനത്തിനു വിധേയമാക്കി പുരോഹിതരായ നമ്മുടെ ആദ്ധ്യാത്മികതയെ നമുക്കു പരിപോഷിപ്പിക്കാം.

### 1. സത്യാത്മാവിനെ തിരിച്ചറിയുക

*''പ്രിയപ്പെട്ടവരേ, എല്ലാ ആത്മാക്കളെയും നിങ്ങൾ വിശ്വസിക്കരുത്; ആത്മാക്കളെ പരിശോധിച്ച്, അവ ദൈവത്തിൽനിന്നാണോ എന്നു വിവേചിക്കുവിൻ. പല വ്യാജപ്രവാചന്മാരും ലോകത്തിലെങ്ങും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ ആത്മാവിനെ നിങ്ങൾക്ക് ഇങ്ങനെ തിരിച്ചറിയാം: ഈശോമിശിഹാ ശരീരം ധരിച്ചുവന്നു എന്ന് ഏറ്റുപറയുന്ന ആത്മാവ് ദൈവത്തിൽനിന്നാണ്. നാം ദൈവത്തിൽനിന്നുള്ളവരാണ്. ദൈവത്തെ അറിയുന്നവൻ നമ്മുടെ വാക്കു ശ്രവിക്കുന്നു. ദൈവത്തിൽനിന്നല്ലാത്തവൻ നമ്മുടെ വാക്കു ശ്രവിക്കുന്നില്ല. ഇതുവഴി സത്യത്തിന്റെ ആത്മാവിനെയും അസത്യത്തിന്റെ ആത്മാവിനെയും നമുക്കു തിരിച്ചറിയാം''* (1 യോഹ 4,1-2,6).

വ്യാജപ്രവാചകന്മാരുടെ സാന്നിദ്ധ്യം സഭയിലുള്ള പശ്ചാത്തലത്തിൽ അരൂപികളെ വിവേചിച്ചറിയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് യോഹന്നാൻശ്ലീഹാ ഇവിടെ പ്രതിപാദിക്കുന്നത്. വ്യാജപ്രവാചന്മാരിൽ പ്രവർത്തിക്കുന്ന അരൂപിയെ അന്തിക്രിസ്തുവിന്റെ അരൂപി എന്നു വിശേഷിപ്പിക്കുന്നു. യുഗാന്ത്യത്തിൽ പ്രത്യക്ഷപ്പെടുമെന്നു കേട്ടിട്ടുള്ള അന്തിക്രിസ്തുവിന്റെ സാന്നിധ്യമാണ് ഈ പ്രവാചകരിൽ കാണേണ്ടതെന്ന് ഇവിടെ സൂചിപ്പിക്കുന്നു. മിശിഹായിലുള്ള സഭയുടെ വിശ്വാസത്തിനു വിരുദ്ധമായ നിലപാടുകൾ

സ്വീകരിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നവരാണ് അവർ. അരൂപിയുടെ പ്രചോദനത്താൽ സംസാരിക്കുന്നവരാണല്ലോ പ്രവാചകർ. അന്തിക്രിസ്തുമാർ തങ്ങളിൽ അരൂപിയുടെ സാന്നിദ്ധ്യവും പ്രവർത്തനവും അവകാശപ്പെടുന്നതു കൊണ്ട്, അവരെ വ്യാജപ്രവാചകന്മാരെന്നു വിശേഷിപ്പിക്കുന്നു. ഈ സാഹചര്യത്തിലാണ്, അരൂപികളെ പരിശോധിച്ച് അവ ദൈവത്തിൽനിന്നാണോ എന്നു പരിശോധിക്കേണ്ടത് ആവശ്യമായി വന്നത്.

അരൂപിയെ വിവേചിച്ചറിയാൻ രണ്ടു മാനദണ്ഡങ്ങളാണ് ഇവിടെ എടുത്തുപറയുന്നത്. 1. ''ഈശോമിശിഹാ ശരീരം ധരിച്ചുവന്നു എന്ന് ഏറ്റുപറയുന്ന ആത്മാവ് ദൈവത്തിൽനിന്നാണ്; ഈശോയെ ഏറ്റുപറയാത്ത ആത്മാവ് ദൈവത്തിൽനിന്നല്ല'' (4,2-3). 2. ''നമ്മുടെ വാക്കു ശ്രവിക്കുന്നവൻ ദൈവത്തെ അറിയുന്നവനാണ്; നമ്മുടെ വാക്കു ശ്രവിക്കാത്തവൻ ദൈവത്തിൽനിന്നല്ല'' (4,6). മിശിഹായുടെ മനുഷ്യാവതാരത്തെ നിഷേധിക്കുന്ന നിലപാട് സ്വീകരിച്ചിരിക്കുന്നവരാണ് വ്യാജപ്രവാചകന്മാർ എന്ന് ഇതു സൂചിപ്പിക്കുന്നു. ഈശോയുടെ മനുഷ്യാവതാരം യഥാർത്ഥമായിരുന്നില്ലെന്നും, മാമ്മോദീസാ മുതൽ പീഡാനുഭവംവരെ പരസ്യജീവിതത്തിൽ മാത്രം ഒതുങ്ങിനിന്ന ദൈവത്വം മാത്രമായിരുന്നു ഈശോയുടേത് എന്നും വ്യാജപ്രവാചകന്മാർ പഠിപ്പിച്ചിരുന്നു. എന്നാൽ ദൈവമായിരുന്ന ഈശോ മനുഷ്യാവതാരത്തിലൂടെ യഥാർത്ഥത്തിൽ ദൈവമനുഷ്യനായി എന്നും, അപ്രകാരം ഇന്നും എന്നും നിലനില്ക്കുന്നുവെന്നുമാണ് സഭ വിശ്വസിക്കുന്നതും പഠിപ്പിക്കുന്നതും. സഭയുടെ ഈ വിശ്വാസം ഏറ്റുപറയാത്തവരും അതുപോലെ സഭയെ കേൾക്കാത്തവരും (4,6) ദൈവത്തിന്റെ അരൂപിയിലുള്ളവരല്ല എന്നാണ് യോഹന്നാൻശ്ലീഹാ പറയുന്നത്. ഇന്നും സഭയെ കേൾക്കാത്തവർ, പലതും ദൈവവചനമായി പഠിപ്പിക്കുന്നവർ, സഭയിലുണ്ട്. അതുകൊണ്ട് അജപാലകരായ പുരോഹിതർ സഭയുടെ പ്രബോധനത്തിനു നിരക്കാത്തവിധം പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർക്കെതിരെ ജാഗ്രതയോടെ വർത്തിക്കണം.

## 2. സ്നേഹം: ദൈവൈക്യമാനദണ്ഡം

*''പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം; എന്തെന്നാൽ, സ്നേഹം ദൈവത്തിൽനിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽനിന്നു ജനിച്ചവനാണ്; അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്''* (4,7-8).

പരസ്നേഹം ദൈവൈക്യത്തിന്റെ മാനദണ്ഡമായും, 'ദൈവം സ്നേഹമാണ്' എന്നത് അതിനടിസ്ഥാനമായും ഇവിടെ എടുത്തുപറയുന്നു. യോഹന്നാൻശ്ലീഹാ ദൈവത്തിനു കൊടുക്കുന്ന നിർവ്വചനങ്ങളിൽ ഏറ്റം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് 'ദൈവം സ്നേഹമാണ്' എന്നുള്ളത്. ദൈവത്തിന്റെ ത്രിത്വാത്മക അസ്തിത്വത്തെ സൂചിപ്പിക്കുന്ന ഒന്നാണ് ഈ നിർവ്വചനം. സ്നേഹം സ്വയംദാനമുൾക്കൊള്ളുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവും പരസ്പരം നൽകിക്കൊണ്ടുള്ള ഒരു നിത്യബന്ധത്തിലാണെന്ന് ഈ നിർവ്വചനം സൂചിപ്പിക്കുന്നു. പരസ്പരം നൽകുന്ന ദൈവത്തിന്റെ ഈ സ്നേഹം മനുഷ്യനായി അവതരിച്ച ഈശോമിശിഹായിലൂടെ മനുഷ്യകുലത്തിന് വെളിപ്പെടുത്തപ്പെടുകയും നൽകപ്പെടുകയും ചെയ്യുന്നു. ത്രിത്വൈകദൈവത്തിന്റെ ഈ പരസ്പരസ്വയംദാനത്തിൽ മനുഷ്യനെ പങ്കുചേർക്കുന്നത് പരിശുദ്ധാരൂപിയാ

ണ്. പരസ്പരം സ്നേഹിക്കുക എന്നതാണ് ദൈവൈക്യത്തിന്റെ മാനദണ്ഡം. കാരണം സ്നേഹം ദൈവത്തിൽനിന്നുള്ളതാണ്. പരസ്പരസ്നേഹത്തിൽ നമ്മെ ബന്ധിപ്പിക്കുന്നത് ദൈവവുമായുള്ള നമ്മുടെ ഐക്യമാണ്. അരൂപിയിലൂടെ ദൈവത്തിന്റെ സ്നേഹത്തിൽ പങ്കുചേരുമ്പോൾ മാത്രമാണ് പരസ്പരം സ്നേഹിക്കുവാൻ നാം പ്രാപ്തരാകുന്നത്. അതുകൊണ്ടുതന്നെയാണ് പരസ്പരം സ്നേഹിക്കുക എന്നത് ദൈവവുമായുള്ള ഐക്യത്തിന്റെ അടയാളമാകുന്നത്.

ദൈവൈക്യത്തെ ഇവിടെ വീണ്ടും ദൈവത്തിൽനിന്നുള്ള ജനനമായും ദൈവത്തെ അറിയുന്ന അനുഭവമായും അവതരിപ്പിക്കുന്നു. യോഹന്നാൻശ്ലീഹായുടെ കാഴ്ചപ്പാടിൽ 'ദൈവത്തെ അറിയുക' എന്നത് 'നിത്യജീവൻ സ്വന്തമാക്കുന്നതാണ്': ''ഏകസത്യദൈവമായ അവിടുത്തെയും അങ്ങ് അയച്ച ഈശോമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ'' (യോഹ 17,3). ദൈവത്തിന്റെ സ്നേഹം പിതാവും പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ള സ്നേഹത്തിൽ ഒതുങ്ങിനിൽക്കുന്നില്ല. പ്രത്യുത, അത് പുത്രനിലൂടെ മനുഷ്യർക്ക് വെളിപ്പെടുത്തപ്പെടുകയും പരിശുദ്ധാത്മാവിലൂടെ നൽകപ്പെടുകയും ചെയ്തു (4,9). തന്റെ സ്നേഹം നാമുമായി പങ്കുവച്ചുകൊണ്ടാണ് ദൈവം അവിടുത്തെ സ്നേഹം വെളിപ്പെടുത്തിയത്. മനുഷ്യരുടെ പാപപരിഹാരബലിയായി സ്വന്തം പുത്രനെ നൽകികൊണ്ടാണ്, അതായത്, 'സ്നേഹത്തിന്റെ മാക്സിമലിസം' നല്കിക്കൊണ്ടാണ് ദൈവം അതു നിർവ്വഹിച്ചത്. അതുകൊണ്ട് നാമും പരസ്പരം 'സ്നേഹത്തിന്റെ മാക്സിമലിസം' പങ്കുവച്ചുകൊണ്ട് ദൈവൈക്യത്തിൽ ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ സ്നേഹത്തിന്റ മാക്സിമലിസത്തെക്കുറിച്ച് അജപാലകർ ബോധവാന്മാരാകുകയും അജഗണങ്ങളെ ബോധവത്കരിക്കുകയും ചെയ്യണം.

### 3. പരസ്പരസ്നേഹവും ദൈവാനുഭവവും

*''പ്രിയപ്പെട്ടവരേ, ദൈവം നമ്മെ ഇപ്രകാരം സ്നേഹിച്ചെങ്കിൽ നാമും പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു. ദൈവത്തെ ഒരുവനും ഒരിക്കലും കണ്ടിട്ടില്ല; എന്നാൽ, നാം പരസ്പരം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കും. അവിടുത്തെ സ്നേഹം നമ്മിൽ പൂർണ്ണമാവുകയും ചെയ്യും. ദൈവം തന്റെ ആത്മാവിനെ നമുക്കു തന്നിരിക്കുന്നതിനാൽ നാം ദൈവത്തിലും ദൈവം നമ്മിലും വസിക്കുന്നു എന്നു നാം അറിയുന്നു''* (4,11-13).

നമുക്കു വെളിപ്പെടുത്തപ്പെടുകയും നമ്മിൽ ചൊരിയപ്പെടുകയും ചെയ്ത ദൈവസ്നേഹം നമ്മിൽനിന്നാവശ്യപ്പെടുന്നത് പരസ്പരസ്നേഹമാണ്. ദൈവസ്നേഹം നമ്മുടെ ഹൃദയത്തിൽ ചൊരിയപ്പെടുമ്പോൾ ആ സ്നേഹം പങ്കുവയ്ക്കാൻ നാം നിർബന്ധിക്കപ്പെടും. ദൈവം തന്റെ അരൂപിയെ നമുക്കു നല്കിക്കൊണ്ടാണ് അവിടുത്തെ സ്നേഹം നമ്മിലേക്കു ചൊരിഞ്ഞത്. പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഇതിനെക്കുറിച്ച് വ്യക്തമായി പറയുന്നുണ്ട്: ''നമുക്കു നല്കപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു'' (റോമാ 5,5). ദൈവത്തിന്റെ സ്നേഹത്തിനു പ്രതിസ്നേഹം കൊടുക്കേണ്ട കടപ്പാടും നമുക്കുണ്ട്. പരസ്പരം സ്നേഹിച്ചുകൊണ്ടാണ് നാം ഈ കടപ്പാട് നിറവേറ്റേണ്ടത്. പരസ്പരസ്നേഹം ദൈവവുമായുള്ള സഹവാസത്തിലേക്കു നമ്മെ

നയിക്കും (4,12). പരസ്പരം സ്നേഹിച്ചാൽ ദൈവത്തിന്റെ സ്നേഹം നമ്മിൽ പൂർണ്ണമാകും എന്നു യോഹന്നാൻശ്ലീഹാ പറയുന്നു. അതായത്, ദൈവം തന്റെ സ്നേഹം വെളിപ്പെടുത്തിയതിന്റെ ലക്ഷ്യം പരസ്പരസ്നേഹത്തിലൂടെ നമ്മിൽ പൂർത്തിയാകും. തന്റെ സ്നേഹം വെളിപ്പെടുത്തുന്നതിൽ രക്ഷാകരമായ ഒരു ലക്ഷ്യമാണ് ദൈവത്തിനുണ്ടായിരുന്നത്. പാപത്തിന്റെ ഫലമായി ചിതറിപ്പോയ മനുഷ്യകുലത്തെ ദൈവമക്കൾക്കടുത്ത സ്നേഹത്തിൽ ഒന്നിപ്പിക്കുക (യോഹ 11,51–52). നാം പരസ്പരം സ്നേഹത്തിൽ ഒന്നായിത്തീരുമ്പോൾ ദൈവത്തിന്റെ രക്ഷാകരലക്ഷ്യം പൂർത്തിയാകും.

'ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല' എന്ന പ്രസ്താവന ഇവിടെ ആവർത്തിക്കുന്നുണ്ട് (4,12). ഇത് യോഹന്നാൻശ്ലീഹാ തന്റെ സുവിശേഷത്തിൽ ദൈവവചനമായ ഈശോയെ അവതരിപ്പിക്കുമ്പോൾ നടത്തുന്ന പ്രസ്താവന തന്നെയാണ്. അവിടെ ഇപ്രകാരം പറയുന്നു: ''ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്'' (യോഹ 1,18). ദൈവം 'അരൂപി'യായതുകൊണ്ട് (യോഹ 4,23) നമ്മുടെ ബാഹ്യമായ കണ്ണുകൾകൊണ്ട് കാണാനോ അനുഭവിക്കുവാനോ സാധിക്കുകയില്ല. അതുകൊണ്ടാണ് ത്രിയേകദൈവത്തിന്റെ രണ്ടാമാളായ പുത്രൻ തമ്പുരാൻ മനുഷ്യശരീരമെടുത്തു ലോകത്തിലേക്കുവന്ന് അശരീരീയായ ദൈവത്തെ നമുക്കു കാണിച്ചുതന്നത്. ദൈവപുത്രനായ അവിടുന്നു ദൈവത്തെ നമുക്കു കാണിച്ചുതന്നത് അനന്തമായ സ്നേഹമായിട്ടാണ്: ''തന്റെ ഏകജാതനെ നല്കുവാൻ തക്കവണ്ണം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'' (യോഹ 3,16). അതുകൊണ്ട്, സ്നേഹത്തിന്റെ ജീവിതം നയിച്ചുകൊണ്ടുമാത്രമേ നമുക്കു ശരിയായ ദൈവാനുഭവം ഉൾക്കൊള്ളാൻ കഴിയൂ. ഈശോ തന്റെ ജീവിതത്തിലൂടെ അത് നമുക്കു കാണിച്ചുതരുകയും അപ്രകാരം ജീവിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുകയും ചെയ്തു (യോഹ 13,34–35). അജപാലകരുടെ ശുശ്രൂഷയുടെ ആത്യന്തികലക്ഷ്യം അജഗണങ്ങളെ പിതാവായ ദൈവത്തെയും, സഹോദരങ്ങളായ ദൈവമക്കളെ പരസ്പരവും, സ്നേഹിക്കുന്ന ഒരു കുടുംബമായി കെട്ടിപ്പടുക്കുക എന്നതാണ്.

## 4. സ്നേഹവും ആത്മധൈര്യവും

*''വിധിദിനത്തിൽ നമുക്ക് ആത്മധൈര്യം ഉണ്ടാകുന്നതിന് സ്നേഹം നമ്മിൽ പൂർണ്ണത പ്രാപിച്ചിരിക്കുന്നു. എന്തെന്നാൽ, ഈ ലോകത്തിൽത്തന്നെ നാം അവനെപ്പോലെ ആയിരിക്കുന്നു. സ്നേഹത്തിൽ ഭയത്തിന് ഇടമില്ല; പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു. കാരണം, ഭയം ശിക്ഷയെക്കുറിച്ചാണ്. ഭയപ്പെടുന്നവൻ സ്നേഹത്തിൽ പൂർണ്ണനായിട്ടില്ല''* (4,17–18).

സ്നേഹത്തിന്റെ അന്ത്യാത്മകവശമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ഇവിടെ പരാമർശിക്കുന്ന ആത്മധൈര്യം, അന്ത്യവിധിയിൽ ദൈവസന്നിധിയിൽ നമുക്കു അനുഭവവേദ്യമാകുന്ന ഒന്നാണ്. പൂർണ്ണതപ്രാപിച്ച സ്നേഹമാണ് വിധിദിവസത്തിൽ ഈ ആത്മധൈര്യം നമുക്കു പ്രദാനം ചെയ്യുന്നത്. സ്നേഹം പൂർണ്ണത പ്രാപിച്ചു എന്നു പറയുമ്പോൾ, നമ്മിൽ അത് പൂർണ്ണത പ്രാപിച്ചു എന്ന അർത്ഥത്തിൽ മാത്രമല്ല, സ്നേഹം എന്തിനുവേണ്ടി ദൈവത്തിൽനിന്നും പുറപ്പെട്ടുവോ, ആ ലക്ഷ്യം പൂർത്തിയാക്കപ്പെട്ടു എന്ന അർത്ഥത്തിൽകൂടിയാണ് അത് മനസ്സിലാക്കേണ്ടത്. ദൈവത്തിൽനിന്നും പുറപ്പെടുന്നതാണല്ലോ

സ്നേഹം. മനുഷ്യനെ സ്നേഹത്തിൽ പൂർണ്ണനാക്കിക്കൊണ്ട് ആ സ്നേഹം അതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നു. അതുകൊണ്ട് നമ്മളും ദൈവം ആഗ്ര ഹിക്കുന്നതുപോലെ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും വളർന്ന് ദൈവത്തിൽനിന്നും ലഭിച്ച കൃപയുടെ ലക്ഷ്യം പൂർത്തിയാക്കണം.

വിധിദിവസത്തിൽ നമുക്ക് ആത്മധൈര്യമുണ്ടാകുന്നതിനുള്ള മറ്റൊരുകാ രണം സ്നേഹത്തിൽ ഭയത്തിനിടമില്ല എന്നതാണ്. പൂർണ്ണമായ സ്നേഹം ഭയത്തെ ബഹിഷ്കരിക്കുന്നു. കാരണം ഭയം ശിക്ഷയെക്കുറിച്ചാണ്. പൂർണ്ണമായ സ്നേഹം രക്ഷയുടെ അനുഭവമായതുകൊണ്ട്, ആ അവസ്ഥയിൽ ഭയത്തിനു സ്ഥാനമില്ല. അതുകൊണ്ട് ആത്മധൈര്യത്തോടെ നമുക്ക് അന്ത്യവിധിയെ നേരി ടുവാൻ സാധിക്കും. സ്നേഹത്തിൽ പൂർണ്ണത പ്രാപിക്കുന്നതിന്റെ ഫലമായി മിശിഹായുടെ സാദൃശ്യത്തോട് നാം അനുരൂപപ്പെടുന്നു. മിശിഹായുടെ സാദൃ ശ്യത്തിലേക്കു രൂപാന്തരപ്പെടുക എന്നത് അന്ത്യാത്മകജീവിതാവസ്ഥയുടെ പ്ര ത്യേകതയാണ്: ''അവിടുന്നു പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെപ്പോലെ ആകും'' (1 യോഹ 3,2). സ്നേഹത്തിൽ പൂർണ്ണത പ്രാപിച്ചവർക്ക് ഈ ലോക ത്തിൽത്തന്നെ മിശിഹായോട് അനുരൂപപ്പെട്ട അവസ്ഥയിലായിരിക്കുന്നതു കൊണ്ട് ആത്മധൈര്യത്തോടെ അന്ത്യവിധിയെ നേരിടുവാൻ കഴിയും. അജ പാലകരായ വൈദികർക്ക് ഈ ആത്മധൈര്യത്തോടെ അവരുടെ ശുശ്രൂഷ നിർവ്വഹിക്കുവാനും തങ്ങളുടെ അജഗണങ്ങളെ ഇപ്രകാരം ആത്മധൈര്യ ത്തോടെ അന്ത്യവിധിയെ നേരിടുവാൻ പരിശീലിപ്പിക്കുവാനും കഴിയണം.

## 5. ദൈവസ്നേഹവും സഹോദരസ്നേഹവും

*''ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ, അവൻ കള്ളം പറയുന്നു. കാരണം, കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാധിക്കുകയില്ല. മിശിഹായിൽനിന്നു ഈ കല്പന നമുക്കു ലഭിച്ചിരിക്കുന്നു: ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം''* (4,20-21).

നാം പരസ്പരം സ്നേഹിക്കുന്നത്, ദൈവം നമ്മെ ആദ്യം സ്നേഹിച്ചതു കൊണ്ടാണ്. മനുഷ്യപ്രകൃതി പാപബദ്ധമായതുകൊണ്ട് സ്വയംപ്രേരിതമായി പരസ്പരം സ്നേഹിക്കാൻ മനുഷ്യർക്കാവില്ല. ദൈവത്തിന്റെ സ്നേഹത്തി നുപയോഗിക്കുന്ന വാക്ക് 'അഗാപ്പേ' എന്നാണ്. നാം പരസ്പരം സ്നേഹി ക്കണം എന്നു പറയുമ്പോഴും ഈ വാക്കിന്റെ ക്രിയാപദമായ 'അഗാപ്പെയിൻ' ആണ് ഉപയോഗിക്കുന്നത്. കിട്ടുന്നതിനേക്കാൾ കൂടുതൽ കൊടുക്കുന്നതിൽ സന്തോഷം കണ്ടെത്തുന്ന നിസ്വാർത്ഥമായ സ്നേഹമാണിത്. ദൈവസഹജ മായ ഈ സ്നേഹം പ്രാവർത്തികമാക്കാൻ മനുഷ്യനു സ്വയമേവ സാധ്യമല്ല. അതുകൊണ്ട് ദൈവസ്നേഹത്താൽ അഥവാ ദൈവാരൂപിയാൽ പ്രചോദിത രായി മാത്രമേ മനുഷ്യർക്ക് ദൈവത്തെയും പരസ്പരവും സ്നേഹിക്കാനാവൂ. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതെ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാദ്ധ്യമല്ല (4,20). ഇത് മനഃശാസ്ത്രപരമായ ഒരു പ്രസ്താവന യല്ല. മനഃശാസ്ത്രപരമായി, കാണാവുന്ന സഹോദരനേക്കാൾ കാണാൻ പാടി ല്ലാത്ത ദൈവത്തെ സ്നേഹിക്കുകയാവും എളുപ്പം. കാരണം, സഹോദരന്റെ കുറ്റങ്ങളും കുറവുകളും നിരന്തരം നാം കണ്ടുകൊണ്ടിരിക്കുന്നു. അതുകൊണ്ട്

ഇതു ദൈവശാസ്ത്രപരമായ ഒരു പ്രസ്താവനയാണ്. ദൈവസ്നേഹത്തിലേക്കുയരാൻ മനുഷ്യനു സ്വയമേവ സാധിക്കയില്ല. ദൈവത്തെ സ്നേഹിക്കുവാൻ കഴിവുനല്കുന്നത് ദൈവാരൂപിയാണ്. അപ്രകാരം ദൈവത്തെ സ്നേഹിക്കുന്നവൻ ദൈവം തരുന്ന എല്ലാ മനുഷ്യരെയും സ്നേഹിക്കും.

ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം എന്നത് ദൈവം തന്നെ നല്കിയ ഒരു കല്പനയുമാണ്: ''മിശിഹായിൽനിന്ന് ഈ കല്പന നമുക്കു ലഭിച്ചിരിക്കുന്നു. ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം'' (4,21). ഈ പ്രസ്താവന മർക്കോസ് 12,28-31നെ അനുസ്മരിപ്പിക്കുന്നതാണ്: ''ഇതാണ് ഒന്നാമത്തെ കല്പന: നീ നിന്റെ ദൈവമായ കർത്താവിനെ ....സ്നേഹിക്കുക. രണ്ടാമത്തെ കല്പന: നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക''. ഇവിടെ ഈശോ പഴയനിയമത്തിലെ ദൈവസ്നേഹത്തിന്റെ കല്പനയും (നിയമ 6,4-5) പരസ്നേഹത്തിന്റെ കല്പനയും (ലേവാ 19,18) തമ്മിൽ യോജിപ്പിച്ച്, എല്ലാറ്റിലും പ്രധാനപ്പെട്ട കല്പനയായി അവതരിപ്പിക്കുകയാണ്. യോഹന്നാൻശ്ലീഹാ ഇവിടെ രണ്ടു കല്പനകളെപ്പറ്റി പറയുന്നില്ല. ഈശോയുടെ ഏകകല്പന ദൈവസ്നേഹവും പരസ്നേഹവും ഉൾക്കൊള്ളുന്നതാണ്. പ്രായോഗികമായി പ്രാമുഖ്യമുണ്ടെങ്കിൽ അത് പരസ്നേഹത്തിനുമാണ്. മാത്രമല്ല ഇവിടെ 'അയൽക്കാരൻ' എന്നതിനുപകരം 'സഹോദരൻ' എന്ന പദമാണുപയോഗിക്കുന്നത്. അതുകൊണ്ട് സഭാസമൂഹത്തിൽ പ്രായോഗികമാക്കേണ്ട സഭാകൂട്ടായ്മയെയാണ് ഉദ്ദേശിക്കുന്നത്. അജപാലകരായ വൈദികർ സഭാസമൂഹത്തെ ഒരു സാഹോദര്യകൂട്ടായ്മയായി കെട്ടിപ്പടുക്കേണ്ടതിന്റെ ആവശ്യകതയാണ് ഇവിടെ ഊന്നിപ്പറയുന്നത്.

## ജീവിതസൂചിക

1. സഭയുടെ ശ്ലൈഹികപ്രബോധനത്തിനനുസൃതമായി വിശ്വാസികളെ പഠിപ്പിക്കുവാനും അതിനു വിരുദ്ധമായ പ്രബോധനങ്ങൾക്കെതിരെ ജാഗ്രത പുലർത്തുവാൻ അവരെ ഓർമ്മിപ്പിക്കുവാനും ഞാൻ എത്രമാത്രം ശ്രദ്ധിക്കുന്നുണ്ട്?
2. സ്നേഹത്തിന്റെ 'മാക്സിമലിസ'മാണ് വിശുദ്ധി എന്ന കാഴ്ചപ്പാട് ജീവിതത്തിൽ ഉൾക്കൊള്ളുവാനും വിശ്വാസികൾക്കു നല്കുവാനും ഞാൻ എപ്രകാരം പരിശ്രമിക്കുന്നു?
3. സഭയെ ദൈവസ്നേഹത്തിലും പരസ്നേഹത്തിലും ജീവിക്കുന്ന ഒരു കുടുംബമായി കെട്ടിപ്പടുക്കുവാൻ എനിക്ക് എത്രമാത്രം സാധിക്കുന്നുണ്ട്?
4. അന്ത്യവിധിയെ ആത്മധൈര്യത്തോടെ നേരിടുവാൻതക്കവിധം ജീവിക്കുവാനും അപ്രകാരം ജീവിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
5. എന്റെ ശുശ്രൂഷക്കായി ഏല്പിക്കപ്പെട്ടിരിക്കുന്ന സഭാസമൂഹത്തെ ഒരു സാഹോദര്യകൂട്ടായ്മയായി കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ആഗസ്റ്റ് 2021**

24 രാവിലെ സി.സി.എച്ച്.ഐ. യുടെ ജനറൽ ബോഡി മീറ്റിംഗിൽ ഓൺലൈനായി പങ്കെടുത്ത് സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം സിനഡിൽ സംബന്ധിച്ചു സംസാരിച്ചു.

25 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് കുടുംബ ജ്യോതി മാസികയ്ക്കു കുട്ടനാടിനെ സംബന്ധിച്ച് അഭിമുഖം നൽകി.

26 രാവിലെ മാങ്ങാനം പുതുപ്പള്ളിയിൽ കമിലിയൂസ് സന്യാസിനികളുടെ ഭവനത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും വാർദ്ധക്യത്തിലായവർക്കായി അവിടെ പുതുതായി നിർമ്മിച്ച ഭവനത്തിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു. ഉച്ചകഴിഞ്ഞ് വെരൂർ സെന്റ് ജോസഫ് പള്ളിയിൽ വിവാഹം ആശീർവദിച്ചു. വൈകുന്നേരം സിനഡിൽ സംബന്ധിച്ച് സംസാരിച്ചു.

27 രാവിലെ ലൂർദ്ദ് മാതാ ചാരിറ്റബിൾ ആൻഡ് എജ്യൂക്കേഷണൽ സൊസൈറ്റിയുടെ ഗവേർണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു സംസാരിച്ചു. വൈകുന്നേരം സിനഡിൽ പങ്കെടുത്തു.

28 രാവിലെ മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽ അപ്പസ്തോലിക് ഒബ്ലേറ്റസ് സന്യാസിനീസമൂഹത്തിലെ സന്യസ്തരുടെ പ്രഥമവ്രത വാഗ്ദാനത്തിനും നിത്യവ്രതവാഗ്ദാനത്തിനും കാർമികത്വംവഹിച്ച് വചനസന്ദേശം നൽകി. അതിനുശേഷം അതിരൂപതാകേന്ദ്രത്തിൽ സി.എം.ഐ. സഭയുടെ പ്രിയോർ ജനറാളായ ചാത്തൻപറമ്പിൽ ബഹു. തോമസ് അച്ചനെ അതിരൂപതാകേന്ദ്രത്തിലേക്ക് സ്വാഗതംചെയ്യുകയും അദ്ദേഹവുമായി സംസാരിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ചാസിൽവെച്ച് കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് ചാസ് ആരംഭിക്കുന്ന പുതിയ സംരംഭമായ ഓക്സിജൻ കോൺസൻട്രേറ്റർ സെന്ററിന്റെയും, KCBCയും കാരിത്താസ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന മറ്റൊരു പദ്ധതിയായ കോവിഡ് പ്രതിരോധകിറ്റ് വിതരണത്തിന്റെയും ആശാകിരണം ക്യാൻസർ സുരക്ഷാപദ്ധതിയുടെ ഭാഗമായി ഹരിതം 2021 എന്ന പേരിൽ ഒരു ഗ്രീൻ പ്രോട്ടോക്കോൾ കാമ്പെയിന്റെയും ഔപചാരിക ഉദ്ഘാടനം ചാസ് ഡയറക്ടർ കുളത്തുങ്കൽ ബഹു. തോമസ് അച്ചന്റെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ നിർവഹിച്ചു.

29 രാവിലെ മങ്കൊമ്പ് സെന്റ് പയസ് ടെൻത് ദൈവാലയത്തിൽ ഇടവക തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാന അർപ്പിക്കുകയും വചന സന്ദേശം നൽകുകയും ചെയ്തു.

30 രാവിലെ ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട അതിരൂപതാ ലിറ്റർജിക്കൽ ക്വിസിൽ സമ്മാനാർഹരായ എല്ലാവർക്കും ആശംസകളർപ്പിച്ചു സംസാരിക്കുകയും സമ്മാനദാനം നിർവഹിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് എം.ഓ.സി. യുടെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു സംസാരിച്ചു മാർഗനിർദേശങ്ങൾ നൽകി. വൈകുന്നേരം സഞ്ജീവനി യുടെ ബോർഡ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

31 രാവിലെ മണിമല സെന്റ് ബേസിൽ ദൈവാലയത്തിൽ എം.എം.എം. സന്ന്യാസിനീസമൂഹത്തിലെ ഏഴ് സന്ന്യാസിനികളുടെ സുവർണ്ണ ജൂബി ലിയോടനുബന്ധിച്ചു പരിശുദ്ധ കുർബാന അർപ്പിക്കുകയും അവരെ ആദരിക്കുകയും ചെയ്തു. വൈകുന്നേരം കുന്നിൽപറമ്പിൽ ബഹു. സേവ്യർ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. വൈകു ന്നേരം അതിരൂപതാകേന്ദ്രത്തിൽ ജിമ്മി പടനിലം സെന്ററിന്റെ സ്ഥാപക രായ ഡോ. ജോർജ് പടനിലം സാറിനെയും കുടുംബത്തേയും സ്വാഗതം ചെയ്യുകയും അവരോടൊത്തു സംസാരിക്കുകയും ചെയ്തു.

**സെപ്റ്റംബർ 2021**

2 രാവിലെ കുന്നിൽപറമ്പിൽ ബഹുമാനപ്പെട്ട സേവ്യർ അച്ചന്റെ മൃതസംസ് കാരശുശ്രൂഷയോടനുബന്ധിച്ചു പരിശുദ്ധ കുർബാനയ്ക്കും മൃതസംസ് കാരശുശ്രൂഷകൾക്കും മുഖ്യകാർമികത്വം വഹിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. അതിനുശേഷംനടന്ന എസ്.എച്ച്. സ്കൂൾ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു സംസാരിക്കുകയും മാർഗനിർദ്ദേശ ങ്ങൾ നൽകുകയും ചെയ്തു. ഇതിനുശേഷം സന്ദർശകരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു.

3 രാവിലെ അതിരൂപതാകേന്ദ്രത്തിൽ റീജൻസി പരിശീലനത്തിലായിരിക്കുന്ന വൈദികവിദ്യാർഥികളുടെ ഡയറക്ടേഴ്സിന്റെ മീറ്റിങ്ങിൽ പങ്കെടുത്ത് അവർക്കുവേണ്ട മാർഗനിർദേശങ്ങൾ നൽകി. ഉച്ചകഴിഞ്ഞ് എസ്.ബി. കോളേജിൽ വിഷൻ ആൻഡ് മിഷൻ റീഡിഫൈനിംഗ് മീറ്റിംഗിൽ പങ്കെടു ത്തു. അതിനുശേഷം ചങ്ങനാശേരി എസ്.ബി. സ്കൂളിൽവെച്ച് അധ്യാപ കദിനത്തോടനുബന്ധിച്ചുനടന്ന ആദരിക്കൽ ചടങ്ങിൽ പങ്കെടുക്കുകയും ആശംസകൾ അറിയിച്ചു സംസാരിക്കുകയും അധ്യാപകർക്കു മാർഗനിർ ദ്ദേശങ്ങൾ നൽകുകയും ചെയ്തു. അതിനുശേഷം ചങ്ങനാശേരി അതി രൂപത കെയർഹോം ഡയറക്ടേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു മാർഗനിർ ദേശങ്ങൾ നൽകി. വൈകുന്നേരം കുവൈറ്റ് പ്രവാസി അപ്പോസ്തലേറ്റിന്റെ ആനിവേഴ്സറി മീറ്റിംഗിൽ പങ്കെടുത്ത് അധ്യക്ഷപ്രസംഗം നിർവഹിച്ചു.

5 വിശുദ്ധ മദർ തെരേസായുടെ തിരുന്നാളിനോടനുബന്ധിച്ചു തെള്ളകം പുഷ്പഗിരി സെന്റ് ജോസഫ് ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പി ക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. അതിനെതുടർന്ന് നടന്ന മെറിറ്റ് അവാർഡ് സമ്മേളനത്തിൽ പങ്കെടുക്കുകയും സമ്മാനാർഹരായ

വർക്ക് അനുമോദനങ്ങൾ നേർന്നു സംസാരിക്കുകയും സമ്മാനദാനം നിർവഹിക്കുകയും ചെയ്തു.

6 വൈകുന്നേരം നെടുംകുന്നത്ത് അനാഥരായ കുട്ടികൾക്കുവേണ്ടിയുള്ള അൽഫോൻസാ സ്നേഹനിവാസിന്റെ പുതിയ താത്കാലിക ഭവനത്തിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു.

7 രാവിലെ പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോന ഇടവക ദൈവാലയത്തിന്റെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയ്ക്ക് കാർമികത്വം വഹിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. അതിനുശേഷം ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽവെച്ച് അഭിവന്ദ്യ മാർ ജോർജ് കോച്ചേരി പിതാവിന്റെ സാന്നിധ്യത്തിൽ പ്രീഓപ്പറേറ്റീവ് റൂമിന്റെയും അഡ്മിഷൻ ആൻഡ് ഇൻഷുറൻസ് ഡെസ്കിന്റെയും ആശീർവാദകർമ്മവും പ്രവേശന കവാടത്തിൽ സ്ഥാപിച്ചിരിക്കുന്ന ശിലാഫലകത്തിന്റെ പ്രകാശന കർമ്മവും നിത്യസഹായമാതാവിന്റെ ഐക്കണിന്റെ ആശീർവാദകർമ്മവും നിർവഹിച്ചു.

8 ഉച്ചകഴിഞ്ഞ് പറേൽ സെന്റ് മേരീസ് ദൈവാലയത്തിൽ പരിശുദ്ധ ദൈവ മാതാവിന്റെ ജനനതിരുനാളിനോടനുബന്ധിച്ചു നിലവിലുള്ള ദൈവാലയം പൊളിക്കുന്നതിനു മുൻപായുള്ള പരിശുദ്ധ കുർബാന അർപ്പിച്ചു കൃതജ്ഞ താപ്രാർത്ഥന നടത്തി. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ അഭിവന്ദ്യ മാർ കോച്ചേരി പിതാവിന്റെ യാത്രയയപ്പുസമ്മേളനത്തിൽ പങ്കെടുക്കുകയും ആശംസകൾ അറിയിച്ചു സംസാരിക്കുകയും ചെയ്തു.

9 രാവിലെ ആലപ്പുഴ സഹൃദയ ഹോസ്പിറ്റലിന്റെ ബോർഡ്മീറ്റിംഗിൽ പങ്കെടുത്ത് അധ്യക്ഷപദവി അലങ്കരിച്ചു. അതിനുശേഷം സഹൃദയ ഹോസ്പിറ്റലിന്റെ പുതിയ ഡയാലിസിസ് യൂണിറ്റിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് ഇരവുചിറ സെന്റ് മേരീസ് ഇടവകാംഗമായ കുളത്തുങ്കൽ ബഹു. തോമസ് അച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദൈവാലയകർമ്മത്തിന് കാർമികത്വം വഹിക്കുകയും അനുശോചനങ്ങൾ അറിയിച്ചു സംസാരിക്കുകയും ചെയ്തു.

10 രാവിലെ പാറേൽ സെന്റ് മേരീസ് ഇടവകാംഗമായ കുട്ടംപേരൂർ ചക്കാലയ്ക്കൽ മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ച കഴിഞ്ഞ് പാലായിൽവെച്ച് അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ സാന്നിധ്യത്തിൽ ബഹുമാനപ്പെട്ട കച്ചിറമറ്റം സാറിന് ഷെവലിയാർ ഐ.സി. ചാക്കോ പുരസ്കാരം നൽകുകയും ആശംസകൾ അറിയിച്ച് സംസാരിക്കുകയും ചെയ്തു.

11 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. അതിനുശേഷം ഇത്തിത്താനം സെന്റ് മേരീസ് ഇടവകാംഗമായ ഇടയാടിയിൽ എ.എസ്. തോമസിന്റെ മൃതസംസ്കാരശുശ്രൂഷയുടെ ദേവാലയകർമ്മങ്ങൾക്ക് കാർമികത്വം വഹിക്കുകയും അനുശോചനങ്ങൾ അറിയിച്ചു സംസാരിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടന്ന കുട്ടനാടിന്റെ പുരോഗതി ലക്ഷ്യമാക്കിയുള്ള ജെ.ബി. കോശി കമ്മീഷൻ ഡ്രാഫ്റ്റ് കമ്മിറ്റിയിൽ പങ്കെടുത്തു സംസാരിച്ചു. വൈകുന്നേരം പാറേൽ സെന്റ് മേരീസ് ദൈവാലയത്തിന്റെ നിർമ്മാണത്തി

നോടനുബന്ധിച്ച് വിശുദ്ധ കുർബാനയും മറ്റു ശുശ്രൂഷകളും നടത്തുവാൻ വേണ്ടി നിർമ്മിച്ച താൽക്കാലിക ദൈവാലയത്തിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചു.

12 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. അതിനു ശേഷം കുടമാളൂർ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

13 രാവിലെ പീരുമേട്ടിൽ ഈ വർഷം ജൂബിലി ആഘോഷിക്കുന്ന ബഹു. വൈദികരോടൊപ്പം പരിശുദ്ധ കുർബാന അർപ്പിക്കുകയും അവരോടൊപ്പം സംസാരിക്കുകയും ചെയ്തു.

14 രാവിലെ ചങ്ങനാശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ചു നടന്ന മീറ്റിങ്ങിൽ പങ്കെടുത്ത് ആശംസകൾ അറിയിച്ചു സംസാരിച്ചു. ഉച്ചയ്ക്ക് ചമ്പക്കുളം സെന്റ് മേരീസ് ദൈവാലയ ത്തിൽ വിവാഹം ആശീർവദിച്ചു. ഉച്ചകഴിഞ്ഞ് ചങ്ങനാശേരി അതിരൂപത യുടെ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു മാർഗ്ഗനിർദേശങ്ങൾ നൽകി. വൈകുന്നേരം പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് മീറ്റിങ്ങിൽ സംബന്ധിച്ച് അധ്യക്ഷപദവി അലങ്കരിച്ചു.

15 രാവിലെ വേഴപ്ര സെന്റ് പോൾസ് ഇടവകാംഗമായ നെല്ലുവേലി മറിയാമ്മ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിനു ശേഷം സി.ബി.സി.ഐ. യുടെ സ്റ്റാൻഡിങ് കമ്മിറ്റി മീറ്റിങ്ങിൽ ഓൺലൈ നായി സംബന്ധിച്ചു സംസാരിച്ചു. ഉച്ചയ്ക്ക് എടത്വയിൽ നിർമാണത്തിലാ യിരിക്കുന്ന കോയിൽമുക്ക് സെന്റ് ജോസഫ് ദൈവാലയം സന്ദർശിച്ചു. ഉച്ചകഴിഞ്ഞ് പാണ്ടങ്കരി ഡി.എസ്.എഫ്.എസ്. സന്യാസിനികളുടെ സന്യ സ്ത ആശ്രമത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. വൈകുന്നേരം ഓൺലൈനായി ചങ്ങനാശേരി അതിരൂപത ചരിത്രകമ്മറ്റിയുടെ മീറ്റിംഗിൽ പങ്കെടുത്തു.

16 രാവിലെ പ്രതിപക്ഷനേതാവ് എൻ.ഡി. സതീശൻ, കെ.പി.സി.സി. പ്ര സിഡന്റ് സുധാകരൻ എന്നിവരുമായി അതിരൂപതകേന്ദ്രത്തിൽ ചർച്ച നടത്തി. കോട്ടയം ലൂർദ്ദ് ഫൊറോനാ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. സി.ബി.സി.ഐ. യുടെ സ്റ്റാൻഡിങ് കമ്മിറ്റി മീറ്റിംഗിൽ ഓൺലൈനായി സംബന്ധിച്ചു സംസാരിച്ചു.

17 രാവിലെ സി.ബി.സി.ഐ. യുടെ സ്റ്റാൻഡിങ് കമ്മിറ്റി മീറ്റിംഗിൽ ഓൺലൈ നായി സംബന്ധിച്ചു സംസാരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

18 രാവിലെ കണ്ണാടി എഫ്.സി.സി. സന്യാസിനികളുടെ ഭവനത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ചു പരിശുദ്ധ കുർബാന അർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. അതിനുശേഷം ചേന്നാട്ടുശേരി ബഹു. ജോസ് അച്ചന്റെ അനുജൻ തോമസുകുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിനുശേഷം ചെത്തിപ്പുഴ സെന്റ് തോമസ് കോളേജിൽ ഗ്രാജുവേഷൻ സെറിമണിയിൽ അധ്യക്ഷപദവി അലങ്കരിച്ചു. വൈകുന്നേരം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയാങ്കണത്തിൽ പി.സി.

അനിയൻകുഞ്ഞുസാറിന്റെ പുസ്തകമായ *'പരിശുദ്ധ കുർബാനയിലെ വിശുദ്ധനാട് തീർഥാടനം'* പ്രകാശനം ചെയ്ത് ആശംസകൾ അറിയിച്ചു സംസാരിച്ചു

19 രാവിലെ ചെത്തിപ്പുഴ സെന്റ് തോമസ് നേഴ്സിങ് കോളേജിൽ പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകുകയും ആദ്യവർഷ വിദ്യാർത്ഥി കളുടെ ലാംബ് ലൈറ്റിംഗ് സെറിമണിയിൽ പങ്കെടുക്കുകയും ചെയ്തു.

20 രാവിലെ ആയുർ ക്രൈസ്റ്റ് ദ കിംഗ് ഫൊറോന ദൈവാലയം സന്ദർശി ക്കുകയും വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. അതിനുശേഷം അമ്പൂരി സെന്റ് ജോർജ് ഫൊറോന ഇടവക ദൈവാലയത്തിൽ ഫൊറോ നയിലെ വൈദികരുടെ സമ്മേളനത്തിൽ പങ്കെടുത്തു മാർഗനിർദേശങ്ങൾ നൽകി. അതിനുശേഷം മായം സെന്റ് മേരീസ് ഇടവകദൈവാലയം സന്ദർശിച്ചു. പിന്നീട് തിരുവനന്തപുരം കിള്ളിയിലെ പ്രൊവിഡൻസ് ഹോം സന്ദർശിച്ച് അവരുമായി സംസാരിച്ചു. വൈകുന്നേരം ലൂർദ് ഫൊറോന ഇടവക ദൈവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ വൈദികരുടെ സമ്മേളനത്തിൽ സംബന്ധിക്കുകയും അവരുമായി സംസാരിക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

21 രാവിലെ തിരുവനന്തപുരം ലൂർദ് ഫൊറോന ഇടവക ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. അതിനുശേഷം തിരുവനന്തപുരം ലൂർദ്ദ് മാതാ കെയർ സെന്ററിൽ രോഗികളെ സന്ദർശി ക്കുകയും തുടർന്ന് ചൂരവടി ബഹു. മോബൻ അച്ചന്റെ നാമഹേതുക തിരു നാളിനോടനുബന്ധിച്ച് ആശംസകളർപ്പിച്ചു സംസാരിക്കുകയും ചെയ്തു. ഉച്ചയ്ക്ക് പുളിയറക്കോണം ഗ്രീൻ ആൻഡ് കെയറിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കപ്പെട്ട മിയോവാക്കി ഫോറസ്റ്റ് സന്ദർശിക്കുകയും അതിന് നേതൃത്വം വഹിക്കുന്നവരെ ആദരിച്ചു സംസാരിക്കുകയും ചെയ്തു. ഉച്ച കഴിഞ്ഞ് വെള്ളയമ്പലത്തുള്ള ആരാധനാ സന്യാസിനികളുടെ നിർമ്മ ലാഭവൻ സന്ദർശിക്കുകയും അവരോടു സംസാരിക്കുകയും ചെയ്തു. അതിനുശേഷം തിരുവനന്തപുരം കാരേറ്റുള്ള സിസ്റ്റേഴ്സ് ഓഫ് മേഴ്സി നടത്തുന്ന *സ്നേഹതീരം* എന്ന തെരുവിൽ അലയുന്ന മാനസിക രോഗികളായ സ്ത്രീകൾക്കുള്ള അഭയകേന്ദ്രം സന്ദർശിച്ച് അവരുമായി സമയം ചിലവഴിച്ചു. വൈകുന്നേരം വെഞ്ഞാറമൂടുള്ള ചങ്ങനാശേരി അതിരൂപതയുടെ അമല പാസ്റ്ററൽ സെന്റർ സന്ദർശിച്ചു. അതിനുശേഷം അതിരൂപതാകേന്ദ്രത്തിൽ ബഹു. ചിറ്റൂക്കളം അച്ചന് ജർമനിയിലെ തന്റെ ശുശ്രൂഷകൾക്കായി എല്ലാ ആശംസകളും നേർന്നു സംസാരിക്കുകയും മാളിയേക്കൽ ബഹു. ജീമോൻ അച്ചന് നാമഹേതുക തിരുനാളിന്റെ മംഗള ങ്ങൾ നേർന്നു സംസാരിക്കുകയും ചെയ്തു.

22-23 ചങ്ങനാശേരി അതിരൂപതയുടെ കൺസൾട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ബജറ്റവതരണം ശ്രവിച്ചു.

24 രാവിലെ ചങ്ങനാശേരി അതിരൂപതയുടെ കൺസൾട്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചയ്ക്ക് ഫാമിലി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ മാസാവസാനവെള്ളിയാഴ്ചകളിൽ നടക്കുന്ന പ്രോലൈഫ് പ്രാർത്ഥനാ ദിനത്തിൽ സന്ദേശം നൽകി.

# മാർ തോമസ് തറയിൽ

**ആഗസ്റ്റ് 2021**

29 വിതുര ഓൾ സെയ്ൻസ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

30 തിരുവനന്തപുരം ലൂർദ്ദ് സെന്ററിൽ നടന്ന TAASC ന്റെ മീറ്റിംഗിൽ പങ്കെടുത്തു.

31. ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു.

**സെപ്റ്റംബർ 2021**

1 നിരണം മാർത്തോമാശ്ലീഹാ സെന്ററിൽ വൈദികവിദ്യാർഥികൾക്ക് ക്ലാസെടുത്തു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ എസ്.എച്ച്. സ്കൂളിന്റെ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

2 ചങ്ങനാശേരി സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ കുന്നിപ്പറമ്പിൽ ബഹു. സേവ്യർ അച്ചന്റെ മൃതസംസ്ക്കാരശുശ്രൂഷകളുടെ രണ്ടാം ഭാഗത്തിന് കാർമ്മികത്വംവഹിച്ചു പരിശുദ്ധ കുർബാനയിൽ പങ്കെടുത്തു. കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനത്തിന്റെ (CHARIS) ആഭിമുഖ്യത്തിൽ ഓൺലൈനായി നടത്തിയ പരിശുദ്ധാത്മാവിലുള്ള നവജീവിത സെമിനാർ ഉദ്ഘാടനം ചെയ്തു.

3 ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ നടത്തിയ റീജൻസി ബ്രദേഴ്സിന്റെ ഡയറക്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു. യു.എ.ഇ. ചർച്ച് ഫുജൈറ സീറോ മലബാർ കമ്മ്യൂണിറ്റിയുടെ വിശ്വാസപരിശീലനത്തിനു തുടക്കം കുറിച്ചു കൊണ്ടുള്ള ഓൺലൈൻ ടീച്ചേഴ്സ് പേരൻസ് ആൻഡ് സ്റ്റുഡൻസ് (PTS) മീറ്റിംഗിൽ ആമുഖപ്രഭാഷണം നടത്തി.

4 നാലുകോടി സെന്റ് തോമസ് ദൈവാലയത്തിൽ വലിയപറമ്പിൽ വി.കെ. ചാക്കോയുടെ മൃതസംസ്ക്കാരശുശ്രൂഷയ്ക്കു കാർമ്മികത്വം വഹിച്ചു. ചങ്ങനാശേരി അതിരൂപതയിലെ കെയർഹോംസുകളുടെ ആഭിമുഖ്യത്തിൽ നടത്തിയ മദർതെരേസ ദിനത്തിൽ ആമുഖപ്രഭാഷണം നടത്തി. ഭദ്രാവതി രൂപതയിലെ വൈദികർക്ക് ഓൺലൈനിലൂടെ മാസധ്യാന ചിന്തകൾ നൽകി. സീറോമലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

5 ചെങ്കുളം നിത്യസഹായമാതാ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. കൊല്ലം വിളക്കുടിയിലുള്ള സ്നേഹതീരം ചാരിറ്റബിൾ ട്രസ്റ്റ് സന്ദർശിച്ചു. അരുവിത്തുറ ഗവൺമെന്റ് കോളേജിലെ അധ്യാപകദിനാഘോഷം ഗൂഗിൾ പ്ലാറ്റ്ഫോമിലൂടെ ഉദ്ഘാടനം ചെയ്തു.

6 ചങ്ങനാശേരി അസംപ്ഷൻ കോളേജ് ചാപ്പലിൽ പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. മങ്കൊമ്പ് തെക്കേക്കര സെന്റ് ജോൺസ്

ഇടവകാംഗം മഠത്തിൽ കുഞ്ഞൂഞ്ഞമ്മ ജോസഫിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിലെ ഭവനത്തിലെ കർമ്മങ്ങൾക്കു കാർമ്മികത്വം വഹിച്ചു.

7 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ 1995–96 ബാച്ചിലെ വൈദികരുടെ സംഗമത്തിൽ പങ്കെടുത്തു. നാലുകോടിയിലെ പുതുജീവൻ ട്രസ്റ്റ് ഹോം സന്ദർശിച്ചു. ഇരവുചിറയിൽ കുളത്തുങ്കൽ ബഹു. തോമസ് അച്ചന്റെ മാതാവ് ത്രേസ്യാമ്മ വർഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

8 പാറേൽ സെന്റ് മേരീസ് ദൈവാലയത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനതിരുനാൾ ദിവസം പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി.

9 മങ്കൊമ്പ് തെക്കേക്കര സെന്റ് ജോൺസ് ദൈവാലയത്തിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. പുന്നപ്ര ദനഹാലയായിൽ ക്ലാസെടുത്തു. ചെത്തിപ്പുഴ സേക്രട്ട് ഹാർട്ട് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ആലപ്പുഴ സഹൃദയ ഹോസ്പിറ്റലിന്റെ ബോർഡ് മീറ്റിംഗിലും പുതുതായി ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന്റെ ഉദ്ഘാടനകർമ്മത്തിലും പങ്കെടുത്തു. ഇത്തിത്താനം സെന്റ് മേരീസ് ഇടവകാംഗമായ സോജൻ ഇടയാടിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

10 പാറേൽ സെന്റ് മേരീസ് ഇടവകാംഗമായ കുട്ടംപേരൂർ ചക്കാലക്കൽ കുഞ്ഞൂഞ്ഞമ്മയുടെ മൃതദേഹത്തിൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

11 പേരൂർക്കട ലൂർദ്ദ്ഹിൽ ദൈവാലയത്തിൽ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമ്മികത്വം വഹിച്ചു. സീറോമലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു

12 കോട്ടയം ലൂർദ്ദ് ഫൊറോനാ ദൈവാലയത്തിൽ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിനു മുഖ്യകാർമ്മികത്വം വഹിച്ചു. കാർഡിനൽ ടിസറാംഗ് ഹാളിൽ ചങ്ങനാശേരി അതിരൂപത എ.കെ.സി.സി. യുടെ ആഭിമുഖ്യത്തിൽ നടത്തിയ സംയുക്ത നേതൃത്വസംഗമ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. സീറോമലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. പാസ്റ്ററൽ കൗൺസിലിന്റെ ഓൺലൈൻ അജണ്ട മീറ്റിംഗിൽ പങ്കെടുത്തു.

13–17 ബെൽത്തങ്ങടി ജ്ഞാനനിലയ പാസ്റ്ററൽ സെന്ററിൽ രൂപതയിലെ വൈദികർക്ക് വാർഷികധ്യാനം നയിച്ചു. ചങ്ങനാശേരി എസ്.ഡി. പ്രൊവിൻസ് ബെൽത്തങ്ങടി രൂപതയിൽ നടത്തുന്ന ആശുപത്രിയും ബാലികാ ഭവനും സന്ദർശിച്ചു.

19 സി.എം.ഐ. പ്രയർ ജനറലേറ്റിന്റെ ആഭിമുഖ്യത്തിൽ പരിശീലകർക്കായി ഓൺലൈനിലൂടെ നടത്തിയ *'Dynamics and Challenges of Formation in the Present Context'* എന്ന വിഷയത്തിൽ ക്ലാസെടുത്തു. കെ.സി.ബി.സി യുടെയും കെ.സി.എം.എസിന്റെയും നേതൃത്വത്തിൽ *'സന്യാസ ജീവിതവും മാനസിക പക്വതയും'* എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ *'Voice of Nuns'* വെബ്ബിനാറിൽ ക്ലാസെടുത്തു.

20 പാലാ രൂപത വിളക്കുമാടം ദൈവാലയത്തിൽ സീറോ മലബാർ സഭ കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കലിന്റെ സഹോദരി പിണമറുകിൽ അക്കമ്മ കുര്യന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ സഹ കാർമ്മികത്വം വഹിച്ചു. പാലാ രൂപതാകേന്ദ്രത്തിൽ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവിനെ സന്ദർശിച്ചു. കടവന്ത്ര ഇളംകുളം ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ നങ്ങച്ചിവീട്ടിൽ ശോശാമ്മ ആന്റണിയുടെ മൃതസംസ്കാര ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. കൊല്ലം ആവേമരിയ കൂട്ടായ്മ യുടെ നേതൃത്വത്തിൽ നടത്തിയ പ്രാർത്ഥനയിൽ അനുഗ്രഹപ്രഭാഷണം നടത്തി.

21 മരിയാപുരം മേരീമാതാ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരി കർമ്മം ചെയ്തു. പുന്നപ്ര ദനഹാലയായിൽ ക്ലാസെടുത്തു. വില്ലൂന്നി സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ കുടമാളൂർ ഫൊറോനാ വൈദിക സംഗമത്തിൽ പങ്കെടുത്തു.

22-24 ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ നടത്തിയ വിവിധ ഡിപ്പാർട്ടു മെന്റുകളുടെ അക്കൗണ്ട് പ്രെസൻന്റേഷനിൽ പങ്കെടുത്തു.

22 കോട്ടയം കടുവാക്കുളം തിരുഹൃദയ കോളേജ് ഓഫ് നേഴ്സിംഗ് ഗ്രാജു വേഷൻ സെറിമണി ഉദ്ഘാടനം ചെയ്തു ബിരുദധാരികൾക്ക് സർട്ടിഫി ക്കറ്റുകൾ വിതരണം ചെയ്തു.

23 മാമ്മൂട് ലൂർദ്ദ്മാതാ ഇടവകാംഗം കരിങ്ങണാമറ്റത്തിൽ സുബി ജോസഫി ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. മാമ്മൂട് സെന്റ് ഷന്താൾസ് ഗേൾസ് ഹൈസ്കൂളിൽ ആരംഭിച്ച സിവിൽ സർവീസ് കോച്ചിംഗ് സെന്ററിന്റെ കോൺവൊക്കേഷൻ സെറിമണിയും പുതിയ ബാച്ചിന്റെ അനൗൺസ്മെന്റും ഓൺലൈനിലൂടെ നിർവഹിച്ചു.

24 വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയുടെ നേതൃത്വ ത്തിൽ *"Responses to the Challenges of Pastoral Ministry"* എന്ന വിഷയത്തെ ആസ്പദമാക്കി സംഘടിപ്പിച്ച വെബ്ബിനാറിൽ ക്ലാസെടുത്തു.

25 കോൺഫറൻസ് ഓഫ് കാത്തലിക് സൈക്കോളജിസ്റ്റ് ഓഫ് ഇന്ത്യയുടെ *(CCPI)* ഇരുപത്തിരണ്ടാമത് നാഷണൽ കോൺഫറൻസ് ഉദ്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നൽകി.

26 തിരുവല്ലം തിരുഹൃദയ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു വചനസന്ദേശം നൽകി. തിരുവനന്തപുരം ലൂർദ്ദ് സെന്ററിൽ ഫൊറോനാ വികാരിമാരുടെ യോഗത്തിൽ പങ്കെടുത്തു.

27 അതിരൂപതാകേന്ദ്രത്തിൽ നടത്തിയ 'APOSTLE' മീറ്റിംഗിൽ പങ്കെടുത്തു.

28 കോട്ടയം സെന്റ് തോമസ് മലങ്കര കാത്തലിക് ഇടവകാംഗം പീടികയിൽ നേവിസ് സാജൻ മാത്യുവിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർ ത്ഥിച്ചു. നെടുംകുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാ ദൈവാലയ ത്തിൽ പതാലിൽ പി.എസ്. തോമസിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു.

# 72-ാം ചരമവാർഷികം



## ഭാഗ്യസ്മരണാർഹനായ
## അഭി. ജെയിംസ് കാളാശ്ശേരി പിതാവ്

**ഒക്ടോബർ 27, 2021**

**VEDAPRACHARA MADHYASTAN VOL.94 No.04 October 2021**

Date of Publication : 30-09-2021
Registered No. RN-3149/1957
Postal Regn No. KL/CHC/74/2021-23
Licence No. KL/CR/CHC/WPP-2/2021-23
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month



നാഥൻ നൽകിയ മാതൃകയാൽ
സ്നേഹോജ്ജ്വലരായ് നാമെല്ലാം
നശ്വരമായവ വെടിയേണം
നൃപനാമവനെയെതിരേൽക്കാൻ.

(ഏലിയാ സ്ലീവാ മൂശെ കാലങ്ങൾ, ഞായർ റംശാ)

Estd. 1928

Phone 2410101

Printed & Published by Fr Mathew Padinjarekuttu on behalf of Archbishop's House Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. Kerala - 686 101 from Archbishop's House, P.B. No. 20, Changanacherry, Kottayam Dist. Kerala - 686 101
Editor: Fr Issac Alencherry, Exe. Editor: Fr Jenny Kayamkulathusserry

E-mail: sjopresschry@gmail.com | Website: www.archdiocesechanganacherry.org